# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവല്ല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരുവല്ല-689101

ഇ-മെയിൽ: mltvla.ksad@kerala.gov.in

ഫോൺ : 0469-2965005

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.എൽ.എം.റ്റി.2/177/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരുവല്ല-689101
തീയ്യതി: 30/06/2022
ഇ-മെയിൽ: mltvla.ksad@kerala.gov.in
ഫോൺ: 0469-2965005

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരുവല്ല മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
റീജണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.റ്റി.എൽ.എം.റ്റി.2/177/2022 തീയ്യതി: 30/06/2022

## പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 55 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിന്ധു ജി. | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2021 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-10-2021 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ആർ ജയകുമാർ | ചെയർമാൻ | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡൈ്വസറി കമ്മറ്റി | ചെയർമാൻ | 12-11-2020 | 27-12-2020 |
| ശ്രീമതി. ബിന്ദു ജയകുമാർ | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ. സജികുമാർ വി. | സെക്രട്ടറി | 01-04-2020 | 25-01-2021 |
| ശ്രീമതി ബിന്ദു വേലായുധൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-01-2021 | 03-02-2021 |
| ശ്രീ. ജെ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 04-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജയകൃഷ്ണൻ ആർ. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അജി എസ്. കുമാർ | ഹെൽത്ത്സൂപ്പർവൈസർ (എച്ച്.ഐ. 1 ഗ്രേഡ്-ഇൻചാർജ്) | 01-04-2020 | 19-06-2020 |
| ശ്രീ സമിൽ ബാബു പി.വി. | ഹെൽത്ത്സൂപ്പർവൈസർ | 20-06-2020 | 31-03-2021 |
| ഡോ. അരുൺ പ്രസാദ് പി. | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 01-06-2020 |
| ഡോ. ചിത്ര ആർ | സീനിയർ വെറ്ററിനറി സർജൻ | 02-06-2020 | 04-09-2020 |
| ഡോ. ബിനു എം.കെ. | സീനിയർ വെറ്ററിനറി സർജൻ | 05-09-2020 | 31-03-2021 |
| ശ്രീമതി രാജശ്രീ രാജൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 12-11-2020 |
| ശ്രീമതി സിനു ഐ. പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-11-2020 | 31-03-2021 |
| ഡോ. എസ്. പമീല | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. അജയ് മോഹൻ | മെഡിക്കൽ ഓഫീസർ-അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ. പദ്മജ വി. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി സുഗതകുമാരി എ. | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| ശ്രീ. പോൾ സ്റ്റീഫൻ | കൃഷി ഫീൽഡ് ഓഫീസർ | 01-06-2020 | 31-03-2021 |
| ശ്രീമതി. സുജിത | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജു എസ്. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 26-10-2020 |
| ശ്രീ. മനു ആർ. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 27-10-2020 | 09-02-2021 |
| ശ്രീമതി മഞ്ജു എസ്. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 10-02-2021 | 31-03-2021 |
| ശ്രീമതി ബിന്ദുവേലായുധൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. രാജൻ ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 10-02-2021 |
| ശ്രീ. ക്ലെമന്റ് പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 11-02-2021 | 31-03-2021 |
| ശ്രീ. ഷാജഹാൻ യു. | ഹെഡ്മാസ്റ്റർ, | 01-04-2020 | 15-09-2020 |
| ശ്രീ. വിനോദ്കുമാർ കെ. | ഹെഡ്മാസ്റ്റർ, | 16-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: George P Mathew (Audit Officer (HG), On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 31-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Chandrasekharan.G (Asst. Audit Officer, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 13-05-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Chandrasekharan.G (Asst. Audit Officer, On 05-05-2022)<br>Last Updated By: George P Mathew (Audit Officer (HG), On 01-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Chandrasekharan.G (Asst. Audit Officer, On 05-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 28-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗത്തിലെ/സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: Arunkumar S (Senior Grade Auditor, On 11-05-2022)<br>Last Updated By: G.Sindhu (Deputy Director, On 25-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: George P Mathew (Audit Officer (HG), On 05-05-2022)<br>Last Updated By: George P Mathew (Audit Officer (HG), On 01-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Smitha T (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 28-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Chandrasekharan.G (Asst. Audit Officer, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 12-05-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Smitha T (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 31-05-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: George P Mathew (Audit Officer (HG), On 04-05-2022)<br>Last Updated By: George P Mathew (Audit Officer (HG), On 01-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Chandrasekharan.G (Asst. Audit Officer, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 12-05-2022) | 1-10 |
| 13 | രസീതുകളുടെ ഉപയോഗത്തിൽ കണ്ടെത്തിയ ന്യൂനതകൾ<br>Written By: Chandrasekharan.G (Asst. Audit Officer, On 09-05-2022)<br>Last Updated By: Chandrasekharan.G (Asst. Audit Officer, On 22-06-2022) | 1-11 |
| 14 | അനധികൃത കെട്ടിട നിർമ്മാണം - യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Arunkumar S (Senior Grade Auditor, On 30-04-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-12 |
| 15 | പൊളിച്ചുമാറ്റിയതായി രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കിയതിൽ നഷ്ടം ഉണ്ടായി<br>Written By: Chandrasekharan.G (Asst. Audit Officer, On 10-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 28-06-2022) | 1-13 |
| 16 | അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗത്തിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല<br>Written By: Arunkumar S (Senior Grade Auditor, On 31-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-13-1 |

| | | |
|---|---|---|
| 17 | ഹോംസ്റ്റേ ആയി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ഈടാക്കുന്നില്ല.<br>Written By: Arunkumar S (Senior Grade Auditor, On 30-04-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 1-14 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Arunkumar S (Senior Grade Auditor, On 30-04-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 1-15 |
| 19 | പൊതു ലേലം -അപാകതകൾ<br>Written By: Smitha T (Senior Grade Auditor, On 19-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-16 |
| 20 | വാടക ഇനത്തിലുള്ള വരവ് - അപാകതകൾ<br>Written By: Smitha T (Senior Grade Auditor, On 24-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-17 |
| 21 | വാടക- അക്ഷയ സെന്ററിന്റെ മുകളിലുള്ള ഓപ്പൺ ടെറസ് ഭാഗം വാടകയ്ക്ക് നൽകിയത് (ഫയൽ നം.R6/13225/2020) – അപാകതകൾ<br>Written By: Arunkumar S (Senior Grade Auditor, On 30-06-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 30-06-2022) | 1-17-1 |
| 22 | കുട്ടികളുടെ പാർക്ക് നടത്തിപ്പ് - നടപടികളിലെ അപാകതകൾ<br>Written By: Smitha T (Senior Grade Auditor, On 02-06-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-18 |
| 23 | ട്രേഡ്ലൈസൻസ്/ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി -വ്യാപാര സ്ഥാപനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല<br>Written By: Chandrasekharan.G (Asst. Audit Officer, On 10-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 1-19 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച്<br>Written By: Chandrasekharan.G (Asst. Audit Officer, On 10-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 1-20 |
| 25 | റോഡ് കട്ടിംഗ്- ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖലയ്ക്കായി GI പോളുകൾ സ്ഥാപിച്ചത്- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല, വാർഷിക വാടക പുതുക്കി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നു.<br>Written By: Chandrasekharan.G (Asst. Audit Officer, On 10-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 1-21 |
| 26 | സർക്കാർ അംഗീകരിച്ച വിലയിൽ നിന്നും കൂടിയ തുകയ്ക്ക് കസേരകൾ വാങ്ങി<br>Written By: Arunkumar S (Senior Grade Auditor, On 19-03-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-22 |
| 27 | സിഡ്കോയിൽ നിന്നും കസേരകൾ വാങ്ങിയതിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Arunkumar S (Senior Grade Auditor, On 19-03-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-23 |
| 28 | കോവിഡ് കെയർ സെന്റർ-ഭക്ഷണ വിതരണം കരാറുകാരൻ മുഖേന നടപ്പിലാക്കിയത്-നഗരസഭയുടെ ചെലവു കുറയ്ക്കാനുതകുന്ന രീതിയിൽ ക്വട്ടേഷൻ നടപടികൾ ക്രമീകരിച്ചില്ല , കരാർ വ്യവസ്ഥകൾ ലംഘിച്ചതു വഴി വിതരണം ചെയ്യാത്ത കുടിവെള്ളത്തിനും കരാറുകാരനു പണം നൽകി.<br>Written By: Chandrasekharan.G (Asst. Audit Officer, On 09-05-2022)<br>Last Updated By: G.Sindhu (Deputy Director, On 24-06-2022) | 1-24 |
| 29 | കുടിവെള്ള വിതരണം -വാഹന വാടക ഇനത്തിൽ 22400 രൂപയുടെ അധിക ചെലവ്<br>Written By: Chandrasekharan.G (Asst. Audit Officer, On 09-05-2022)<br>Last Updated By: G.Sindhu (Deputy Director, On 25-06-2022) | 1-25 |

| | | |
|---|---|---|
| 30 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹരായ ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിൽ വീഴ്ച വരുത്തുന്നു.<br>Written By: Chandrasekharan.G (Asst. Audit Officer, On 10-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-26 |
| 31 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ്-കുടിശ്ശിക തെറ്റായി ഡിമാന്റ് ചെയ്തതു വഴി നഗരസഭയ്ക്ക് അധിക ബാധ്യത<br>Written By: Chandrasekharan.G (Asst. Audit Officer, On 05-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-27 |
| 32 | അസറ്റ് രജിസ്റ്റർ ഡിജിറ്റലൈസേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: Arunkumar S (Senior Grade Auditor, On 19-03-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-28 |
| 33 | മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി വകയിരുത്തിയ തുക ചെലവഴിക്കുന്നില്ല<br>Written By: Arunkumar S (Senior Grade Auditor, On 07-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-29 |
| 34 | മാലിന്യ നിർമ്മാർജന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ അനുവദിച്ച 73.73 ലക്ഷം രൂപ ശുചിത്വമിഷൻ തിരിച്ചുപിടിച്ചു.<br>Written By: Arunkumar S (Senior Grade Auditor, On 07-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 1-29-1 |
| 35 | കരാർപ്രകാരമുള്ള സമയത്തിനുള്ളിൽ ഗുണഭോക്തൃലിസ്റ്റ്, മുൻകൂർ തുക കൈമാറിയില്ല<br>Written By: Arunkumar S (Senior Grade Auditor, On 07-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-29-2 |
| 36 | നഗരസഭാ ഫ്രണ്ട് ഓഫീസ് നവീകരണം (പ്രൊജക്റ്റ് നം. SO.191/20-21)- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: George P Mathew (Audit Officer (HG), On 01-06-2022) | 1-30 |
| 37 | തെരുവു വിളക്കുകൾ എൽ.ഇ.ഡി ആക്കുന്ന പദ്ധതി- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-31 |
| 38 | വിവിധ വാർഡുകളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-32 |
| 39 | യോഗക്ഷേമം ഗവ.എൽ.പി.എസ് മെയിന്റനൻസ്- നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-33 |
| 40 | 29-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം(വാർഡ്-12)- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-34 |
| 41 | കറ്റോട് സിമന്റ് ഗോഡൗൺ മുതൽ കറ്റോട് കാരിമല വരെ റോഡ് റീടാറിംഗ്(വാർഡ്-11)- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-35 |
| 42 | താലൂക്ക് ആശുപത്രി മോഡുലാർ ഓപ്പറേഷൻ തീയേറ്ററിന്റെ ജനലുകൾ | 1-36 |

| | | |
|---|---|---|
| | സ്ഥാപിക്കൽ, യു.പി.എസ് സ്ഥാപിക്കൽ- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | |
| 43 | മൃഗാശുപത്രിയുടെ ചുറ്റുമതിൽ പൂർത്തീകരണം- നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-37 |
| 44 | വെറ്ററിനറി ഹോസ്പിറ്റൽ ചുറ്റുമതിൽ ബാക്കിഭാഗം നിർമ്മാണം- നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-38 |
| 45 | നിലവിലുള്ള പ്രൈവറ്റ് ബസ്റ്റാന്റ് നവീകരണ പദ്ധതി- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 04-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-39 |
| 46 | നഗരസഭാ ഓഫീസ് മെയിന്റനൻസ്- നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 04-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-40 |
| 47 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി - അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-41 |
| 48 | വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പദ്ധതി- അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 25-04-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-42 |
| 49 | ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരങ്ങൾ ഇല്ല<br>Written By: George P Mathew (Audit Officer (HG), On 27-04-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-43 |
| 50 | മരാമത്ത് പ്രവൃത്തികൾ- തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസവും, ഫൈൻ ഈടാക്കാത്തതും സംബന്ധിച്ച്<br>Written By: George P Mathew (Audit Officer (HG), On 04-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-44 |
| 51 | നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: George P Mathew (Audit Officer (HG), On 04-05-2022)<br>Last Updated By: G.Sindhu (Deputy Director, On 25-06-2022) | 1-45 |
| 52 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: George P Mathew (Audit Officer (HG), On 04-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 1-46 |
| 53 | പനയപ്പള്ളി റോഡ് റീടാറിംഗ് - അപാകതകൾ<br>Written By: George P Mathew (Audit Officer (HG), On 11-05-2022)<br>Last Updated By: G.Sindhu (Deputy Director, On 25-06-2022) | 1-47 |
| 54 | മിനി എം.സി.എഫ് സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കണ്ടില്ല<br>Written By: George P Mathew (Audit Officer (HG), On 28-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 30-06-2022) | 1-48 |
| 55 | ബയോമെടിക് പഞ്ചിംഗ് സംവിധാനം - മെഷീൻ സ്ഥാപിക്കൽ മാത്രമായി പരിമിതപ്പെട്ടു<br>Written By: Chandrasekharan.G (Asst. Audit Officer, On 10-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-49 |

| | | |
|---|---|---|
| 56 | അഗതിരഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിക്കുന്നില്ല<br>Written By: Arunkumar S (Senior Grade Auditor, On 04-05-2022)<br>Last Updated By: George P Mathew (Audit Officer (HG), On 02-06-2022) | 1-50 |
| 57 | പി.എം.എ.വൈ. (ലൈഫ്) ഭവനനിർമ്മാണപദ്ധതി പുരോഗതി മന്ദഗതിയിൽ<br>Written By: Arunkumar S (Senior Grade Auditor, On 10-05-2022)<br>Last Updated By: George P Mathew (Audit Officer (HG), On 02-06-2022) | 1-51 |
| 58 | ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു<br>Written By: Arunkumar S (Senior Grade Auditor, On 04-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 28-06-2022) | 1-51-1 |
| 59 | ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് നഷ്ടം തിരികെ ഈടാക്കി<br>Written By: Chandrasekharan.G (Asst. Audit Officer, On 05-05-2022)<br>Last Updated By: G.Sindhu (Deputy Director, On 25-06-2022) | 1-52 |
| 60 | പാലിയേറ്റീവ് കെയർ പദ്ധതി - പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി നിഷ്ക്രിയാവസ്ഥയിൽ, പദ്ധതി പ്രവർത്തനങ്ങളിൽ ഏകോപനം ഇല്ല.<br>Written By: Chandrasekharan.G (Asst. Audit Officer, On 10-05-2022)<br>Last Updated By: George P Mathew (Audit Officer (HG), On 01-06-2022) | 1-53 |
| 61 | നെൽകൃഷിവികസനം- രേഖകളിലെ പൊരുത്തക്കേടുകളും അപാകതകളും<br>Written By: Smitha T (Senior Grade Auditor, On 25-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-54 |
| 62 | സുഭിക്ഷ കേരളം പദ്ധതി -തരിശുഭൂമിയിൽ കൃഷി- അപാകതകൾ<br>Written By: Smitha T (Senior Grade Auditor, On 02-06-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-54-1 |
| 63 | പട്ടികജാതി വികസന ഓഫീസർ മുഖേന നടപ്പിലാക്കിയ 'ലാപ് ടോപ്പ് വിതരണം ' പദ്ധതി- ലാപ് ടോപ്പുകളുടെ വിതരണം , ഗുണനിലവാരം എന്നിവ മോണിട്ടറിംഗിനു വിധേയമാക്കിയിട്ടില്ല<br>Written By: Chandrasekharan.G (Asst. Audit Officer, On 09-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-55 |
| 64 | പഠനമുറി പദ്ധതി -- വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ചില്ല.<br>Written By: Chandrasekharan.G (Asst. Audit Officer, On 09-05-2022)<br>Last Updated By: G.Sindhu (Deputy Director, On 27-06-2022) | 1-56 |
| 65 | സെൻടൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ളത് 10.68 കോടി രൂപ<br>Written By: Arunkumar S (Senior Grade Auditor, On 10-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 1-57 |
| 66 | ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു<br>Written By: Arunkumar S (Senior Grade Auditor, On 17-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 29-06-2022) | 1-58 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സർക്കാർ അംഗീകരിച്ച വിലയിൽ നിന്നും കൂടിയ തുകയ്ക്ക് കസേരകൾ വാങ്ങി<br>Written By: Arunkumar S (Senior Grade Auditor, On 02-06-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 30-06-2022) | 3-1 |
| 2 | കോവിഡ് കെയർ സെന്റർ-ഭക്ഷണ വിതരണം കരാറുകാരൻ മുഖേന നടപ്പിലാക്കിയത്-നഗരസഭയുടെ ചെലവു കുറയ്ക്കാനുതകുന്ന രീതിയിൽ ക്വട്ടേഷൻ നടപടികൾ ക്രമീകരിച്ചില്ല , കരാർ വ്യവസ്ഥകൾ ലംഘിച്ചതു വഴി | 3-2 |

| | | |
|---|---|---|
| | വിതരണം ചെയ്യാത്ത കുടിവെള്ളത്തിനും കരാറുകാരനു പണം നൽകി.<br>Written By: Arunkumar S (Senior Grade Auditor, On 02-06-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | |
| 3 | കുടിവെള്ള വിതരണം -വാഹന വാടക ഇനത്തിൽ 22400 രൂപയുടെ അധിക ചെലവ്<br>Written By: Arunkumar S (Senior Grade Auditor, On 02-06-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 3-3 |
| 4 | നഗരസഭാ ഫ്രണ്ട് ഓഫീസ് നവീകരണം (പ്രൊജക്ട് നം. SO.191/20-21)-അപാകതകൾ<br>Written By: Arunkumar S (Senior Grade Auditor, On 02-06-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 3-4 |
| 5 | കറ്റോട് സിമന്റ് ഗോഡൗൺ മുതൽ കറ്റോട് കാരിമല വരെ റോഡ് റീടാറിംഗ്(വാർഡ്-11)- അപാകതകൾ<br>Written By: Arunkumar S (Senior Grade Auditor, On 02-06-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 3-5 |
| 6 | പനയപ്പള്ളി റോഡ് ടാറിംഗ്-അധീക നിരക്ക് നൽകിയതുമൂലം നഷ്ടം<br>Written By: G.Sindhu (Deputy Director, On 25-06-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 3-6 |
| 7 | അനുവദനീയമായ അളവിനെക്കാൾ കൂടുതൽ നെൽവിത്ത് നൽകി-4065.6രൂപ നിരാകരിക്കുന്നു<br>Written By: G.Sindhu (Deputy Director, On 25-06-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 3-7 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 05-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: G.Sindhu (Deputy Director, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 05-05-2022) | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 05-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: G.Sindhu (Deputy Director, On 02-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 05-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 30-06-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 05-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: G.Sindhu (Deputy Director, On 30-06-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arunkumar S (Senior Grade Auditor, On 05-05-2022)<br>Last Updated By: Arunkumar S (Senior Grade Auditor, On 02-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2020-21 വർഷത്തെ ബഡ്ജറ്റ് 26.03.2020-ലെ 1-ാം നമ്പർ തീരുമാനം പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. മുന്നിരിപ്പുൾപ്പെടെ 92,00,24,540 രൂപ വരവും 83,27,99,000രൂപ ചെലവും 8,72,25,540 രൂപ നീക്കി ബാക്കിയുമുള്ള ബഡ്ജറ്റിനാണ് അംഗീകാരം ലഭിച്ചത്. 23.02.2021-ൽ ബഡ്ജറ്റ് പുതുക്കി അംഗീകരിച്ചിട്ടുമുണ്ട്. പുതുക്കിയ ബഡ്ജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 87,26,68,774 രൂപ വരവും 67,27,02,000 രൂപ ചെലവും നീക്കിബാക്കി 19,99,66,774 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.07.2021 |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ-B-17- എസ്.ബി.റ്റി. തനതു ഫണ്ട് (അക്കൗണ്ട് നം 57005045911) - ബാങ്ക് ബുക്ക് ബാലൻസും ബാങ്ക് സ്റ്റേറ്റ്മെന്റുമായി 72316രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-2 ൽ Poverty Alleviation Fund 5696212രൂപ എന്ന തെറ്റായ Liability രേഖപ്പെടുത്തിയിരിക്കുന്നു. ബാങ്ക് ബുക്ക് പ്രകാരം ചെലവഴിക്കാനുള്ള തുക82200 രൂപയാണ്.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ Grant For Projects 2500000രൂപ Liability രേഖപ്പെടുത്തിയിരിക്കുന്നു. Liability യുടെ ആധികാരികത ഉറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-6 ൽ Loans From Central Government എന്ന ഇനത്തിൽ 11566913 രൂപ Liability രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്ററിൽ ലോൺ സംബന്ധിച്ച് കൃത്യമായ കണക്കുകൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ Liability യുടെ ആധികാരികത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

5. ആസ്തികൾ ആർജ്ജിക്കുന്നതിനു വേണ്ടി ചെലവഴിച്ച തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-3 ൽ Capital Contribution എന്ന ഇനത്തിലേക്കു മാറ്റിയിട്ടില്ല. Income & Expenditure Statement- ലും തദനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 ൽ Deposits Received എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള ബാധ്യതകൾക്ക് കൃത്യതയില്ല. നീക്കിയിരുപ്പ് തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിൽ വാർഷിക സംക്ഷിപ്ത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

7. ഷെഡ്യൂൾ-B-11- Fixed Assets- ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ, ഷെഡ്യൂളിലെ വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ Loans, Advances And Deposits എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾക്ക് കൃത്യതയില്ല. രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ, നിർവ്വഹണ ഏജൻസികൾക്കു (കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി മുതലായവ) നൽകിയിട്ടുള്ള അഡ്വാൻസുകൾ അക്കൗണ്ട് ചെയ്തിട്ടുമില്ല.

9. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 ൽ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള നികുതി / നികുതിയേതര തുകകൾക്ക് കൃത്യതയില്ല. കൃത്യമായ ഡിമാന്റ് ഇല്ലാത്തതിനാൽ കിട്ടാനുള്ള തുകകളിലും വ്യത്യാസം നിലനിൽക്കുന്നു.

10. ഷെഡ്യൂൾ I-1, I-3, I-4(b) - നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ് തുകകൾ കൃത്യമായി

തിട്ടപ്പെടുത്തിയല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ Income & Expenditure Statement ൽ പ്രതിഫലിക്കുന്നത് ശരിയായ വരുമാനമല്ല.

വാർഷിക കണക്കിലെ മേൽപറഞ്ഞ അപാകതകൾ 2021-22 വർഷത്തെ വാർഷിക കണക്കുകളിൽ പരിഹരിക്കുന്നതാണെന്ന് 25.10.2021-ലെ എ1/7595/2021 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12,37,22,660/- |
| വരവ് | 42,46,27,383/- |
| ആകെ | 54,83,50,043/- |
| ചെലവ് | 443,1,56,420/- |
| നീക്കിയിരിപ്പ് | 10,51,93,623/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 840618/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,09,09,390/- |
| | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് /ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട്- ജനറൽ | ഇല്ല | 60405800 | 60405800 | 57315471 | | 3090329 | |
| വികസന ഫണ്ട് - എസ്.സി.പി | ,, | 18031000 | 18031000 | 14560917 | | 3470083 | |
| വികസന ഫണ്ട് - ടി.എസ്.പി | ,, | 772000 | 772000 | 150000 | | 622000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | | 35830000 | 35830000 | 10498713 | | 25331287 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ് ) | ഇല്ല | 91891767 | 91891767 | 46893860 | | 44997907 | |
| മെയിന്റനൻസ് , റോഡ് | ,, | 34436100 | 34436100 | 34282248 | | 153852 | |
| മെയിന്റനൻസ് , നോൺ-റോഡ് | ,, | 14638430 | 14638430 | 12170466 | | 2467964 | |

| | | | | | | | |
|---|---|---|---|---|---|---|---|
| പ്രത്യേക ഗ്രാന്റ് | | | | | | | |
| ശബരിമല ഇടത്താവളം | 2989124 | 1000000 | 3989124 | 439524 | -- | 3549600 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 596272 | 5107219 | 5703491 | 5621291 | | 82200 | |
| ക്ലീൻ കേരള | 1842264 | 55938 | 1898202 | -- | -- | 1898202 | |
| സ്ലോട്ടർ ഹൗസ് | 3290517 | 99955 | 3390472 | -- | | 3390472 | |
| ഇ.എം.എസ് . (ലൈഫ്) | 20960402 | 846801 | 21807203 | -- | -- | 21807203 | |
| സി.എഫ്.എൽ.സി. | 0 | 1007569 | 1007569 | 157987 | | 849622 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| പി .എം.എ.വൈ. | 6149475 | 12347177 | 18496652 | 15920000 | | 2576652 | |
| എൻ.യു .എൽ.എം. | 1201858 | 3212211 | 4414069 | 3174893 | | 1239176 | |
| യു.ഐ.ഡി. എസ്.എം.റ്റി. | 137266 | 4170 | 141436 | 0 | -- | 141436 | |
| സ്വച്ഛ് ഭാരത് മിഷൻ | 8307164 | 298478 | 8605642 | 23500 | -- | 8582142 | |
| ഐ.സി.ഡി.എസ്. | 3709454 | 1397721 | 5107175 | 1664788 | -- | 3442387 | |

## 1-4-1 ഗ്രാന്റ് വിനിയോഗത്തിലെ/സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1280000 |
| ,, | അങ്കണവാടി അധിക വേതനം | 2365200 |

2) താലൂക്ക് ഹോസ്പിറ്റൽ ഓപ്പറേഷൻ തിയേറ്റർ നിർമ്മാണത്തിന് മുൻവർഷങ്ങളിൽ ലഭിച്ച 25,00,000 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല.

3) പി.എം.എ.വൈ., എൻ.യു.എൽ.എം., യു.ഐ.ഡി.എസ്.എം.റ്റി, ഇ.എം.എസ്., സ്വച്ഛ്ഭാരത് മിഷൻ, ഐ.സി.ഡി.എസ്. എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

4) സംസ്ഥാനാവിഷ്കൃത ഫണ്ട് ചെലവഴിച്ചിട്ടില്ല

സംസ്ഥാനാവിഷ്കൃതഫണ്ടിൽ ഉൾപ്പെടുന്ന ക്ലീൻ കേരള, സ്ലോട്ടർ ഹൗസ്, ഇ.എം.എസ് (ലൈഫ്) എന്നീ ഇനങ്ങളിൽ തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 509 | 402416766 | 328 | 208037073 | 34 | 147 | 71 |

(2) 2020-21-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 6 | 6 | 2340000 | 2321774 |
| 2 | കൃഷി ഫീൽഡ് ഓഫീസർ | 12 | 12 | 5863040 | 5715250 |
| 3 | സെക്രട്ടറി | 28 | 22 | 16745596 | 13759039 |
| 4 | സീനിയർ വെറ്ററിനറി സർജൻ | 10 | 9 | 2261400 | 1535100 |
| 5 | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 32 | 17 | 68434593 | 21403466 |
| 6 | പട്ടികജാതിവികസന ഓഫീസർ | 17 | 13 | 14263300 | 8822102 |
| 7 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 11 | 10 | 9776365 | 6482242 |
| 8 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 1487000 | 733139 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 11217473 | 10184732 |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 5 | 5 | 615000 | 612815 |
| 11 | ഹെഡ്മാസ്റ്റർ | 4 | 2 | 519221 | 223500 |
| 12 | വ്യവസായ വികസന ഓഫീസർ | 6 | 3 | 3390000 | 555000 |
| 13 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 16 | 5 | 49102166 | 8156632 |
| 14 | അസിസ്റ്റന്റ് എഞ്ചിനീയർ | 350 | 247 | 216401612 | 127532282 |
| | ആകെ | 509 | 362 | 402416766 | 208037073 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 596272 | Xx | Xx | 415862 | 82200 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 50,00,000<br>49338<br>57881 | 5703491 | 5205429 | |
| ആകെ | 596272 | 5107219 | 5703491 | 5621291 | 82200 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6685600 | 458 |
| വിധവാപെൻഷൻ | 17356800 | 1211 |
| വാർദ്ധക്യകാല പെൻഷൻ | 52616000 | 3677 |
| വികലാംഗ പെൻഷൻ | 5053600 | 359 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1162400 | 81 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് കാലയളവിൽ വിവിധ തീയതികളിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ബാലൻസ് കാഷിന്റെ വിവരം (രൂപ) |
|---|---|---|
| 1 | 28.10.2021 | 145620 |
| 2 | 27.11.2021 | 46685 |
| 3 | 27.12.2021 | 246700 |
| 4 | 18.02.2022 | 234724 |
| 5 | 30.03.2022 | 1285568 |
| 6 | 25.04.2022 | 236560 |

1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

## 1. ബജറ്റ്

ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**എ)** സമയക്രമം പാലിക്കുന്നില്ല. ബജറ്റ് അവതരണവും പാസ്സാക്കലും സാമ്പത്തിക വർഷത്തിന്റെ അവസാന തീയതിയിലേക്ക് നീളുന്നു. മാർച്ച് മാസത്തിലാണ് 2020-21 വർഷത്തെ ബജറ്റ് രൂപീകരണ പ്രക്രിയ നടന്നത്. എല്ലാ വർഷവും ജനുവരി 15-നോ അതിന് മുമ്പോ ബജറ്റ് രൂപീകരണ പ്രക്രിയ ആരംഭിക്കേണ്ടതും ശരിയായ രീതിയിൽ ചർച്ച നടത്തേണ്ടതും സർക്കാർ അവലംബിക്കുന്ന രീതിയിൽ ഫെബ്രുവരി മാസത്തിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്. (1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 285മുതൽ 293 വരെയുള്ള ചട്ടങ്ങൾ).

**ബി)** ബജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തങ്ങളുടെ ചുമതലകൾ പൂർണ്ണമായും നിറവേറ്റിയിട്ടില്ല. എല്ലാ മാസവും നടത്തേണ്ടതായ പ്രതിമാസ അവലോകനം, ബജറ്റ് റിവിഷൻ എന്നിവ സമയബന്ധിതമായി നടത്തുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ ആവശ്യമായ തുക

സംബന്ധിച്ച് കണക്കുകൾ തയ്യാറാക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥരും അവർക്ക് ആവശ്യമായ തുക എത്രയെന്ന് തിട്ടപ്പെടുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറുന്നില്ല.

**സി)** എല്ലാ ഫണ്ടിനങ്ങളുടേയും വിശദമായ ബജറ്റ് തയ്യാറാക്കുന്നില്ല. കൺസോളിഡേറ്റഡ് ബജറ്റിന് പുറമേ റവന്യ വരവ്/ചെലവ്, മൂലധന വരവ്/ചെലവ്, ലോൺ തിരിച്ചടവ്, ലോണുകളും അഡ്വാൻസുകളും, നിക്ഷേപങ്ങളും തിരിച്ചടവും, ഇൻവെസ്റ്റ്മെന്റ്സ് മുതലായ വസ്തുതകളെപ്പറ്റിയും സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല.

**ഡി)** വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരുമായി വിശദമായ ചർച്ച നടത്തുകയോ, ബജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. വാർഡ് സഭയിൽ ഉരുത്തിരിഞ്ഞു വരുന്ന ചർച്ചകൾക്കും പദ്ധതികൾക്കും പ്രാമുഖ്യം നൽകേണ്ടതും പ്രധാന സ്റ്റേക്ക് ഹോൾഡർ എന്ന നിലയിൽ അവരുടെ ആവശ്യങ്ങൾക്ക് ബജറ്റിൽ പ്രാധാന്യം നൽകേണ്ടതും നടപ്പാക്കേണ്ടതുമാണ്.

**ഇ)** റവന്യൂ, നോൺ-റവന്യൂ എന്നിവയുടെ ഡിമാന്റ് കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാത്തതു മൂലം, ആയത് ബജറ്റ് രേഖകളിലും പ്രതിഫലിക്കുന്നു. ബജറ്റ് സോഫ്റ്റ്‌വെയറായ 'സുഭദ്ര' പ്രവർത്തനക്ഷമമാക്കേണ്ടതും സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്യേണ്ടതുമാണ്.

**എഫ്)** വാർഷിക പദ്ധതി അംഗീകാരത്തിനനുസൃതമായി ബജറ്റ് പുനക്രമീകരിക്കപ്പെടുന്നില്ല.

**ജി)** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂമിശാസ്ത്രപരം, സാമൂഹിക സവിശേഷത എന്നിവ പരിഗണിച്ച് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല.

**എച്ച്)** ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകൾക്ക് യഥാർത്ഥ വരവു ചെലവുകളുമായി ബന്ധമില്ല. വരുമാന സ്രോതസ്സ് കണ്ടെത്താതെയാണ് പദ്ധതി തുക വകയിരുത്തുന്നത്. ബജറ്റിന് യാഥാർത്ഥ്യവുമായി പലപ്പോഴും ബന്ധം ഇല്ലാതാകുന്നു. വർഷങ്ങളായി ബജറ്റിൽ ഉൾപ്പെടുത്തുന്ന പല ഇനങ്ങളും നാളിതുവരെ ആരംഭിക്കാൻ പോലും കഴിഞ്ഞിട്ടില്ല.

## 2. <u>പൊതുനിയന്ത്രണങ്ങൾ (ജനറൽ കൺട്രോൾസ്)</u> .

നഗരസഭയുടെ പൊതുനിയന്ത്രണ സംവിധാനങ്ങൾ പൊതുവെ തൃപ്തികരമാണെന്ന് പറയാനാവില്ല. സെക്ഷൻ ജീവനക്കാർ പേഴ്സണൽ രജിസ്റ്ററിൽ തപാൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയോ എല്ലാ മാസവും പേഴ്സണൽ രജിസ്റ്റർ സൂപ്പർവൈസറി ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്കായി സമർപ്പിക്കുകയോ ചെയ്യുന്നില്ല. സെക്ഷനുകൾ നിർവ്വഹിക്കുന്ന ജോലികൾ സെക്ഷൻ സൂപ്രണ്ടുമാർ യഥാസമയം അവലോകനം നടത്തുകയോ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല എന്ന് പല ഫയലുകളുടെയും പരിശോധനയിൽ വ്യക്തമായി. തീയതികൾ രേഖപ്പെടുത്താതെയാണ് പലപ്പോഴും ഫയൽ നോട്ടുകൾ എഴുതുന്നത്. തപാലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. നഗരസഭയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതായ സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്ന് കമ്മറ്റികളുടെ മിനിറ്റ്സിൽ നിന്നും മനസ്സിലാകുന്നു. മുൻവർഷ റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുള്ളതാണെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

3. <u>അക്കൗണ്ടിംഗ് സമ്പ്രദായം, ക്യാഷ് & ബാങ്ക് എന്നിവയിന്മേലുള്ള നിയന്ത്രണം</u>

ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ അതാതു ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ അതാതു ദിവസം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതി/നികുതിയേതര വരുമാനങ്ങൾ അതാതു വർഷം തന്നെ ഡിമാന്റ് നിർണ്ണയിച്ച് അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഇക്കാരണങ്ങളാൽ നഗരസഭയുടെ

ഓരോ ദിവസത്തേയും സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് നിലവിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ലെഡ്ജർ അക്കൗണ്ടുകൾ കൃത്യമായ ഇടവേളകളിൽ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ മാസാന്ത്യത്തിൽ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ, കാഷ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങളും മാന്വലും അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും നഗരസഭ സ്വീകരിക്കുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ടി വിഷയങ്ങളിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

4. വരുമാനങ്ങളിന്മേലുള്ള നിയന്ത്രണം

വരവിനങ്ങളുടെ ഡി.സി.ബി. കൃത്യമായി തയ്യാറാക്കുന്നില്ല. വസ്തുനികുതിയുടെ ദിവസേനയുള്ള മാറ്റങ്ങൾക്കനുസരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് കൃത്യമായി നൽകാത്തതിനാൽ ടി ഇനത്തിന്റെ കണക്കിലും കൃത്യതയില്ല.

## 5. നികുതി - നികുതിയേതര വരുമാനങ്ങളിന്മേലുള്ള നിയന്ത്രണം

വരുമാനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. കുടിശ്ശികയായ തുകകൾ കൃത്യമായി കണക്കാക്കാത്തതിനാലും തുടർനടപടികൾ യഥാസമയം സ്വീകരിക്കാത്തതിനാലും വാർഷിക കണക്കുകളിലെ ബന്ധപ്പെട്ട തുകകളുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

ഓരോ വർഷവും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റും നഗരസഭയിലില്ല.

നഗരസഭയുടെ ആസ്തികൾ വാടകയ്ക്ക് കൈമാറുന്നതിലും നഷ്ടം സംഭവിക്കുന്നുണ്ട്. യഥാസമയം പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി ഉപയോഗയോഗ്യമാക്കി കൈമാറാത്തതു മൂലം വാടകയിനത്തിൽ നഗരസഭയ്ക്ക് വലിയ നഷ്ടമുണ്ടാകുന്നുണ്ട്.

6. മരാമത്ത് പ്രവൃത്തികളിന്മേലും വാങ്ങലുകളിന്മേലുമുള്ള നിയന്ത്രണം

ആസ്തികളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ (കാലികമാക്കൽ) നടത്തുന്നില്ല. ആസ്തി രജിസ്റ്ററുകളിലും സ്റ്റോക്ക് രജിസ്റ്ററിലും മൂല്യനിർണ്ണയം രേഖപ്പെടുത്തിയും കാലികമാക്കിയും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. വാർഷികമായി സ്റ്റോക്ക് രജിസ്റ്ററിലെ ഇനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നില്ല.
മരാമത്ത് പ്രവത്തികളുടെ ടെണ്ടർ/ക്വട്ടേഷൻ പരസ്യങ്ങൾക്ക് വേണ്ടത്ര പ്രചാരണം നൽകാത്തതുമൂലം, ലഭ്യമാകുന്ന ടെണ്ടർ/ക്വട്ടേഷനുകൾ ഒന്നോ രണ്ടോ എണ്ണം മാത്രമാണ്. മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല എന്നു മാത്രമല്ല, ഇത് ഏതാനും കരാറുകാരെ സഹായിക്കുന്ന രീതിയിലേക്ക് മാറാൻ കാരണമാകുന്നു. കൂടുതൽ പ്രചാരമുള്ള പത്രങ്ങളിൽ പരസ്യം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതും, യഥാസമയം പൂർത്തീകരിക്കാത്തതുമായ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കുകയോ, ബ്ലാക്ക് ലിസ്റ്റിംഗ് ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. കരാറുകാർ ടെണ്ടർ നോട്ടീസുകളിൽ യഥാസമയം പ്രതികരിക്കാതിരിക്കുകയും, പിന്നീട് റീ-ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത് പ്രവൃത്തി നേടിയെടുക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നു. നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല എന്നത് വ്യക്തമാണ്. പ്രവൃത്തി ഏറ്റെടുക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വിമുഖത കാണിക്കുന്ന കരാറുകാരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല. ആയതിനാൽ പ്രവൃത്തിയുടെ ആവശ്യകതയെ സംബന്ധിച്ച് വ്യക്തതയില്ല. നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാണിച്ച

കൊണ്ട് എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്ന പ്രവണത ശരിയല്ല. ആയത് കരാറുകാരെ സഹായിക്കുന്ന നടപടിയാണ്.

ഫയലുകളിൽ നോട്ട് എഴുതുമ്പോൾ തീയതി വെയ്ക്കാതെയിരിക്കുന്നതായി പല ഫയലിലും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിന്മേലുള്ള നിയന്ത്രണം

നഗരസഭാ ജിവനക്കാരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇൻക്യുമ്പെൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ മേൽവിലാസം, ജോലി ചെയ്ത കാലയളവ്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിലാസം, കാലയളവ് എന്നിവ നഗരസഭയിൽ കൃത്യമാക്കി സൂക്ഷിക്കുന്നില്ല.

നഗരസഭാ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മുൻകാലങ്ങളിലെ ശമ്പള പരിഷ്കരണങ്ങൾ അംഗീകരിക്കുന്നതിനായി രേഖകൾ യഥാസമയം ഓഡിറ്റിൽ ലഭ്യമാക്കുന്നുമില്ല. ജീവനക്കാർ റിട്ടയർ ചെയ്യാറാകുമ്പോഴാണ് പല സർവീസ് ബുക്കുകളും അംഗീകാരത്തിനായി ഓഡിറ്റിൽ ലഭ്യമാക്കുന്നത്. വ്യത്യസ്ത ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തുന്നുണ്ട്.

8. ആസ്തികളിന്മേലുള്ള നിയന്ത്രണം

ഓഡിറ്റിൽ പല പ്രാവശ്യം നിർദ്ദേശിച്ചിട്ടും ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ല. വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയ ഒരു ആസ്തി രജിസ്റ്ററാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. ആർജ്ജിച്ച ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അതനുസരിച്ച് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്നില്ല. നഗരസഭയുടെ ആസ്തികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഇല്ലാത്തതിനാൽ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുന്നത് നഗരസഭയുടെ ആസ്തികളിൽ തന്നെയാണോ എന്ന് ഉറപ്പു പറയാനാവില്ല.

നഗരസഭയുടെ ആസ്തികൾ സംരക്ഷിക്കുന്നതിൽ അലംഭാവമുണ്ട്. നഗരസഭാ സ്റ്റേഡിയം, പ്രൈവറ്റ് ബസ്സ്റ്റാന്റ്, പഴയ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയോട് ചേർന്നുള്ള വസ്തുക്കൾ അതിര് തിരിച്ച് കെട്ടി സംരക്ഷിച്ചിട്ടില്ല. ആയത് അനധികൃത കൈയ്യേറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. ലക്ഷങ്ങൾ വിലമതിക്കുന്ന ഭൂമി മറ്റ് സർക്കാർ വകുപ്പുകൾക്ക് സൗജന്യമായി വിട്ടു നൽകുകയും, നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് സ്ഥലമില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ആസ്തി വർദ്ധിപ്പിക്കുന്നതിലും അലംഭാവമുണ്ട്.

9. ആഭ്യന്തര നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പങ്ക്

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22 (ഡി) 1 മുതൽ 10വരെയുള്ള ഖണ്ഡികകളിൽ ഒരു മുനിസിപ്പൽ കൗൺസിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവചിച്ചിട്ടുണ്ട്. എന്നാൽ ഇവ കൃത്യമായ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തുന്നില്ല.

വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയോ, ചെലവുകൾ ബഡ്ജറ്റിന് അനുസൃതമായാണോ ചെയ്തിട്ടുള്ളതെന്ന് പരിശോധിക്കുകയോ, ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുകയോ, നഗരസഭയ്ക്ക് ലഭിക്കേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകയുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയോ, നഗരസഭയുടെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുകയോ, മാസംതോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും നീക്കിയിരുപ്പു തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തവും പരിശോധിക്കുകയോ ചെയ്യുന്നില്ല എന്ന് ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വ്യക്തമാകുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.03.2021 മുതൽ 05.04.2021 വരെ | 2015-16 മുതൽ 2019-20 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2021 മുതൽ 04.03.2021 വരെ | 01.04.2018 മുതൽ 20.09.2020 വരെ | 03.11.2021 |

## 1-11 രസീതുകളുടെ ഉപയോഗത്തിൽ കണ്ടെത്തിയ ന്യൂനതകൾ

രസീത് പ്രകാരമുള്ള പണം പിരിവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) മാർക്കറ്റ് ഫീസ് പിരിയ്ക്കുന്നതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥനു (LDC/BC) അനുവദിച്ച നൽകിയിട്ടുള്ള രസീതുബുക്കുകൾ ഉപയോഗിച്ച് മറ്റു ഉദ്യോഗസ്ഥർ മാർക്കറ്റ് ഫീസ് പിരിവ് നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് ബുക്ക് നം. / ഇഷ്യൂ തീയതി | രസീത് ബുക്ക് അനുവദിച്ച നൽകപ്പെട്ട ഉദ്യോഗസ്ഥൻ | പ്രസ്തുത രസീത് ബുക്ക് ഉപയോഗിച്ചിട്ടുള്ള മറ്റു ഉദ്യോഗസ്ഥരുടെ വിവരം |
|---|---|---|---|
| 1 | 170/ 14.09.21 | അഭിമന്യു . ആർ.എസ്. | ഹരികൃഷ്ണൻ.ജി , മുഹമ്മദ് ഹഫീസ് |
| 2 | 175/ 24.09.21 | അഭിമന്യു . ആർ.എസ്. | ഹരികൃഷ്ണൻ. ജി , മുഹമ്മദ് ഹഫീസ് |
| 33 | 179/ 06.10.21 | മുഹമ്മദ് ഹഫീസ് | വരുൺ എം നായർ , അഭിമന്യു .ആർ.എസ്. |
| 4 | 181/ 21.10.21 | മുഹമ്മദ് ഹഫീസ് | വരുൺ എം നായർ |
| 5 | 183/ 30.10.21 | മുഹമ്മദ് ഹഫീസ് | അഭിമന്യു .ആർ.എസ്. |
| 6 | 195/ 02.12.21 | അഭിമന്യു . ആർ.എസ്. | മുഹമ്മദ് ഹഫീസ്, വരുൺ എം നായർ |

ഒരു ഉദ്യോഗസ്ഥന അനുവദിച്ച നൽകുന്ന രസീതു ബുക്കുകൾ ഉപയോഗിച്ച് മറ്റു ഉദ്യോഗസ്ഥർ പിരിവു നടത്തുന്നത് തെറ്റായ നടപടിയാണ്.

2) ക്യാൻസൽ ചെയ്യുന്ന രസീതുകൾ അധികാരപ്പെട്ട മേൽ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാൻസൽ ചെയ്യുന്ന രസീതുകൾ മേൽ ഉദ്യാഗസ്ഥർ സാക്ഷ്യപ്പെടുത്താതിരിക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം | രസീത് ബുക്ക് നം | രസീത് നമ്പർ / തീയതി |
|---|---|---|
| 1 | 181 | 18001 / 22 -10-21 |
| 2 | 181 | 18002 /22-10-21 |

മേൽ വിഷയങ്ങളിൽ വിശദീകരണം നൽകുന്നതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.12/31.12.2021 ) മറുപടി ഹാജരാക്കിയിട്ടുണ്ട്. മാർക്കറ്റ് ഫീസ് പിരിവിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അവധിയിലായിരുന്ന സാഹചര്യത്തിലാണ് അവർക്ക് നൽകിയ രസീത് ബുക്കുകൾ ഉപയോഗിച്ച് മറ്റ് ഉദ്യോഗസ്ഥർ മാർക്കറ്റ് ഫീസ് പിരിവ് നടത്തിയിട്ടുള്ളതെന്നും, പ്രസ്തുത രീതി അവസാനിപ്പിച്ചിട്ടുള്ളതായും , കൂപ്പൺ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലാണെന്നും മറുപടി നൽകി. ക്യാൻസൽ ചെയ്യുന്ന രസീതുകൾ നിലവിൽ സാക്ഷ്യപ്പെടുത്തി വരുന്നതായും മേൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. രസീതുകളുടെ ഉപയോഗം കാര്യക്ഷമമാക്കാൻ വിവിധ തലങ്ങളിലുള്ള കൃത്യമായ മേൽ നോട്ടവും ഇടപെടലും അനിവാര്യമാണ്. വിഷയത്തിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 അനധികൃത കെട്ടിട നിർമ്മാണം - യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.

നഗരസഭയിലെ വാർഡ് 33 ൽ രാമപുരം മാർക്കറ്റിനു സമീപം എം.ജി. ശാമുവൽ, ആലുംമൂട്ടിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 318, 318(1), 320 നമ്പർ കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുള്ളതായും, പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളതായും സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( നം 28/ 08-04-22 ) , നിലവിലുള്ള കെട്ടിങ്ങൾ പൊളിച്ചു മാറ്റിയതായി ഉടമസ്ഥൻ നഗരസഭയ്ക്കു അറിയിപ്പ് നൽകിയിട്ടില്ലായെന്നും ,പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടില്ലായെന്നും,പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ ലഭിച്ചിട്ടില്ലായെന്നും, അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. നഗരസഭയുടെ അനുമതി ഇല്ലാതെയുള്ള ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നഗരസഭയ്ക്കു വരുമാന നഷ്ടം ഉണ്ടാക്കുകയും നഗരവികസനത്തിനു ഭാവിയിൽ വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ ഫീൽഡ് സ്റ്റാഫ് ഉൾപ്പെടെയുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനു കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്. അനധികൃത നിർമ്മാണം നീക്കംചെയ്യുന്നതിനോ/ നിയമാനുസൃത ഫീസ് ഈടാക്കി ക്രമവല്ക്കരിക്കുന്നതിനോ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേ ണ്ടതാണ്. വിഷയം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

## 1-13 പൊളിച്ചുമാറ്റിയതായി രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കിയതിൽ നഷ്ടം ഉണ്ടായി

നഗരസഭയിലെ വാർഡ് 23 ൽ (തിരുവല്ല വില്ലേജിൽ 188/9 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത്) കുരിശുകവലയ്ക്കു സമീപം 255.04 ച.മീറ്റർ വിസ്തീർണ്ണമുള്ള താല്കാലിക ഷെഡ് നിർമ്മിക്കുന്നതിനുള്ള ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനു, ഡാൻ വർഗ്ഗീസ് ചെറിയാൻ, കണ്ടങ്കേരിൽ ഹൗസ്, നിരണം സെൻട്രൽ എന്ന വ്യക്തി 08-09-20 ൽ അപേക്ഷ നൽകിയിരുന്നു. 11-09-20 ൽ നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുകയും 16-09-20 ൽ കെട്ടിടത്തിനു Occupancy Certificate നൽകുകയും ചെയ്തിട്ടുണ്ട്. താല്കാലിക കെട്ടിടത്തിനുള്ള Occupancy Period 16-09-20 മുതൽ 3 മാസത്തേയ്ക്കാണ് നൽകിയിരുന്നത്. കെട്ടിടത്തിനു 23/ 30(1) നമ്പർ നൽകി 22443 രൂപ

വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടവുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ച തുടർനടപടികൾ ചുവടെ ചേർക്കുന്നു. (ഫയൽ നം : R2 -10956 / 21)

1) 3 മാസത്തെ കാലാവധി അവസാനിക്കുന്ന17-12-20 ൽ ഉടമസ്ഥൻ കെട്ടിടം പൊളിച്ചു മാറ്റി പ്രസ്തുത വിവരം നഗരസഭയെ അറിയിക്കുകയോ, കെട്ടിടം പൊളിച്ചു മാറ്റുന്നതിനു നഗരസഭ ഉടമസ്ഥനു നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല.

2) 14-07-21 ൽ റവന്യൂ ഇൻസ്പെക്ടർ നൽകിയ റിപ്പോർട്ടിൽ 2021 ഏപ്രിലിൽ കെട്ടിടം പൊളിച്ചു മാറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിടം പൊളിച്ചു മാറ്റിയതിനു മുൻകാല പ്രാബല്യം നൽകിയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.

3) 2021 ഏപ്രിലിൽ കെട്ടിടം പൊളിച്ചു മാറ്റിയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ അസസ്സ്മെന്റ് 2021-22 ഒന്നാം അർദ്ധ വർഷം മുതൽ റദ്ദാക്കാമെന്ന് 14-07-21 ൽ റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2021-22 ഒന്നാം അർദ്ധ വർഷം മുതൽ വസ്തുനികുതി ഒഴിവാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 (3) പ്രകാരം, കെട്ടിടം പൊളിച്ചു മാറ്റുന്നത് ഏത് അർദ്ധവർഷമാണോ, പ്രസ്തുത അർദ്ധവർഷത്തെ വസ്തു നികുതി കൂടി ഈടാക്കേണ്ടതുണ്ട്. 2021 ഏപ്രിലിൽ കെട്ടിടം പൊളിച്ചു മാറ്റിയതിനാൽ 2021-22 ഒന്നാം അർദ്ധവർഷം 11222 രൂപ വസ്തുനികുതി + L.C + S.C ഈടാക്കേണ്ടിയിരുന്നുവെങ്കിലും ആയതു ഒഴിവാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( നം 23 / 05-04-22) നൽകിയ മറുപടിയിൽ, കെട്ടിടം പൊളിച്ചു മാറ്റിയ വിവരം ഉടമ നഗരസഭയെ അറിയിച്ചിരുന്നില്ലായെന്നും, റവന്യൂ ഇൻസ്പെക്ടർ സ്ഥല പരിശോധനയിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കിയതാണെന്നും പരാമർശിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത മറുപടി കെട്ടിടം പൊളിച്ചു മാറ്റിയതിനു മുൻകാല പ്രാബല്യം നൽകിയതിനെ സാധൂകരിക്കുന്നില്ല. 2021-22 ഒന്നാം അർദ്ധവർഷത്തിലെ വസ്തുനികുതി കെട്ടിട ഉടമയിൽ നിന്ന് ഈടാക്കാത്തപക്ഷം തെറ്റായ റിപ്പോർട്ട് നൽകിയ റവന്യൂ ഇൻസ്പെക്ടറിൽ നിന്നും ഈടാക്കുന്നതിനു ശുപാർശ ചെയ്യുന്നു.

## 1-13-1 അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗത്തിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല

23/30(1)നം താത്ക്കാലിക കെട്ടിടം പൊളിച്ചുമാറ്റിയ സ്ഥലത്ത് 148.77 ച.മീ. വിസ്തീർണ്ണമുള്ള പുതിയ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 12.11.2021-ൽ ബി.പി. 159/21-22 നമ്പരായി പുതിയ പെർമിറ്റ് അനുവദിക്കുകയും 29.11.2021-ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തറ വിസ്തീർണ്ണം | 148.77 ച.മീ. |
| അടിസ്ഥാന വസ്തുനികുതി @ Rs.80/- | 11902 രൂപ |
| മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ഇളവ് - 10% | 1190 |
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 2380 |
| അടിസ്ഥാന വാർഷിക വസ്തു നികുതി | 13092 രൂപ |
| ഗ്രന്ഥശാല വരി | 655 |
| സേവന ഉപനികുതി | 1310 |
| ആകെ | 15057 |

എന്നാൽ 06.04.2022-ൽ നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 252.24 ച.മീറ്ററാണെന്ന് ബോദ്ധ്യപ്പെട്ടു. ആയത് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 103.47 ച.മീ. ഏരിയ അധികമായി കൂട്ടി ചേർത്തിരിക്കുന്നു.

നിലവിലുള്ള കെട്ടിടത്തിന് ബാധകമായ വസ്തുനികുതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| തറ വിസ്തീർണ്ണം | 252.24 ച.മീ. |

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി @ Rs.80/- | 20180രൂപ |
| മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ഇളവ് - 10% | 2018 |
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 4036 |
| അടിസ്ഥാന വാർഷിക വസ്തു നികുതി | 22198 രൂപ |
| ഗ്രന്ഥശാല വരി | 1110 |
| സേവന ഉപനികുതി | 2220 |
| ആകെ | 25528 |

(ആകെ 10471 രൂപയുടെ കുറവ്.)

മുമ്പുണ്ടായിരുന്ന താൽക്കാലിക ഷെഡ് തന്നെയാണ് തറവിസ്തീർണ്ണം കുറവായി കാണിച്ച് നികുതി കുറച്ച് അസസ്സ് ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ കെട്ടിടം പരിശോധിക്കേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (25528x3= 76584 രൂപ പ്രതിവർഷം). അല്ലാത്തപക്ഷം വരവ് നഷ്ടമായി കണക്കാക്കി ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇത് കൂടാതെ കെട്ടിടത്തിന്റെ മുൻവശത്ത് 140.17 ച.മീ. സ്ഥലത്ത് ജി.ഐ. ഷീറ്റ് കൊണ്ട് മേൽക്കൂര നിർമ്മാണം നടത്തിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിൽ കാർ പാർക്കിംഗിന് കാണിച്ചിട്ടുള്ള ഭാഗം ഉൾപ്പെടെയുള്ള സ്ഥലത്താണ് റൂഫ് നിർമ്മാണം നടത്തിയിട്ടുള്ളത്. അനധികൃതമായി നിർമ്മാണം നടത്തിയ ഏരിയ പൊളിച്ച് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഹോംസ്റ്റേ ആയി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ഈടാക്കുന്നില്ല.

താമസിക്കുന്ന വീടിനൊപ്പമുള്ള മുറികളിൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം നൽകുന്ന കെട്ടിടങ്ങളെ റെസിഡൻഷ്യൽ ഹോംസ്റ്റേ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 08.09.2020-ലെ സ.ഉ.(അ) നമ്പർ 52/2020 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിലെ കെട്ടിടങ്ങളിലെ റെസിഡൻഷ്യൽ ഹോംസ്റ്റേ ഒഴികെയുള്ള ഭാഗത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കുകൾ ബാധകമാകുന്നതാണെന്നും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ട്. തിരുവല്ല നഗരസഭ പരിധിയിൽ ഹോംസ്റ്റേകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 35 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഒരു കെട്ടിടത്തിന് മാത്രമേ റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിൽ നികുതി ഈടാക്കുന്നുള്ളൂ ( കെട്ടിട നം-36/676-മാങ്കുളങ്ങര ഹോംസ്റ്റേ). എന്നാൽ ചുവടെ ചേർത്തിട്ടുള്ള ഹോംസ്റ്റേകൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ഹോംസ്റ്റേയുടെ പേര് | വിലാസം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | അപ്പൂസ് ഹോംസ്റ്റേ, | Cherumutedath House, Bethany Road, Thiruvalla, Kerala 689101 | 34/94-1,2,3 |
| 2 | ഉഷസ് ഹോംസ്റ്റേ | Vettuchirayil House, Bethany Road, Thiruvalla, Kerala 689101 | 34/ 75, 76 |
| 3 | ഇടശ്ശേരിയത്ത് ഹോംസ്റ്റേ | TMM Hospital -Ramanchira Road 132, Thiruvalla, 689111 | 36/102-3, 104 |
| 4 | ഡി.എച്ച്. ഹോംസ്റ്റേ | Revenue Tower, Thiruvalla, Kerala 689101 | 34/311, 312 |
| 5 | ശ്രേയസ് ഹോംസ്റ്റേ | Kanicheril Gardens Santipuram-Peringol Cheripedi Uthramel Road, Kavumbhagom, Thiruvalla, Kerala | 29/130 |

| | | | |
|---|---|---|---|
| | | 689102 | |
| 6 | സ്റ്റീഫൻസ് ഹോംസ്റ്റേ | Chumathra Rd, Kerala 689103 | 37/61 |
| 7 | തയ്യിൽപറമ്പിൽ ഹൗസ് ഹോംസ്റ്റേ | Old, Thymala Rd, Thiruvalla, Kerala 689105 | 15/331 |
| 8 | ബെഥനി ഹൗസ് ഹോംസ്റ്റേ | Panikanmattu Avenue, Kuttapuzha, Thiruvalla, Kerala 689103 | 7/73-2, 3 |
| 9 | ഷാജ് അപാർട്മെന്റ് | Muthoor, Thiruvalla, Kerala 689107 | 39/182-3 -8 |
| 10 | ജോൺസ് ഹോംസ്റ്റേ | Thiruvalla - Mallappally Rd, Madammukku, Kuttapuzha, Kerala 689103 | --- |
| 11 | അപ്പൂസ് അപ്പാർട്ട്മെന്റ് | Muthoor - Kuttapuzha Road, Opposite Sree Bhadrakali Temple Thiruvalla, Muthoor, Kerala 689107 | |
| 12 | ഹോംസ്റ്റേ സരേഥൻ | Balavihar Road, Kuttapuzha, Kerala 689103 | -- |
| 13 | അപ്പൂസ് ഹോംസ്റ്റേ, ആനിവില്ല | Near Traco Cable Factory, Thiruvalla, Kerala 689013 | -- |
| 14 | റെഡ് സ്പാരോ ഹോംസ്റ്റേ | Kavumbhagom, Thiruvalla, Kerala 689107 | |
| 15 | സെന്റ് മേരീസ് ഹോംസ്റ്റേ | Eruvallipra, Thirumoolapuram, Thiruvalla, Kerala 689115 | -- |
| 16 | പുതുക്കേരിൽ ഹോംസ്റ്റേ | Bethany Road, Kacheripady, Thiruvalla, Kerala 689101 | -- |

മേൽ പറഞ്ഞ ഹോംസ്റ്റേകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നമ്പരും അസസ്സ് ചെയ്ത നികുതിയുടെ വിവരവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 32/2020-21 തീയതി 16.04.2022) നൽകിയിരുന്നു. 04.05.2022-ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 1 മുതൽ 9 വരെയുള്ള കെട്ടിടങ്ങൾ ഹോംസ്റ്റേ ആയി അസസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ ചേർത്തിട്ടുള്ളവ കൂടാതെ നഗരസഭപരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഹോംസ്റ്റേകളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു

നഗരസഭ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളുടേയും നികുതി ഈടാക്കുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഉണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | ടവർ വിവരം | 2022-23 വരെ കുടിശിക സഹിതം കിട്ടാൻ ഉള്ള നികുതി | കുറിപ്പ് |
|---|---|---|---|---|
| 1 | 7/439/1 | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | 75798 | 2015-16 മുതൽ |
| 2 | 14/210/2 | റിലയൻസ് | 318289 | 2009-10 മുതൽ |
| 3 | 20/80 | വയർലെസ്സ് | 169736 | 2016-17 മുതൽ |
| 4 | 23/129/1 | എയർസെൽ ഡിഷ്നെറ്റ് | 201600 | 2013-14 മുതൽ |
| 5 | 35/155/2 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 201103 | 2014-15 |

| | | | | |
|---|---|---|---|---|
| | | | | മുതൽ |
| 6 | 36/271/1 | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | 99547 | 2010-11 മുതൽ |
| 7 | 36/723 | എസ്കോടെൽ മൊബൈൽ കമ്മ്യൂണിക്കേഷൻ | 202117 | 2015-16 മുതൽ |

ഈ ടവറുകൾ നിലവിൽ പ്രവർത്തിക്കുന്നവയാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി നികുതി കുടിശിക സഹിതം ഈടാക്കി വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-16/2020-21 തീയതി 16.04.2022) മറുപടിയായി നികുതി ഒടുക്കാത്തതിനാൽ ടവറുകൾ നിൽക്കുന്ന സ്ഥലത്തിന്റെ ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 പൊതു ലേലം -അപാകതകൾ

2020-21 വർഷത്തെ ലേലം വരവുമായി ബന്ധപ്പെട്ട് ലേലരജിസ്റ്റർ, ലേലഫയൽ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2020-21-ൽ ലേലം കൊണ്ടിട്ടില്ലാത്ത ഇനങ്ങൾ

| ക്രമ നം | | 2019-20 | 2020-21 | റിമാർക്സ് |
|---|---|---|---|---|
| 1 | രാമൻചിറ (ആട്ടിറച്ചി മാട്ടിറച്ചി സ്റ്റാൾ ) | 260000 | ഇല്ല | നഗരസഭയുടെ സ്വന്തം സ്ഥലമല്ലാത്തതിനാൽ രാമൻചിറ സ്റ്റാൾ ലേലം 2020-21-ൽ കമ്മറ്റി തീരുമാന പ്രകാരം ഒഴിവാക്കിയതായി 07.05.2022 ൽ 54/20-21 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. എന്നാൽ സ്വാകാര്യ ഭൂമിയിൽ മേൽ സ്റ്റാൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുത്തിട്ടുണ്ടോ എന്നും ഈടാക്കിയ ഫീസിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. |
| 2 | രാമപുരം പ്രതിദിന മാർക്കറ്റ് | ഇല്ല | ഇല്ല | മുനിസിപ്പൽ ഉദ്യോഗസ്ഥർ നേരിട്ട് ഫീസ് പിരിവ് നടത്തുന്നു. മേൽ ഇനം പൊതുലേലത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 3 | പേ ആന്റ് പാർക്ക് | ഇല്ല | ഇല്ല | പബ്ലിക് സ്റ്റേഡിയത്തിന് സമീപം പാർക്കിംഗ് സൗകര്യമില്ലെന്ന് RI യുടെ റിപ്പോർട്ടുള്ളതായും, ആരും ലേലം കൊണ്ടിട്ടില്ലാത്ത ഇനമാണെന്നും 07.05.2022-ൽ 54/20-21 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. എന്നാൽ മേൽസ്ഥലം നിലവിലും അനധികൃതമായി പാർക്കിംഗിനായി ഉപയോഗിക്കുന്നു. ഈ വിഷയം പരിശോധനാ വിധേയ മാക്കേണ്ടതും ടി ഇനം ലേലം ചെയ്യാൻ മേൽ നടപടികൾ സ്വീകരിക്കേണ്ട തുമാണ്. |

2. തിരുമൂലപുരം കന്നുകാലി ചന്തയിലെ ഫീസ് പിരിവ് 175000 രൂപ ഓഫറിൽ ശ്രീ.എം.ജെ.യോഹന്നാൻ, മുളവേലിൽ ഹൗസ്, മഞ്ഞാടി(പി.ഒ), തിരുവല്ല- എന്ന വ്യക്തിയ്ക്ക് നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ തുക ഒന്നും തന്നെ ഒടുക്കിയിട്ടില്ല. ഈ വിഷയം ചൂണ്ടിക്കാട്ടി 07.05.2022 ൽ 54/20-21 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ കോവിഡ് വ്യാപനം മൂലം 20-21 ൽ ഫീസ് പിരിവ് നടത്തിയിട്ടില്ല എന്നും, തുക ഇളവ് ചെയ്യണമെന്നുമുള്ള അപേക്ഷ കൗൺസിൽ പരിഗണിക്കുകയും, തുടർ നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.(തീരുമാനം നം-12/15.10.2020). ടി ഇനം ലേലംചെയ്തു നൽകിയ വേളയിൽ ലേലനിബന്ധന പ്രകാരം ഈടാക്കേണ്ടിയിരുന്ന ലേലതുകയുടെ 1/3 തുക ഈടാക്കിയിട്ടില്ല. ആയതിനാൽ കോവിഡ് മൂലമുള്ള നിയന്ത്രണങ്ങൾ ഇല്ലാതിരുന്ന കാലയളവിലേക്ക് നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടമായി. ഈ വിഷയത്തിൻമേൽ സെക്രട്ടറി സ്വീകരിച്ച തുടർനടപടിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും കോവിഡ് മൂലമുള്ള നിയന്ത്രണം ഇല്ലാതിരുന്ന കാലയളവിൽ നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന വരുമാനം ലേലതുക ഈടാക്കുന്നതിൽ

വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണ്ട് ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-17 വാടക ഇനത്തിലുള്ള വരവ് - അപാകതകൾ

1. വാടക- അടിസ്ഥാനവിവരങ്ങൾ ആധികാരികമല്ല

നഗരസഭയുടെ ഉടമസ്ഥതയിൽ മഞ്ഞാടി, കാവുംഭാഗം, തിരുമൂലപുരം, രാമപുരം, പ്രൈവറ്റ് ബസ്സ്റ്റാന്റ് എന്നിവിടങ്ങളിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ മാസവാടകയ്ക്ക് നൽകിവരുന്നുണ്ട്. എന്നാൽ ഓരോ കെട്ടിടത്തിലും ഉള്ള മുറികളുടെ എണ്ണം, തരം, റൂം നമ്പർ, ഏതെല്ലാം മുറികൾ വാടകയ്ക്ക് നൽകിവരുന്നുണ്ട്, അറ്റകുറ്റപണികൾക്കായി അടച്ചിട്ടിരിക്കുന്നവ ഏതെല്ലാം എന്നിങ്ങനെയുള്ള അടിസ്ഥാനവിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി രജിസ്റ്ററോ മറ്റ് രേഖകളോ സൂക്ഷിച്ചുവരുന്നില്ല. ആയതിനാൽ തന്നെ ഈ ഇനത്തിലുള്ള വാടകവരവിന്റെ ആധികാരികത ബോദ്ധ്യപ്പെടാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ വാടക രജിസ്റ്റർ അപൂർണ്ണവും അവ്യക്തവുമാണ്. ടി രജിസ്റ്റർ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. മാത്രവുമല്ല മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരനുമായി ചമയ്ക്കുന്ന കരാർ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിലെ വരവിന്റെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ ഹൃദയഭാഗത്തുള്ള പല ഷോപ്പിംഗ് കോംപ്ലക്സുകളിലേയും മുറികൾ തുച്ഛമായ വാടകയ്ക്കാണ് നിലവിൽ നൽകിയിട്ടുള്ളത്. 5%പ്രതിവർഷവർദ്ധനവോടെ കരാർപുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. നഗരസഭയുടെ വ്യാപാര/വാണിജ്യമേഖലയിലെ വികസനം കണക്കിലെടുത്ത് അടിസ്ഥാനവാടക നിരക്ക് പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കാനും വാടകകെട്ടിടങ്ങളുടെ കൃത്യമായ വിവരശേഖരണം നടത്തി ആസ്തി അന്യാധീനപ്പെടാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

2) വാടകയ്ക്ക് നൽകിയ കെട്ടിടങ്ങൾ -രേഖകളിലെ പൊരുത്തക്കേടുകൾ

വാടക രജിസ്റ്റർ പ്രകാരം കെട്ടിടം വാടകയ്ക്കെടുത്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള വ്യക്തികളല്ല നിലവിൽ പല മുറികളും ഉപയോഗിക്കുന്നതെന്ന് നഗരസഭയിൽ തന്നെ സൂക്ഷിക്കുന്ന മറ്റ് രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഉദാഹരണമായി തിരുമൂലപുരം ഷോപ്പിംഗ് കോംപ്ലക്സ് 18/19 -ാം നമ്പർ കടമുറി അനിൽകുമാർ റ്റി, ശബരീവിലാസം എന്ന വ്യക്തിയാണ് വാടക രജിസ്റ്റർ പ്രകാരം വാടകയ്ക്ക് ഏറ്റെടുത്തിരിക്കുന്നത്. ലൈസൻസ് രജിസ്റ്റർ പ്രകാരം ടി കടമുറി സിജ്ജു ജോസഫ്, പാറേക്കാട്ടിൽ, തിരുമൂലപുരം എന്ന വ്യക്തിയുടെ കൈവശമാണെന്ന് (അലൂമിനിയം ഫാബ്രിക്കേഷൻ) കാണുന്നു. സുവർണ്ണ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ ഉപയോഗത്തിലും ഇത്തരത്തിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടക രജിസ്റ്റർ പ്രകാരം വാടകക്കാരൻ | ലൈസൻസ് രജിസ്റ്റർ പ്രകാരം ഉടമ | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനം |
|---|---|---|---|---|
| 1 | 378/6 | പി.റ്റി. മണി<br>പൂവത്ത് മലയിൽ<br>പള്ളം.പി.ഒ., കോട്ടയം | എം.ഡി.പ്രമോദ്<br>മണലോടി ഹൗസ്<br>ചങ്ങനാശ്ശേരി | ടെക്സ്റ്റൈൽസ് |
| 2 | 378/7 | ജോസഫ്.പി.കുര്യൻ<br>മേലേടത്ത്<br>നാട്ടകം | പി.റ്റി. മണി<br>പൂവത്ത് മലയിൽ<br>പള്ളം.പി.ഒ., കോട്ടയം | എൽ.പി.ജി.സ്റ്റൗ സെന്റർ |
| 3 | 378/9 | എൻ.കെ.രാമകൃഷ്ണൻ<br>ദീപു നിവാസ്<br>മുത്തൂർ.പി.ഒ | അലക്സാണ്ടർ തോമസ്സ്<br>കണിയാത്തറ<br>ചോതിയപറമ്പിൽ ഹൗസ്<br>തിരുവല്ല | ടെക്സ്റ്റൈൽസ് |
| 4 | 378/13 | വിൻസന്റ് ജോർജ്ജ്<br>മലമേൽ ഉണ്ടിയിൽ | ഷാജി തോമസ്സ്<br>കൈതോരത്ത് ഹൗസ് | ഫൂട്ട് വെയർ |

| | | | | |
|---|---|---|---|---|
| | | മഞ്ഞാടി | ഇരവിപേരൂർ | |

ഇത്തരത്തിൽ ശ്രദ്ധയിൽപ്പെട്ട പൊരുത്തക്കേടുകൾ വാടകയ്ക്ക് മുറി ഏറ്റെടുത്ത വ്യക്തികൾ അത് നഗരസഭയുടെ അറിവോ സമ്മതമോ കൂടാതെ മറ്റുള്ളവർക്ക് ഉപയോഗത്തിന് വിട്ടുനൽകുന്ന ക്രമരഹിതമായ നടപടികൾ നഗരസഭയിൽ നിലനിൽക്കുന്നു എന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. ഇക്കാരണത്താൽ തന്നെ കെട്ടിടങ്ങൾ അന്യാധീനപ്പെടുന്നതിനും നഗരസഭയ്ക്കുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നതാണ്. മേൽവിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) രജിസ്റ്റർ പ്രകാരം മഞ്ഞാടി മാർക്കറ്റിലെ XV/189(1) നമ്പർ കടമുറിയുടെ 5000 രൂപ പ്രതിമാസ വാടക 01.10.20 മുതൽ മുത്തൂർ കോപ്പറേറ്റീവ് ബാങ്ക് ഒടുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ ( R6 4146/2020 ) പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മഞ്ഞാടി മാർക്കറ്റിലെ ഒഴിഞ്ഞുകിടന്നിരുന്ന XV/189(1) നമ്പർ മുറി മുത്തൂർ കോപ്പറേറ്റീവ് ബാങ്കിന്റെ ശാഖ തുടങ്ങുന്നതിനായി 18/02/2020 ൽ ബാങ്ക് പ്രസിഡന്റ് കത്ത് നൽകിയിരുന്നു. ടി കടമുറി 26.09.2018 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 4760 രൂപ വാടകയ്ക്ക് മഞ്ഞാടിയിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നതിന് അനുവദിച്ചതായും, എന്നാൽ സ്ഥാപനം എഗ്രിമെന്റ് വച്ചിട്ടില്ലാത്തതിനാൽ 28.04.20 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 14 പ്രകാരം കത്തയയ്ക്കുന്നതിനും തീരുമാനിച്ചതായും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.. മേൽ കത്തിനു ലഭിച്ച 03.06.20-ലെ മറുപടിയിൽ കടമുറി ആവശ്യമില്ലെന്ന് പോസ്റ്റ് ഓഫീസ് അധികൃതർ അറിയിച്ചിട്ടുണ്ട്. രണ്ട് വർഷത്തോളം ടി കടമുറി ഒഴിഞ്ഞു കിടന്നിട്ടും മുറി മറ്റാവശ്യത്തിന് വാടകയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

കരാർ പ്രകാരം സഹകരണ ബാങ്കിന്റെ 3118 -ാം നമ്പർ ശാഖ നടത്തുന്നതിനാണ് ടി മുറി നൽകിയിരിക്കുന്നത്. എന്നാൽ വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട് 03/02/2022 ലെ പ്രസിഡന്റിന്റെ കത്തിൽ ബാങ്കിന്റെ നീതി ലാബ് നടത്തുന്നതിന് ടി കടമുറി എടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ലൈസൻസ് രജിസ്റ്ററിൽ 3118- ാം ശാഖ പ്രവർത്തിക്കുന്നത് 14/367(5) നമ്പർ കടമുറിയിലാണ്. കൂടാതെ 14/567(5) നമ്പർ മുറിയിൽ നീതി ലാബും പ്രവർത്തിക്കുന്നു എന്ന് കാണിച്ച് ലൈസൻസ് എടുത്തിട്ടുണ്ട്. XV/189(1) നമ്പർ മുറി ഏതാവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമല്ല. മേൽ പൊരുത്തക്കേടുകൾ/ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് 07/05/2022 ലെ 55/20-21 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി വസ്തുതാപരമല്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ളകെട്ടിടങ്ങളിലെ ഏതെല്ലാം മുറികളാണ് മേൽ ബാങ്ക് വാടകയ്ക്ക് എടുത്തിട്ടുള്ളതെന്ന് വാടക ഒടുക്കിയതിന്റെ വിശദവിവരം സഹിതം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

4) <u>വാടകയിനത്തിൽ കുടിശിക</u>

2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ , വാടക കരാർ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന വ്യക്തികൾ വാടക കുടിശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കട മുറിയുടെ വിവരം | വാടകയ്ക്ക് എടുത്തിരിക്കുന്ന വ്യക്തിയുടെ വിവരം, ഓരോ മാസത്തെ വാടക തുക | 2020-21 കുടിശിക | മുൻവർഷങ്ങളിലെ കുടിശിക | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | മഞ്ഞാടി വെയ്റ്റിംഗ് ഷെഡിനോട് ചേർന്ന മുറി | കെ.ആർ രഘുക്കുട്ടൻ പിള്ള , കൊമ്പാടിയിൽ<br>396 രൂപ | 1584 | - | 1584 | 4 മാസ കുടിശിക<br>(12/20 മുതൽ ,03/21 വരെ) |
| 2 | VII/ 54 | സിബി ഗിവർഗീസ് , പാറയ്ക്കാമണ്ണിൽ<br>800 രൂപ | 8800 | 6400 | 15200 | 8/19 മുതൽ കുടിശിക<br>(6400+8800) |
| 3 | സുവർണ്ണ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് G F | | | | | |
| 4 | 378/19 | അലക്സ്.കെ.ജോൺ<br>ഇമ്മാനുവൽ വീട്<br>3331 രൂപ | 23317 | | 23317 | 7 മാസത്തെ കുടിശിക 09/20 മുതൽ 03/21 വരെ |
| | സുവർണ്ണ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് -F F | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 5 | 366/3 | ശ്രീകാന്ത്. ഇടത്തണ്ണിൽ 6087 രൂപ | 36522 | | 36522 | 6 മാസത്തെ കുടിശിക (10/20 മുതൽ 03/21 വരെ ) |
| 6 | 366/6 | സിജി തോമസ് തൈപ്പറമ്പില് 6087 രൂപ | 24348 | | 24348 | 4 മാസത്തെ കുടിശിക (12/20 മുതൽ 03/21 വരെ) |
| 7 | 366/11 | വി.പി രഘു. വരുപ്പുഴ 6615 രൂപ | 72765 | 46305 | 119070 | 9/19 മുതൽ ആകെ കുടിശിക 119070 രൂപ |
| | തിരുമൂലപുരം ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 8 | 18/1 | അലക്സ് ജോസഫ് പറമ്പത്ത് ഹൗസ് കിഴക്കുംമുറിയിൽ 2011 രൂപ | 22121 | 2011 | 24132 | 2/20 വരെ കുടിശിക തുക ഒടുക്കു വരുത്തിയിട്ടുണ്ട് 3/20 മുതൽ കുടിശിക അവശേഷിക്കുന്നു. |
| 9 | റൂം നമ്പർ തുക രേഖപ്പെടുത്തിയിട്ടില്ല | അലക്സ് ജോസഫ് പറമ്പത്ത് ഹൗസ് കിഴക്കുംമുറിയിൽ 2011 രൂപ | 22121 | 2011 | 24132 | 2/20 വരെ കുടിശിക തുക ഒടുക്കു വരുത്തിയിട്ടുണ്ട് .3/20 മുതൽ കുടിശിക അവശേഷിക്കുന്നു. |
| 10 | 18/8 | അമ്പിളി വി.ജി വെള്ളൂർമാലിയിൽ പാലിയേക്കര 3770 രൂപ | 18850 | | 18850 | 10/20 വരെ കുടിശിക തുക ഒടുക്കു വരുത്തിയിട്ടുണ്ട് .11/20 മുതൽ കുടിശിക അവശേഷിക്കുന്നു. |
| 11 | | അനിൽകുമാർ.റ്റി ശബരിവിലാസം, തിരുമൂലപുരം 464 രൂപ | 464 | | 464 | 03/21 കുടിശിക |
| | രാമപുരം മാർക്കറ്റിന്റെ തെക്ക് വശത്തുള്ള പുതിയ കെട്ടിടം (ഷെഡ്) | | | | | |
| 12 | | ദേവസ്യ മാത്യു കുടവശ്ശേരിൽ പെരുന്തുരുത്തി 1103 രൂപ | 4412 | | 4412 | 12/20 മുതൽ കുടിശിക . |
| | കുറ്റപ്പുഴ വെജിറ്റബിൾ സ്റ്റാൾ | | | | | |
| 13 | | എ.കെ. രാജു ആറ്റുചിറയിൽ 639 രൂപ | 7029 | | 7029 | 20-21 കുടിശിക . |
| 14 | | ജയരാജു 639 രൂപ | 7029 | 39324 | 46353 | 02/15മുതൽ കുടിശിക. അവശേഷിക്കുന്നു. |
| 15 | | രശ്മി മുത്തു , കുറ്റപ്പുഴ 563 രൂപ | 6193 | | 6193 | 20-21 കുടിശിക |
| | വനിതാ ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 16 | | സൂസൻ ജിജി വടശേരിൽ, തിരുവല്ല 7453 രൂപ | 29812 | | 29812 | 12/20 മുതൽ കുടിശിക അവശേഷിക്കുന്നു. |
| ആകെ | | | | | 381418 | |

മേൽ പറഞ്ഞ കടമുറികളുടെ കുടിശിക വാടക പിഴപലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിച്ച് പരാമർശം

ഒഴിവാക്കേണ്ടതാണ്.

5. കാവുംഭാഗം ഷോപ്പിംഗ് കോംപ്ലക്സ് ഫസ്റ്റ് ഫ്ലോറിലെ 4 മുതൽ 13 വരെ യുള്ള കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. മേൽ മുറികൾ ലേലം ചെയ്തു നൽകാൻ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-17-1 വാടക- അക്ഷയ സെന്ററിന്റെ മുകളിലുള്ള ഓപ്പൺ ടെറസ് ഭാഗം വാടകയ്ക്ക് നൽകിയത് (ഫയൽ നം.R6/13225/2020) – അപാകതകൾ

രാമപുരം ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്ററിന്റെ മുകൾ വശത്തുള്ള ഓപ്പൺ ടെറസ് ഭാഗം നിലവിലുള്ള അവസ്ഥയിൽ പ്രതിമാസം 2000രൂപ വാടക, 10000രൂപ ഡെപ്പോസിറ്റ് നിരക്കിൽ ഹെൽത്ത് ക്ലബ് നടത്തുന്നതിന് ശ്രീ.ശ്രീകുമാർ.വി, കൊങ്ങരേട്ട്, മതിൽഭാഗം എന്ന വ്യക്തിയ്ക്ക് അനുമതി നൽകി 06.11.2020-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 21-ാം നമ്പരായി തീരുമാനിച്ചിരുന്നു. നഗരസഭ പ്രസ്തുത സ്ഥലത്ത് എന്തെങ്കിലും നിർമ്മാണ പ്രവർത്തി നടത്തുന്നതു വരെയുള്ള കാലയളവിലേക്ക് മാത്രമാണ് അനുവാദം നൽകിയത്. പ്രസ്തുത വിവരം സൂചിപ്പിച്ചു കൊണ്ടും, വാർഷിക വാടകത്തുകയുടെ 5% തുകയുടെ മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണെന്നും കാണിച്ച് 24.02.2021-ൽ ടിയാന് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ടിയാനുമായി കരാർ വെച്ചിരുന്നില്ല. കരാർ വയ്ക്കാതെ തന്നെ ടിയാൻ പ്രസ്തുത സ്ഥലം ഉപയോഗിച്ചു തുടങ്ങിയിരുന്നു. പ്രസ്തുത ഭാഗത്ത് നഗരസഭ ലക്ഷങ്ങൾ ചെലവഴിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുണ്ട്. നഗരസഭയുടെ അറിവോ അനുമതിയോ കൂടാതെ പ്രസ്തുത ഭാഗത്തിന്റെ വശങ്ങളിൽ ഗ്രില്ല് സ്ഥാപിക്കുന്നതിന് ശ്രീ.ശ്രീകുമാർ പ്രവർത്തനം ആരംഭിക്കുകയും, നഗരസഭ 27.12.21-ൽ സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിരുന്നു.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/20-21/തീ.10.01.2022) മറുപടിയായി, 2020-21 കാലയളവിൽ എഗ്രിമെന്റ് ഹാജരാക്കിയില്ലായെന്നും 2021-22 കാലയളവിലേക്കുള്ള എഗ്രിമെന്റ് 12.01.22-ൽ ഓഫീസിൽ ഹാജരാക്കിയതായും നഗരസഭാ സെക്രട്ടറി അറിയിച്ചു. എന്നാൽ 2021-22-ലെ എഗ്രിമെന്റോ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കിയതിന്റെ രേഖകളോ ഫയലിൽ ഇല്ല. 12/2021 വരെയുള്ള വാടക ഒടുക്കിട്ടുണ്ടെന്നും (സർക്കാർ ഉത്തരവ് പ്രകാരം 05/21 മുതൽ 07/21 വരെയുള്ള വാടക 17/13.09.21-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഒഴിവാക്കി നൽകി) സ്വന്തം ചിലവിൽ ടി സ്ഥലത്തിന്റെ മൂന്നു ഭാഗവും ഗ്രില്ല്/ഗ്ലാസ് കൊണ്ട് മറയ്ക്കുന്നതിനും തറയിൽ ടൈൽസ് ഇടുന്നതിനും അനുവാദം നൽകണമെന്നും, ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തുന്നതിന് സമ്മതമാണെന്നും ടിയാൻ 10.01.22-ൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കരാർ റദ്ദ് ചെയ്ത് പുനർലേലം ചെയ്യുന്നതിനോ വാടക, ഡെപ്പോസിറ്റ് തുകകൾ വർദ്ധിപ്പിച്ച് ടിയാന് തന്നെ നൽകുന്നതിനോ ബഹു.കൗൺസിൽ അനുമതിയോടെ തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ നിന്നും, ടി വിഷയം 23.02.2022-ലെ കൗൺസിലിൽ പരിഗണിച്ചതായും അപേക്ഷകനുമായി നേരിട്ട് സംസാരിച്ച് ഓഫർ ചെയ്യുന്ന പരമാവധി പ്രതിമാസ വാടക, ഡെപ്പോസിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ കൗൺസിലിൽ സമർപ്പിക്കുന്നതിന് ബഹു.ചെയർപേഴ്സണെ ചുമതലപ്പെടുത്തി തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.(തീരുമാനം നം.27).

ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ഓപ്പൺ ടെറസ് ഭാഗം നാമമാത്രമായ വാടകയും ഡെപ്പോസിറ്റും മാത്രം വാങ്ങിക്കൊണ്ട് വാടകയ്ക്ക് നൽകുന്നത് നഗരസഭയ്ക്ക് ഭീമമായ നഷ്ടത്തിന് കാരണമാകും. മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചും ലേലം നടത്തിയും പ്രസ്തുത ഭാഗം ഉയർന്ന നിരക്കിൽ വാടകയ്ക്ക് എടുക്കാൻ മറ്റ് ആളുകൾ ഉണ്ടോയെന്ന് പരിശോധിക്കാതെ, ഏകപക്ഷീയമായി ഒരാളുടെ ഓഫർ സ്വീകരിച്ചുകൊണ്ട് വാടകയ്ക്ക് നൽകുന്നത് നിലവിലുള്ള ബൈലോയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ, പുതുതായി നിർമ്മിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി പി.ഡബ്ല്യു.ഡി നിരക്കിൽ വാടക നിശ്ചയിക്കേണ്ടതും ആയതിനെ അടിസ്ഥാനമാക്കി കെട്ടിടം ലേലം ചെയ്ത് വാടകയ്ക്ക് നൽകേണ്ടതുമാണ്.

## 1-18 കുട്ടികളുടെ പാർക്ക് നടത്തിപ്പ് - നടപടികളിലെ അപാകതകൾ

നഗരസഭയുടെ അധീനതയിലുള്ള കുട്ടികളുടെ പാർക്ക് നടത്തിപ്പ് (File No. R6/19074/16 ) 28-02-2017 ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 5 വർഷത്തേക്ക് ശ്രീവല്ലഭ ഡിസൈനേഴ്സിനെ 25000/- രൂപ സെക്യൂരിറ്റി നിക്ഷേപവും 2000/- രൂപ മാസവാടക നിരക്കിലും ഏൽപ്പിച്ചു നൽകിയിരുന്നു. കരാറുകാരൻ 25000/- രൂപയുടെ FD രസീത് ഹാജരാക്കിയതായി 27-04-2017-ലെ നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (കരാർ തീയതി 27-04-2017). തുടർന്ന് കരാർ കാലാവധി 10 വർഷമായി പുതുക്കി 25-01-2018-ലെ 18-ാം നമ്പർ കൗൺസിൽ തീരുമാനിച്ചു. (കരാർ തീയതി 28-05-2018)

വീണ്ടും കരാർ കാലയളവ് 35 വർഷത്തേക്ക് ദീർഘിപ്പിക്കണമെന്ന് കാണിച്ച് കരാറുകാരൻ സമർപ്പിച്ച അപേക്ഷ 11-09-2020-ലെ കൗൺസിൽ പരിഗണിക്കുകയും 25-ാം നമ്പർ തീരുമാന പ്രകാരം വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ RO യെ ചുമതലപ്പെടുത്തുകയും ചെയ്തു. അതേ തുടർന്ന് 23-04-2020-ൽ RO നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാടക, ഡെപ്പോസിറ്റ് ഇവയിൽ 100% വർദ്ധനവ് വരുത്തി (മാസവാടക-4000/-, ഡിപ്പോസിറ്റ്-50000/-) പ്രതിവർഷം 5% വർദ്ധനവിൽ 15-10-2020 മുതൽ 20 വർഷത്തേക്ക് കരാർ ദീർഘിപ്പിക്കുവാനും എഗ്രിമെൻറ് പുതുക്കുവാനും റവന്യൂ ഓഫീസർ, സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി 15-10-2020-ലെ കൗൺസിൽ 15-ാം നമ്പരായി തീരുമാനിച്ചു. (ഈ തീരുമാനത്തിനുമേൽ 10 കൗൺസിൽ അംഗങ്ങൾ വിയോജനം രേഖപ്പെടുത്തിയിട്ടുണ്ട്). മേൽ നടപടികളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാർക്ക് നടത്തിപ്പ് സംബന്ധിച്ച് അംഗീകൃത ബൈലാ നിലവിലില്ല. നഗരസഭയുടെ അധീനതയിലുള്ള പൊതുസ്ഥലങ്ങൾ വാടകയ്ക്കു നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലാ നിലവിലുണ്ടെങ്കിലും ദീർഘ കാലയളവിലേക്ക് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല.

2)പാർക്ക് നടത്തിപ്പ് ദീർഘകാലയളവിലേക്ക് നൽകുന്നതിന് മുന്നോടിയായി റവന്യൂ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ കരാറുകാരനുമായി നിലവിലുണ്ടായിരുന്ന കരാറിലെ വ്യവസ്ഥ-1 ( കരാർ കാലാവധിയ്ക്കുശേഷം കൗൺസിൽ തീരുമാനത്തിനു വിധേയമായി ഉഭയസമ്മതപ്രകാരം വാടക വർദ്ധനവ് വരുത്തി കരാർ കാലാവധി ദീർഘിപ്പിക്കുന്നതാണെന്ന വ്യവസ്ഥ) നഗരസഭയ്ക്ക് ദോഷം ഉണ്ടാക്കുന്നതാണെന്നും ഇതുപ്രകാരം കടമുറികളുടെ ലൈസൻസ് പോലെ എക്കാലത്തും ഇപ്പോഴുള്ള ലൈസൻസിയ്ക്ക് തുടരാവുന്ന സാഹചര്യമുണ്ടാകുമെന്നും റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 25.1.2021-ൽ വച്ച പുതുക്കിയ കരാറിലും മേൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ദീർഘകാലയളവിലേക്ക് നൽകുന്നതിനാൽ അഡ്വക്കേറ്റിൽ നിന്ന് നിയമോപദേശം തേടണമെന്ന റവന്യൂ ഓഫീസറുടെ റിപ്പോർട്ടും പരിഗണിച്ചിട്ടില്ല.

3) 35 വർഷത്തേക്ക് നടത്തിപ്പ് ചുമതല ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിലോ RO-യുടെ റിപ്പോർട്ടിലോ പ്രവേശന ഫീസ് 20/-രൂപയായി വർദ്ധിപ്പിക്കുന്നത് സൂചിപ്പിട്ടില്ല. ടിക്കറ്റ് നിരക്കിലെ വർദ്ധനവ് കരാറുകാരൻ മുൻപ് ആവശ്യപ്പെട്ടെങ്കിലും, ഫീസ് വർദ്ധനവ് ആവശ്യമില്ല എന്ന് ചെയർമാൻ നിർദേശിച്ചിട്ടുള്ളതായി 16-01-2018-ലെ നോട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പുതുക്കിയ കരാറിൽ 7-ാം വ്യവസ്ഥയിൽ പ്രവേശനഫീസ് 20/-രൂപയായി നിജപ്പെടുത്തിക്കാണുന്നു. കൗൺസിൽ തീരുമാനത്തിൽ ഉൾപ്പെടാത്ത പ്രവേശന ഫീസ് വർദ്ധനവ് (20/-രൂപ) ഉൾപ്പെടുത്തിയാണ് കരാർ വച്ചിരിക്കുന്നത്. അതായത് വർദ്ധിപ്പിച്ച നിരക്കിലുള്ള പ്രവേശനം കൗൺസിൽ അനുമതി കൂടാതെയാണ് നടത്തിവരുന്നത്.

4)കരാർ കാലാവധി 20 വർഷമായി ദീർഘിപ്പിച്ചുകൊണ്ട് കരാർ വയ്ക്കുന്നതിനും പ്രതിമാസ വാടക 4000/- രൂപയും ഡെപ്പോസിറ്റ് 50000/- രൂപയും നഗരസഭയിൽ ഒടുക്കുന്നതിനുമായി 13-01-2021-ൽ R6/19074/16 പ്രകാരം കരാറുകാരന് അറിയിപ്പ് നൽകി. എന്നാൽ ടിയാൻ 25-01-2021-ൽ കരാർ ചമച്ചെങ്കിലും 50000/- രൂപ നിക്ഷേപിച്ചിട്ടില്ല. മാത്രമല്ല ടിയാൻ കരാർ ഏറ്റെടുത്ത 2017-ൽ ഫിക്സഡ് ഡെപ്പോസിറ്റ് രസീതായി നൽകിയ ഡെപ്പോസിറ്റ് നഗരസഭാ ഫണ്ടിൽ നിക്ഷേപിച്ചതായി കാണുന്നില്ല. ടി രസീത് ഓഡിറ്റിൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ നിരക്കിൽ നിക്ഷേപം(50000/-) സ്വീകരിച്ചിട്ടില്ല.

5) ടിയാൻ 4/17 മുതൽ 5/18 വരെയുള്ള വാടക നഗരസഭയുടെ 13.03.18 ലെ നോട്ടീസ് ലഭിച്ച ശേഷം 14/05/18 ൽ ഒടുക്കിയിട്ടുണ്ട്. ഫയൽ നോട്ട് പ്രകാരം 06/18 മുതൽ 05/19 വരെയുള്ള (12 മാസം) വാടക 25.05.2019 ലെ 100800 നമ്പർ രസീതു പ്രകാരം ഒടുക്കിയിട്ടുള്ളതായി കാണിച്ചിരിക്കുന്നു (തുക വ്യക്തമാക്കിയിട്ടില്ല). എന്നാൽ 22.05.19

ലെ നോട്ടീസ് പ്രകാരം 12/18 മുതൽ 05/19 വരെയുള്ള കുടിശിക ഒടുക്കുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. ഈ നോട്ടീസിന്റെ അടിസ്ഥാനത്തിൽ മേൽ രസീത് പ്രകാരം 14580 രൂപ (12/18 മുതൽ 05/19 വരെ) മാത്രമേ ഒടുക്കിയിട്ടുള്ളൂ. അതായത് നോട്ട്ഫയലിൽ സൂചിപ്പിച്ച പ്രകരം 06/18 മുതൽ 11/18 വരെയുള്ള വാടക ഒടുക്കിയിട്ടില്ല. ഓരോ വർഷം കൂടുമ്പോൾ മാത്രമാണ് വാടകക്കാരന് നോട്ടീസ് നൽകുന്നത് എന്നും വ്യക്തമാകുന്നു.

6) കരാർ പുതുക്കിയശേഷം വിഷയം കൗൺസിലിൽ വച്ച്, കൗൺസിൽ തീരുമാനപ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരാനാണ് 15.10.2020 ൽ കൗൺസിൽ തീരുമാനം കൈക്കൊണ്ടത്. എന്നാൽ നഗരസഭയുടെ താത്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടാതെ ചമച്ച മേൽ കരാർ നാളിതുവരെ കൗൺസിലിന്റെ പരിഗണനയ്ക്ക് കൊണ്ടുവരികയോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടില്ല.കൗൺസിൽ തീരുമാനമില്ലാതെ പ്രവേശനഫീസ് നിരക്ക് വർദ്ധിപ്പിച്ചതും തുടർനടപടികൾ സ്വീകരിച്ചതും സംബന്ധിച്ച വിഷയങ്ങളിൻമേൽ സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നു.

7)മേൽ പാർക്കിൽ നിലവിലുള്ള ഹാൾ എപ്രകാരം ഉപയോഗിക്കുന്നുവെന്ന് നഗരസഭയിൽ വ്യക്തമായ രേഖകളില്ല. ഹാളിൽ നിന്ന് നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്നില്ല. കരാറിലും മേൽഹാളിന്റെ ഉപയോഗം എപ്രകാരമെന്ന് സൂചിപ്പിച്ചിട്ടില്ല.

2017 ൽ പാർക്ക് നടത്തിപ്പ് ചുമതല 5 വർഷത്തേക്ക് നൽകിയ ശേഷം കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പാർക്ക് അടച്ചിടേണ്ടിവന്നതിനാൽ കരാറുകാരന് നഷ്ടമുണ്ടായെന്നും കരാർ കാലാവധി അവസാനിപ്പിച്ചാൽ ടിയാൻ ചെയ്ത നിർമ്മാണപ്രവർത്തനങ്ങൾ അധികബാധ്യതയുണ്ടാക്കുന്നുവെന്നും ചൂണ്ടിക്കാട്ടി കരാർ ദീർഘിപ്പിച്ച നൽകാനുള്ള അപേക്ഷ പരിഗണിച്ച് നൽകുകയാണ് ചെയ്തത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/20-21, തീയതി 18/05/22) മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ബൈലായുടെ പിൻബലമോ സർക്കാർ അനുമതിയോ കൂടാതെയുമുള്ള ദീർഘകാലകരാർ പാർക്കിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തടസ്സമാകുമെന്നും ബിനാമി ഇടപാടുകൾക്കും നഗരസഭാ ആസ്തി അന്യാധീനപ്പെടാനും ഇടയാക്കുന്നതും നിയമപ്രശ്നങ്ങളും ബാദ്ധ്യതകളും നഗരസഭയ്ക്ക് വരുത്തുവാനിടയാക്കുന്നതുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ദീർഘകാല കരാർ നഗരസഭയ്ക്ക് ദോഷമുണ്ടാക്കുമെന്ന നഗരസഭാ ഉദ്യോഗസ്ഥരുടെ തന്നെ റിപ്പോർട്ടുകൾ പരിഗണിക്കാതെയും കൗൺസിൽ അറിവോ തീരുമാനമോ കൂടാതെ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്ത് തയ്യാറാക്കിയ കരാറിന്റെ സാധുത പുനഃപരിശോധിക്കുന്നതിനും നഗരസഭയുടെ ആസ്തി അന്യാധീനപ്പെടാതെ നിലനിർത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലാ തയ്യാറാക്കി അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനും വിഷയം ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

## 1-19 ട്രേഡേഴ്സിന്റെ തൊഴിൽ നികുതി -വ്യാപാര സ്ഥാപനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല

നഗരസഭ പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് ഫീൽഡ് സ്റ്റാഫുകൾ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് അംഗീകരിക്കാവുന്നതാണെന്ന് റവന്യൂ ഇൻസ്പെക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. റവന്യൂ ഓഫീസർ മേൽ പരിശോധന നടത്തി പ്രസ്തുത ലിസ്റ്റിനു അംഗീകാരം നൽകിയിട്ടില്ല.

മേൽ പരാമർശിച്ച വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.43 / 25.04.2022), ട്രേഡേഴ്സ് ലിസ്ററ് പൂർത്തിയാക്കി ഹാജരാക്കുന്നതാണെന്ന മറുപടി നൽകി. സമ്പൂർണ്ണമായ ഒരു ട്രേഡേഴ്സ് ലിസ്ററിന്റെ അഭാവത്തിൽ തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നതിനു സാധിക്കാതെ വരികയും വരുമാന നഷ്ടത്തിനു ഇടയാക്കുകയും ചെയ്യും. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 252, 253, 254, 256, 2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെടുന്നു.

| ക്രമ നം | സ്ഥാപനം | വാർഡ് നം | അർദ്ധ വർഷം |
|---|---|---|---|
| 1 | National Motors , Thiruvalla | 6 | I & II |
| 2 | HDFC Standard Life Insurance Co. Ltd, Deepa Tower | 13 | I & II |
| 3 | Simtech Fashions , Deepa Tower | 13 | I & II |
| 4 | Manamel Fuels | 13 | II |
| 5 | Omega International , Thiruvalla | 14 | II |
| 6 | Jumbo Mobiles & Jumbo Electronics Service | 14 | II |
| 7 | Professional Couriers | 14 | II |
| 8 | Khadi India | 20 | I & II |
| 9 | Black Fort Cafe & Grill Restaurant | 20 | I & II |
| 10 | CMS Weaving School | 22 | II |
| 11 | Prime Motors , Mazhuvangad | 23 | I & II |
| 12 | United India Insurance Company Ltd | 23 | II |
| 13 | Vadakkemuriyil Finance , Kacherippadi | 23 | I & II |
| 14 | The Juice Barrel | 23 | II |
| 15 | Bluemoon Restaurant , Kavumbhagam | 28 | I & II |
| 16 | Idea Office | 34 | II |
| 17 | Binuseens Studio Gallery | 34 | II |
| 18 | Warba Medical Lab | 34 | I & II |
| 19 | Ahaliya Financial Service | 35 | II |
| 20 | NSS English Medium School | 38 | II |

മേൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്. (ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.39/23-04-22) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ചേർത്തിട്ടുള്ളത്.)

## 1-21 റോഡ് കട്ടിംഗ്- ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖലയ്ക്കായി GI പോളുകൾ സ്ഥാപിച്ചത്- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല, വാർഷിക വാടക പുതുക്കി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നു.

(ഫയൽ നം : E2 -988/20, E2-6264-/20, E2-990/20)

നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ റോഡ് കട്ടിംഗ് നടത്തി GI പോളുകൾ സ്ഥാപിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിയ്ക്കുന്നതിനു ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് എന്ന കമ്പനി അപേക്ഷ സമർപ്പിക്കുകയും, തുടർ നടപടികളുടെ അടിസ്ഥാനത്തിൽ നഗരസഭ ആയതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ 1252 GI പോളുകൾ സ്ഥാപിക്കുന്നതിനായി വ്യത്യസ്ത കാലയളവുകളിലായി 3 അപേക്ഷകൾ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷം 3 വ്യത്യസ്ത കരാറുകളിൽ നഗരസഭയും കമ്പനിയും ഏർപ്പെട്ടിട്ടുമുണ്ട്. കരാറിനു ആധാരമാക്കിയിട്ടുള്ള സർക്കാർ ഉത്തരവിൽ (GO(Rt) No.89/2020/PWD Dt.23-01-20) ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ് കട്ടിംഗ് ആരംഭിക്കുന്ന തീയതിയും, റോഡ് കട്ടിംഗ് അവസാനിക്കുന്ന തീയതിയും ഉൾപ്പെടുത്തിയ വിശദമായ ഷെഡ്യൂൾ ഹാജരാക്കണമെന്ന ക്രമ നം 3 പ്രകാരമുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല.

2) 07-10-20, 23-12-20, 06-01-21 എന്നീ മൂന്നു തീയതികളിലായി 1252 പോളുകൾ സ്ഥാപിക്കുന്നതിനു മൂന്നു വ്യത്യസ്ത അനുമതി പത്രങ്ങൾ നൽകിയിട്ടുണ്ട്. പോളുകൾ സ്ഥാപിച്ച് വർക്ക് പൂർത്തീകരിച്ച വിവരം കമ്പനി

നഗരസഭയെ അറിയിച്ചിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് അനുസൃതമായാണോ പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് നഗരസഭ സാങ്കേതിക വിഭാഗം പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടില്ല. സ്ഥാപിക്കപ്പെട്ട പോളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

3) സർക്കാർ ഉത്തരവിലെ ക്രമ നം 2 വ്യവസ്ഥ പ്രകാരം ഒരു പോളിന്റെ പ്രതിവർഷ വാടക 360 രൂപയും വാർഷിക വാടക വർദ്ധനവ് 5 ശതമാനവുമാണ്. വാടക ഇനത്തിലുള്ള തുക മുൻകൂർ അടവാക്കിയാണ് പോളുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി തേടേണ്ടത്. 1252 പോളുകളുടെ വാടകയായി 450720 രൂപ മുൻകൂർ അടവാക്കിയിട്ടുണ്ട്. അനുമതി നൽകി ഒരു വർഷം പൂർത്തിയായിട്ടും തുടർന്നുള്ള വാർഷിക വാടക ഈടാക്കിയിട്ടില്ല.

4) നഗരസഭയ്ക്ക് ദീർഘകാലത്തേയ്ക്ക് വരുമാനം ലഭിക്കുന്ന ഇനം ആയതിനാൽ ഇതു സംബന്ധിച്ച് രജിസ്റ്ററുകൾ കണക്കുകൾ എന്നിവ സൂക്ഷിക്കേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

മേൽ പരാമർശങ്ങളിൽ വിശദീകരണം നൽകുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.42/23.04.22), റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതാണെന്നും, സ്ഥാപിച്ചിട്ടുള്ള പോളുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണെന്നും, രജിസ്റ്ററുകൾ തയ്യാറാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക ഇനത്തിലുള്ള വരുമാനം സമയബന്ധിതമായി ഈടാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 സർക്കാർ അംഗീകരിച്ച വിലയിൽ നിന്നും കൂടിയ തുകയ്ക്ക് കസേരകൾ വാങ്ങി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 508/21- സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ മുറിയിലേക്ക് റിവോൾവിംഗ് ചെയറും കൗൺസിലറുമാരുടെ മുറിയിൽ കുഷ്യൻ കസേരയും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക, ഫണ്ടിനം | 344324 രൂപ, വികസനഫണ്ട്<br>(അടങ്കൽ- 350000) |
| ബിൽ നം, തീയതി | 20050747000400453092 തീയതി 20/08/2020 |
| ഫയൽ നം. | പി1-8381/19 |

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ മുറിയിലേക്ക് റിവോൾവിംഗ് ചെയറും കൗൺസിലർമാരുടെ മുറിയിൽ കുഷ്യൻ കസേരയും വാങ്ങാനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പർച്ചേസ് കമ്മറ്റിയും കൗൺസിൽ യോഗവും അംഗീകരിച്ച ഇനങ്ങൾ അല്ല വാങ്ങിയത്. കൂടാതെ സർക്കാർ അംഗീകരിച്ച നിരക്കിൽ നിന്നും കൂടിയ നിരക്കിൽ വാങ്ങൽ നടത്തിയതുമൂലം അധികചെലവ് ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർട്കോ, സിഡ്കോ എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സിഡ്കോയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിനാണ് 11.11.2019-ലെ പർച്ചേസ് കമ്മിറ്റിയും 19.12.2019-ലെ കൗൺസിൽ യോഗവും തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

| Item | Quantity | Rate (Excluding GST) |
|---|---|---|
| Revolving Chair Medium Back With Push Back | 6 Nos | 5976 |
| Steel Cushioned Chair Seat And Back | 100 Nos | 2575 |

(ഈ ഇനങ്ങൾക്ക് മാത്രമാണ് 2 സ്ഥാപനങ്ങളും ടെണ്ടർ സമർപ്പിച്ചിരുന്നത്.)

എന്നാൽ നഗരസഭ ചെയർമാന്റെ നിർദ്ദേശാനുസരണം, പുതുക്കിയ ഇൻവോയ്സ് 29.06.2020-ൽ സിഡ്കോയിൽ നിന്നും വാങ്ങിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ പ്രോഫോർമ ഇൻവോയിസ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സാധനങ്ങളാണ് സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്.

| Sl. No | Item | Unit Price | Quantity | Gross Value (Excluding GST) |
|---|---|---|---|---|
| 1 | Executive High Back Revolving Chair Hcy101 | 21000 | 1 | 21000 |
| 2 | High Back Revolving Chair Cushion Seat & Back Hcu101 | 12000 | 2 | 24000 |
| 3 | Medium Back Revolving Chair Tqv 201 | 6500 | 6 | 39000 |
| 4 | Visitors ChairTqt301 | 3850 | 28 | 107800 |
| 5 | Visitors ChairTqv301 | 5000 | 20 | 100000 |

വാങ്ങുന്ന ഇനങ്ങളിലും വിലയിലും മാറ്റം വരുത്തിയതിന് പർച്ചേസ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും അംഗീകാരം വാങ്ങേണ്ടിയിരുന്നു. എന്നാൽ ഈ രണ്ട് കമ്മിറ്റികളുടെയും അംഗീകാരം ഇല്ലാതെയാണ് കസേരയുടെ ഇനം മാറ്റിയത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം 3/2020-21 തീയതി 17.11.21) മറുപടിയോടൊപ്പം മേൽ വാങ്ങൽ സാധൂകരിച്ചുകൊണ്ടുള്ള 09.02.2022 ലെ കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പർച്ചേസിംഗ് കമ്മറ്റിയുടേയും കൗൺസിലിന്റേയും അനുവാദമില്ലാതെ വാങ്ങലുകൾ നടത്തുകയും ഓഡിറ്റ് ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് ഒന്നരവർഷത്തിനുശേഷം കൗൺസിലിൽ വച്ച് സാധൂകരണം വാങ്ങുകയും ചെയ്തത് അംഗീകരിക്കത്തക്കതല്ല. ഇത്തരത്തിലുള്ള ക്രമരഹിതമായ നടപടികൾ ഒഴിവാക്കേണ്ടതും വാങ്ങലുകൾ സ്റ്റോർപർച്ചേസ് നിയമങ്ങൾ, നടപടിക്രമങ്ങൾ ഇവ പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

3. സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സിഡ്കോയിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങാൻ പറ്റുന്ന സാധനങ്ങളുടെ പരമാവധി വില പ്രൈസ് ലിസ്റ്റ് 28.05.2015-ലെ ജി.ഒ.(ആർടി) നം.26/2015/എസ്.പി.ഡി. പ്രകാരം ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുണ്ട് (സ്റ്റീൽ ഉപകരണങ്ങൾ-അനുബന്ധം IV). ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ മേൽ ഉത്തരവിൽ നിശ്ചയിച്ചിരിക്കുന്ന വിലയിൽ കവിയരുത് എന്ന് 17.06.2017-ലെ ജി.ഒ.(ആർടി) നം. 33/2017/എസ്.പി.ഡി. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി കൂടിയ നിരക്കിലാണ് കസേരകൾ വാങ്ങിയത്. ഇനങ്ങളുടെ സ്പെസിഫിക്കേഷൻ മാത്രമാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ പ്രോഡക്ടുകൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ അധികനിരക്ക് നൽകിയതുമൂലം 77692 രൂപയുടെ നഷ്ടം ഉണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അനുബന്ധം IV-ലെ ക്രമനം, വില | വാങ്ങിയ വില | വ്യത്യാസം | കസേരകളുടെ എണ്ണം | കൂടുതലായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | Executive High Back Revolving Chair Hcy101 | 50, 11868 രൂപ | 21000 | 9132 | 1 | 9132 |
| 2 | High Back Revolving Chair Cushion Seat & Back Hcu101 | 24, 8024 രൂപ | 12000 | 3976 | 2 | 7952 |

| | | | | | | |
|---|---|---|---|---|---|---|
| 3 | Medium Back Revolving Chair Tqv 201 | 23, 5976 രൂപ | 6500 | 524 | 6 | 3144 |
| 4 | Visitors ChairTqt301 | 46, 3132 രൂപ | 3850 | 718 | 28 | 20104 |
| 5 | Visitors ChairTqv301 | 46, 3132 രൂപ | 5000 | 1868 | 20 | 37360 |
| ആകെ | | | | | | 77692+ 18% GST |

കൂടുതൽ നൽകിയ 77692 രൂപയും 18% നിരക്കിലുള്ള ജി.എസ്.റ്റി. 13985 രൂപയും ഉൾപ്പെടെ 91677 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം 3/2020-21 തീയതി 17.11.21) പരാമർശത്തിനുമേൽ വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അംഗീകരിച്ച നിരക്കിലും കൂടുതലായി ചെലവഴിച്ച 91677 രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(നിരാകരണം-91677 രൂപ)

## 1-23 സിഡ്കോയിൽ നിന്നും കസേരകൾ വാങ്ങിയതിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 506/21- നഗരസഭ ഓഫീസിന് മുകൾ വശത്തുള്ള ഹാളിലേക്ക് കസേര, മേശ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക, ഫണ്ടിനം | 134555രൂപ, വികസനഫണ്ട്<br>(അടങ്കൽ- 166600) |
| ബിൽ നം, തീയതി | 20050747000400450321തീയതി 20/08/2020-- 118557 രൂപ<br>20050747000401204825 തീയതി 08/03/2021-- 15998 രൂപ |
| ഫയൽ നം. | പി 1-8383/19 |

ക്വട്ടേഷൻ /ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാൻ അനുമതിയുള്ള സ്ഥാപനങ്ങളിൽ നിന്ന് നഗരസഭ ഓഫീസിന് മുകൾ വശത്തുള്ള ഹാളിലേക്ക് കസേരയും മേശയും വാങ്ങുന്നതിനാണ് പ്രൊജക്റ്റ് രൂപീകരിച്ചത്.

സർക്കാർ/അർദ്ധസർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാകേണ്ടതാണെന്നും അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും ഉള്ള 02.12.2016-ലെ സ.ഉ(സാധാ)നം. 3299/2016/തസ്വഭവ നമ്പർ ഉത്തരവിന് വിരുദ്ധമായി സിഡ്കോയിൽ നിന്നും 'നീൽകമൽ' കമ്പനിയുടെ പ്ലാസ്റ്റിക്ക് കസേരയും 'BOSQ' എന്ന ബ്രാൻഡിലുള്ള റിവോൾവിംഗ് ചെയറുമാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആർട്കോ, സിഡ്കോ എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സിഡ്കോയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിനാണ് 11.11.2019-ലെ പർച്ചേസ് കമ്മിറ്റിയും 19.12.2019-ലെ കൗൺസിൽ യോഗവും തീരുമാനമെടുത്തിരുന്നത്.

| Item | Quantity | Rate(excluding GST) |
|---|---|---|
| Plastic Moulded Arm Chair- Nilkamal | 150 Nos | 550 |
| Steel Visitors Chair Cushion Seat And Back | 15 Nos | 3132 |
| AW Dining Table 180X90X75cm With Laminated Plywood Table 8X4 Novopan Top | 2 | 8986 |

സിഡ്കോയുടെ 30.06.2020-ലെ ALPY/20-21/19 നമ്പർ ബിൽ പ്രകാരം വാങ്ങിയ കസേരകളുടെ വിവരം ചുവടെ ചേർക്കുന്നു.

| SL.No | Item | Quantity | Rate | Total Amount |
|---|---|---|---|---|
| 1 | Plastic Moulded Arm Chair | 150 | 550 | 82500 |
| 2 | Revolving Chair Highback (BOSQ Brand) | 2 | 6779 | 13558 |
| Total | | | | 96058+ 18%GST |

കസേരകളുടെ വില 96058 രൂപയും 18% ജി.എസ്.റ്റി. 17290 രൂപയും ചേർത്ത് ആകെ 113348 രൂപ ഈ രണ്ട് ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ മര/സ്റ്റീൽ ഫർണിച്ചറുകൾ ആശുപത്രി ഫർണിച്ചറുകൾ എന്നിവ മാത്രമാണ് വാങ്ങാൻ അനുമതിയുള്ളത്. സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുമ്പോൾ പ്രസ്തുത സാധനങ്ങൾ സിഡ്കോ നിർമ്മിക്കുന്നതാണെന്നും പുറത്ത് നിന്നും വാങ്ങിയതല്ല എന്നുമുള്ള സർട്ടിഫിക്കറ്റ് പർച്ചേസിംഗ് ഓഫീസർ, സിഡ്കോയിൽ നിന്നും ലഭ്യമാക്കണമെന്ന് 14.11.2019-ലെ ജി.ഒ.(ആർ.ടി.)നം. 49/2019/എസ്.പി.ഡി. ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്രകാരമൊരു സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിനാൽ ചെലവ് തുക തടസ്സപ്പെടുത്താതിരിക്കാൻ വിശദീകരണം ലഭ്യമാക്കണമെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 4/2020-21 തീയതി 17.11.21) ലഭ്യമാക്കിയ മറുപടിയിൽ മേൽ വാങ്ങലുകൾ 09.02.2022 ലെ കൗൺസിൽ സാധൂകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കി. കൂടാതെ BOSQ Brand സിഡ്‌ക്കോ രജിസ്ട്രേഷനുള്ള ചെറുകിട യൂണിറ്റ് ഉൽപാദിപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പ്ലാസ്റ്റിക് ചെയർ (നീൽകമൽ) നിർമ്മാണം/ വിതരണം എന്നിവയ്ക്ക് സിഡ്‌ക്കോയ്ക്ക് അനുമതി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ വാങ്ങലിനായി ചെലവഴിച്ച 82500 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-24 കോവിഡ് കെയർ സെന്റർ-ഭക്ഷണ വിതരണം കരാറുകാരൻ മുഖേന നടപ്പിലാക്കിയത്- നഗരസഭയുടെ ചെലവു കുറയ്ക്കാനുതകുന്ന രീതിയിൽ ക്വട്ടേഷൻ നടപടികൾ ക്രമീകരിച്ചില്ല , കരാർ വ്യവസ്ഥകൾ ലംഘിച്ചു വഴി വിതരണം ചെയ്യാത്ത കുടിവെള്ളത്തിനും കരാറുകാരനു പണം നൽകി.

(ഫയൽ നം :H6-9738/20)

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചനുകൾ 27-03-20 മുതൽ 17-05-20 വരെ നഗരസഭയും കുടുംബശ്രീയും സംയുക്തമായി നടത്തുകയും, തുടർന്ന് കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തനം അവസാനിപ്പിക്കുകയും ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിട്ടുള്ളവർക്കായി നഗരസഭ നേരിട്ട് പ്രത്യേക അടുക്കളകൾ 18-05-20 മുതൽ നടത്തുകയും ചെയ്തു. വാളന്റിയർമാരെ കിട്ടാൻ ബുദ്ധിമുട്ടുള്ളതിനാലും നിലവിലുള്ള സാഹചര്യത്തിൽ ഭക്ഷണവിതരണം ദീർഘകാലം തുടരേണ്ടതിനാലും ഭക്ഷണവിതരണത്തിനു ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഹെൽത്ത് സെക്ഷൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, 30-06-20 ൽ കൂടിയ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മറ്റിയുടെ തീരുമാനം 5 , 04-07-20 ൽ കൂടിയ സ്റ്റിയറിംഗ് കമ്മറ്റിയുടെ തീരുമാനം 1 എന്നിവയുടെ അടിസ്ഥാനത്തിലും ഭക്ഷണവിതരണം കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിനു തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർ.ചന്ദ്രലാൽ, റാന്തൽ റസ്റ്റോറന്റ്, മുനിസിപ്പൽ പാർക്ക് എന്ന വ്യക്തിയുടെ കരാർ കൗൺസിലിന്റെ അനുമതി പ്രതീക്ഷിച്ച് കൊണ്ട് 07-07-20 ൽ ചെയർമാൻ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത നടപടികൾ എല്ലാം 21-07-20 ൽ കൂടിയ കൗൺസിലിന്റെ തീരുമാനം 18 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച നടപടികളുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഭക്ഷണവിതരണം ദീർഘകാലം തുടരേണ്ടിവരും എന്ന് ബോധ്യമുണ്ടായിരുന്നിട്ടും കരാർ അടിസ്ഥാനത്തിൽ ഭക്ഷണവിതരണം നടത്തുന്നതിനു മതിയായ മുന്നൊരുക്കം നടത്തിയില്ല. 04-07-20 ൽ തുടങ്ങിയ നടപടികൾ 07-07-20 ൽ പൂർത്തീകരിച്ചു. ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിച്ചത് 06-07-20 ലാണ്. ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന സമയം തൊട്ടടുത്ത ദിവസമായ 07-07-20-ന് 3 PM വരെയുമായിരുന്നു. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധി കുറവായിരുന്നുവെങ്കിലും ഭക്ഷണവിതരണം ചെയ്യപ്പെടേണ്ടിയിരുന്ന അന്തേവാസികളുടെ ഏകദേശ എണ്ണം, ഭക്ഷണത്തിന്റെ മെനു, അളവ് എന്നീ വിവരങ്ങൾ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട സെക്ഷൻ ഫയലിലും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കി നോട്ടീസ് ബോർഡിൽ പതിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിനു വ്യാപക പ്രചാരം നൽകിയില്ല. ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മതിയായ സമയം നൽകാതിരുന്നതിനാലും, ക്വട്ടേഷൻ നോട്ടീസിൽ വിശദ വിവരങ്ങൾ ഉൾപ്പെടുത്താതിരുന്നതിനാലും മത്സര സ്വഭാവമുള്ള കൂടുതൽ ക്വട്ടേഷനുകൾ ലഭിക്കുന്നതിനുള്ള സാധ്യത പരിമിതപ്പെട്ടു.

2) കരാർ ലഭിച്ച ആർ.ചന്ദ്രലാൽ, റാന്തൽ റസ്റ്റോറന്റ് എന്ന വ്യക്തി രണ്ടു നേരം ചായ , പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, 2 ലിറ്റർ കുടിവെള്ളം എന്നിവ ഉൾപ്പെടെ നൽകുന്നതിനു ഒരാൾക്കു 189 രൂപ എന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹാജരാക്കിയ ഭക്ഷണ വിതരണ രജിസ്റ്റർ, ബില്ലുകൾ എന്നിവ പ്രകാരം 08-07-20 മുതൽ 14-12-20 വരെയാണ് ഭക്ഷണവിതരണം നടന്നിട്ടുള്ളത്. ആയതിലേക്കായി നികുതികൾ കിഴിച്ച് കരാറുകാരനു 4248486 രൂപ നല്കിയിട്ടുണ്ട്. ക്വട്ടേഷനിലും കരാറിലും രേഖപ്പെടുത്തിയ പ്രകാരം ഒരാൾക്കു പ്രതിദിനം രണ്ട് ലിറ്റർ കുടിവെള്ളം വിതരണം ചെയ്യേണ്ടിയിരുന്നു. കരാറുകാരൻ ഹാജരാക്കിയ ബില്ലുകൾ,

ഭക്ഷണവിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തിട്ടില്ല എന്നു കാണുന്നു. 08-07-20 മുതൽ 14-12-20 വരെ കോവിഡ് കെയർ സെന്ററുകളിലെ ആകെ താമസക്കാർ 23174 പേരാണ്. ഇവർക്കു കരാർ പ്രകാരം 46348 ലിറ്റർ കുപ്പിവെള്ളം വിതരണം ചെയ്യേണ്ടിയിരുന്നു. എന്നാൽ ക്വട്ടേഷനിൽ പരാമർശിച്ചതു കൂടാതെ 08-07-20 മുതൽ 02-11-20 വരെ അധികമായി 18300 ലിറ്റർ കുപ്പിവെള്ളം വിതരണം ചെയ്തതായി കാണിച്ച് ബില്ലുകൾ ഹാജരാക്കുകയും ആയതിനു ലിറ്ററിനു 13 രൂപ നിരക്കിൽ 237900 രൂപ കരാറുകാരൻ അധികമായി ഡിമാന്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ ടി തുക അനുവദിച്ചു നൽകിയിട്ടില്ല. ബില്ലുകൾ ഹാജരാക്കിയിട്ടുള്ള 18300 ലിറ്റർ കുപ്പിവെള്ളത്തിന്റെ വിതരണം അംഗീകരിച്ചാൽ പോലും കരാർ പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന കുപ്പിവെള്ളത്തിൽ 28048 ലിറ്റർ (46348-18300) കുറവു വന്നിട്ടുണ്ട്. ഈയിനത്തിൽ 364624 രൂപ (28048 X 13)നഗരസഭയ്ക്കു അധിക ചെലവും വന്നിട്ടുണ്ട്.

മേൽ പരാമർശങ്ങൾക്കു വിശദീകരണം നൽകുന്നതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.13/10.01.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിര പ്രാധാന്യമുള്ളതിനാലും, ലോക്ഡൗൺ ആയിരുന്നതിനാലുമാണ് ക്വട്ടേഷനു വിപുലമായ പരസ്യം നൽകാൻ സാധിക്കാതിരുന്നതെന്നും, കരാറുകാരൻ ഭക്ഷണത്തോടൊപ്പം വെള്ളം നൽകിയിട്ടുള്ളതായും, അധികം നൽകിയതായി അവകാശപ്പെട്ടിട്ടുള്ള കുടിവെള്ളത്തിന്റെ വില അനുവദിച്ചു നൽകിയിട്ടില്ലായെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടികൾക്കു മതിയായ മുന്നൊരുക്കം നടത്താതിരുന്നതിനെ പ്രസ്തുത മറുപടി സാധൂകരിക്കുന്നില്ല. മാത്രമല്ല, ഭക്ഷണത്തോടൊപ്പം കുടിവെള്ളം വിതരണം നടത്തിയതായി തെളിയിക്കുന്ന രേഖപ്പെടുത്തലുകളൊന്നും രജിസ്റ്ററിൽ/രേഖകളിലില്ല. കരാർ വ്യവസ്ഥകൾ പ്രകാരം കുടിവെള്ളം വിതരണം ചെയ്തതിന്റെ രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വിതരണം ചെയ്യാത്ത കുടിവെള്ളത്തിനായി അധികം ചെലവഴിച്ച 364624 രൂപയുടെ ചെലവു നിരാകരിക്കുന്നു. ഭക്ഷണ വിതരണത്തിന്റെയും രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന്റെയും ചുമതല വഹിച്ചിരുന്ന ശ്രീ.വി.മോഹനൻ, ജെ.എച്ച്.ഐ-യിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

ചെലവുവിവരം

ചെക്കു നമ്പർ / തീയതി തുക

014169 / 28-07-20 രൂ.774570

014186 / 14-08-20 രൂ.561357

014221 / 27-08-20 രൂ.437793

014241 / 09-09-20 രൂ.425325

238450 / 13-10-20 രൂ.375825

350361 / 23-10-20 രൂ.573456

350423 / 11-12-20 രൂ.454839

350493 / 21-01-21 രൂ.645321

## 1-25 കുടിവെള്ള വിതരണം -വാഹന വാടക ഇനത്തിൽ 22400 രൂപയുടെ അധിക ചെലവ്

(ഫയൽ നം :H6-4874/19)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ.) നം.494 / 2020 / ത.സ്വ.ഭ.വ തീ: 27-02-20 പ്രകാരം, കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട് / പ്ലാൻ ഫണ്ട് ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനു അനുമതി നൽകിയിരുന്നു. ഉത്തരവു പ്രകാരം ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തേണ്ടതും ജി.പി.എസ് ലോഗും, വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പു വരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചെലവു തുക വിനിയോഗിക്കേണ്ടതുമാണ്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07-03-20 ൽ നഗരസഭ ക്വട്ടേഷൻ ക്ഷണിക്കുകയും, കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത ഗീത ആർ, രാധാസദനം, കിഴക്കുംമുറി എന്ന വ്യക്തിയുമായി നെഗോഷ്യേറ്റ് ചെയ്ത് പ്രതിദിനം 5600 രൂപ നിരക്കിൽ KL 27G 7760 എന്ന രജിസ്ട്രേഷൻ നമ്പരിലുള്ള വാഹനത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനു 12-03-20 ൽ വർക്ക് ഓർഡർ

നൽകുകയും ചെയ്തു.

നഗരസഭ സെക്രട്ടറിയുടെ, 12-03-20 ലെ ഉത്തരവു പ്രകാരം കുടിവെള്ള വിതരണം, ലോഗ് ബുക്ക് പരിശോധന, കുടിവെള്ള വിതരണത്തിന്റെ രജിസ്റ്റർ എഴുതി സൂക്ഷിക്കുക, എല്ലാ ദിവസവും റിപ്പോർട്ട് ഹെൽത്ത് സൂപ്പർവൈസർക്ക് സമർപ്പിക്കുക എന്നീ ചുമതലകൾ ശ്രീ.പി.മോഹനൻ, JHI II എന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ന്യൂനതകൾ / അധിക ചെലവുകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) 13-03-20 മുതൽ 14-04-20 വരെ എല്ലാ ദിവസങ്ങളിലും കുടിവെള്ള വിതരണം നടത്തിയതിനു പ്രതിദിനം 5600 രൂപ നിരക്കിൽ 33 ദിവസത്തിനു 184800 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബില്ലിനൊപ്പം ഹാജരാക്കിയിട്ടുള്ള GPS ചാർട്ട്, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ, കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും 22-03-20, 31-03-20, 10-04-20 എന്നീ ദിവസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയിട്ടില്ലാത്തതാണ്. 3 ദിവസത്തെ വാഹന വാടക അധികം നൽകി

2) 15-04-20 മുതൽ 15-06-20 വരെ എല്ലാ ദിവസങ്ങളിലും കുടിവെള്ള വിതരണം നടത്തിയതിനു പ്രതിദിനം 5600 രൂപ നിരക്കിൽ 62 ദിവസത്തിനു 341880 രൂപ (ആദായ നികുതി 5320 രൂപ കിഴിച്ച് ) ചെലവഴിച്ചിട്ടുണ്ട്. ബില്ലിനൊപ്പം GPS ചാർട്ട് ഹാജരാക്കിയിട്ടില്ല. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ, കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പ്രകാരം 31-05-20 ൽ കുടിവെള്ള വിതരണം നടത്തിയിട്ടില്ല എന്നു കാണുന്നു. ഒരു ദിവസത്തെ വാഹന വാടക അധികം നൽകി.

3) 12-03-20 ൽ നഗരസഭ സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചല്ല കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ലോഗ് ബുക്കുകൾ പരിശോധിച്ച് പ്രതിദിന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പി.മോഹനൻ, JHI II എന്ന ഉദ്യോഗസ്ഥനാണു കുടിവെള്ള വിതരണത്തിന്റെ ചുമതല ഉണ്ടായിരുന്നത്. എന്നാൽ ഈ ഉത്തരവ് നിലനിൽക്കെ 17-08-20 മുതൽ 06-10-20 വരെ കുടിവെള്ള വിതരണത്തിന്റെ ചുമതല മനോജ് .ഇ.കെ JHI II നിർവ്വഹിച്ചിട്ടുള്ളതായും കാണുന്നു.

മേൽ പരാമർശങ്ങൾക്കു വിശദീകരണം നൽകുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.11/ 05-01-22) മറുപടി ഹാജരാക്കിയിട്ടുണ്ട്. വാഹനം ഓടിയ ദിവസങ്ങളുടെ എണ്ണം നോക്കിയാണ് തുക അനുവദിച്ചിട്ടുള്ളതെന്നും, വാഹനം ഓടാത്ത ദിവസങ്ങളിലെ തുക അനുവദിച്ചിട്ടില്ലായെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്കു ഹാജരാക്കിയ രേഖകൾ അനുസരിച്ച് കുടിവെള്ള വിതരണം നടത്താതിരുന്ന മേൽ പരാമർശിച്ച നാലു ദിവസങ്ങളിലും കരാറുകാരനു തുക അനുവദിച്ചിട്ടുണ്ട്. 17-08-20 മുതൽ 06-10-20 വരെയുള്ള കാലയളവിൽ 17, 18 വാർഡുകളിൽ വെള്ളപ്പൊക്കം ഉണ്ടായതിനാൽ പ്രസ്തുത വാർഡുകളിലെ കോവിഡ് കെയർ സെന്ററുകളുടെ ചുമതല വഹിച്ചിരുന്ന മനോജ് .ഇ.കെ JHI II -യ്ക്കു കുടിവെള്ള വിതരണത്തിന്റെ ചുമതലയും നൽകി എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഓഫീസ് ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിലും, ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചകൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിലും അലംഭാവം ഉണ്ടായിട്ടുണ്ട്. വാഹന വാടക ഇനത്തിൽ അധികം ചെലവഴിച്ച 22400 രൂപ (4x5600) കുടിവെള്ള വിതരണത്തിന്റെ ചുമതല വഹിച്ചിരുന്ന പി.മോഹനൻ JHI II ൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവു വിവരം

ചെക്ക് നം / തീയതി തുക

636783 / 02-06-20- രൂ.184800

014134 / 15-07-20 -രൂ.341880

350469 / 08-01-21 -രൂ.66528

## 1-26 സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹരായ ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിൽ വീഴ്ച വരുത്തുന്നു.

(ഫയൽ നം : G5-13445/20 , G5-22516/16)

സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും,

നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് സ.ഉ.(എം.എസ്) നം. 97/2020/ധന തീ: 23/09/2020 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായി ബന്ധപ്പെട്ട പൊതു മാനദണ്ഡങ്ങൾ, ഓരോ ഇനം പെൻഷനുമുള്ള പ്രത്യേക മാനദണ്ഡങ്ങൾ, നിലവിലുള്ള ഗുണഭോക്താക്കളിൽ അനർഹരായവരെയും മരണപ്പെട്ടവരെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ എന്നിവ വിശദമാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകൾ,സർക്കാർ ഉത്തരവ് എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ, മരണപ്പെടുന്നവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി / ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതു മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, അംഗൻവാടി വർക്കർമാരുടെ സേവനം ഉപയോഗപ്പെടുത്തി മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും ലിസ്റ്റ് ഓരോ മാസവും ഹാജരാക്കുന്നതിനു 20.10.2020 ൽ ICDS സൂപ്പർവൈസർക്കു കത്തു നൽകി. ICDS സൂപ്പർവൈസർ 23.11.20 ൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 286 ഗുണഭോക്താക്കളെ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഓരോ മാസവും അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ആദ്യഘട്ട നടപടിയുടെ തുടർച്ചയായി, പ്രതിമാസ വിവരശേഖരണം, ഒഴിവാക്കൽ എന്നിവ നടത്താതിരുന്നത് ഡേറ്റാബേസിന്റെ കൃത്യത ഉറപ്പാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും വിഘാതമായിട്ടുണ്ട്.

2) സർക്കാർ ഉത്തരവിൽ, ആശാവർക്കർമാരുടെ സേവനം ഉപയോഗപ്പെടുത്താമെന്നു നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയതിനുള്ള സാധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല.

3) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും, അന്വേഷണത്തിനു ശേഷം പ്രസ്തുത ഗുണഭോക്താക്കളെ പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കണമെന്നും 23-09-20 ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ പെൻഷൻ വിതരണം നടത്തുന്നതു മുത്തൂർ, കുറ്റപ്പുഴ, കാവുംഭാഗം എന്നീ 3 സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേനയാണ്. സർക്കാർ ഉത്തരവു ലഭിച്ച മാസങ്ങൾക്കു ശേഷം 16-03-21-ൽ മാത്രമാണ് നഗരസഭ ഈ വിഷയത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾക്കു കത്ത് നൽകിയിട്ടുള്ളത്. കുറ്റപുഴ സർവ്വീസ് സഹകരണ ബാങ്ക് , മുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ രണ്ടു സ്ഥാപനങ്ങൾ മാത്രമാണ് മരണപ്പട്ടവരുടെ ലിസ്ററ് നൽകിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റ് 09-12-21-ൽ അന്വേഷണത്തിനായി ICDS സൂപ്പർവൈസറിന് നൽകിയിരുന്നുവെങ്കിലും അന്വേഷണ റിപ്പോർട്ട് ഹാജരാക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

4) ജനന-മരണ രജിസ്ട്രേഷൻ വിഭാഗത്തിൽ നിന്നും വിവര ശേഖരണം നടത്തി, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മരണം നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സംഗതികളിൽ പ്രസ്തുത ഗുണഭോക്താക്കളെ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തുന്നില്ല.

നഗരസഭാ പരിധിയിൽ താമസിച്ചിരുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ ഗുണഭോക്താവിന്റെ പേര് / വാർഡ് നം | പെൻഷണർ ഐഡി(വാർദ്ധക്യകാല പെൻഷൻ) | മരണപ്പെട്ട തീയതി | പെൻഷൻ സസ്പെൻഡ് ചെയ്ത തീയതി |
|---|---|---|---|---|
| 1 | ഗീവർഗ്ഗീസ് / 23 | 101790201867 | 05-09-20 | 17-11-20 |
| 2 | റ്റി.റ്റി ചാണ്ടി / 12 | 101790200551 | 04-01-20 | 23-01-20 |
| 3 | സോമൻ തോമസ് / 4 | 101790203875 | 27-11-19 | 25-01-20 |
| 4 | നാരായണി / 33 | 101790200907 | 10-01-20 | 11-06-20 |

| | | | | |
|---|---|---|---|---|
| 5 | ചാക്കോ മത്തായി / 19 | 101790201028 | 11-04-20 | 26-05-20 |
| 6 | ചാക്കോ സി.ജെ / 7 | 101790200794 | 13-09-20 | 15-10-20 |
| 7 | പി.കെ . ചാക്കോ / 30 | 101790200219 | 23-08-20 | 09-11-20 |
| 8 | ചിന്നമ്മ / 29 | 101790200176 | 01-06-20 | 12-10-20 |
| 9 | തങ്കമ്മ യോഹന്നാൻ / 6 | 101790200832 | 21-05-20 | 12-10-20 |

മേൽ പരാമർശങ്ങളിൽ വിശദീകരണം നൽകുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/ 29.04.2022 ) നൽകിയ മറുപടിയിൽ, പ്രതിമാസ റിപ്പോർട്ട് ഹാജരാക്കുന്നതിനും, സഹകരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ലിസ്റ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും ICDS സൂപ്പർവൈസർക്കും, പെൻഷൻ വിതരണത്തിന് ശേഷം കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹതയുള്ള കരങ്ങളിൽ മാത്രം എത്തിച്ചേരുന്നു എന്നുറപ്പാക്കുന്നതിന് വിവിധ തലങ്ങളിലുള്ള പരിശോധനയും ഏകോപനവും ആവശ്യമാണ്. നഗരസഭ കൗൺസിലർമാരുടെയും, നഗരസഭയുടെ നിയന്ത്രണത്തിൽ വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തി സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ്-കുടിശ്ശിക തെറ്റായി ഡിമാന്റ് ചെയ്തതു വഴി നഗരസഭയ്ക്ക് അധിക ബാധ്യത

(ഫയൽ നം :E2 -8321 / 16)

നഗരസഭ 363 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് നിലവിൽ അടവാക്കുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം പ്രതിമാസം 238491 രൂപ നിരക്കിലാണ് വാട്ടർ ചാർജ്ജ് ഡിമാന്റ് ചെയ്തിട്ടുള്ളത്. 2020 ജനവരിമാസം നൽകിയ ഡിമാന്റ് നോട്ടീസിൽ ( ബിൽ നം 39907 / 13-01-20) കുടിശ്ശിക ഇനത്തിൽ 257768 രൂപയും ഫൈൻ ഇനത്തിൽ 5155 രൂപയും തെറ്റായി ഡിമാന്റ് ചെയ്തിട്ടുള്ളത് 2019-20 വർഷത്തെ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ E2 -8321 / 16 Dt 17-12-20 കത്തു മുഖേന നഗരസഭ പ്രസ്തുത വിഷയം വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി ഈ വിഷയത്തിൽ മറുപടി നൽകുകയോ കുടിശ്ശിക ഒഴിവാക്കുകയോ ചെയ്തിട്ടില്ല. നഗരസഭയും ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ 2021 ആഗസ്റ്റ് മാസം ( ബിൽ നം 55123 / 11-08-21 ) കുടിശ്ശിക ഇനത്തിൽ 406743രൂപയും ഫൈൻ 7980രൂപയും ഡിമാന്റ് ചെയ്തിരിക്കുന്നു. കുടിശ്ശിക സംബന്ധിച്ച വിഷയത്തിൽ ഗൗരവപൂർണ്ണമായ തുടർനടപടികൾ സ്വീകരിക്കാതിരിക്കുന്നതു ഫൈൻ ഇനത്തിൽ വലിയ ബാധ്യത സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഓരോ മാസവും കുടിശ്ശിക ഇനത്തിലുള്ള ബാധ്യത വർദ്ധിച്ച് വന്നിട്ടും വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. മാത്രവുമല്ല, ഡിമാന്റിൽ നിന്നും കുടിശ്ശിക ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി നേരിട്ട് ബന്ധപ്പെട്ട് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുമില്ല.

മേൽ വിഷയത്തിന്മേലുള്ള വിശദീകരണം ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5 / 18.11.2021), പ്രസ്തുത വിഷയത്തിൽ വാട്ടർ അതോറിറ്റിക്ക് കത്തു നൽകിയിട്ടുള്ളതായും, തുടർന്ന് ഓർമ്മക്കുറിപ്പ് നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. വാട്ടർ ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശിക വർദ്ധിച്ച് വന്നിട്ടും ആയതു പരിഹരിക്കുന്നതിൽ ഗൗരവപൂർണ്ണമായ നടപടികൾ സ്വീകരിക്കാതിരുന്നതു നഗരസഭയുടെ വീഴ്ചയായി വിലയിരുത്തുന്നു. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 അസറ്റ് രജിസ്റ്റർ ഡിജിറ്റലൈസേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 511/21- അസറ്റ് രജിസ്റ്റർ തയ്യാറാക്കൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക, ഫണ്ടിനം | 100000 രൂപ, തനത് ഫണ്ട്<br>അടങ്കൽ- 600000 |
| ചെക്ക് നം, തീയതി | 350359 തീയതി 23/10/2020 |
| ഫയൽ നം. | പി1-3793/19 |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആസ്തികൾ അളന്ന് തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്യുന്നതിന് 13.08.2019-ലെ 18-ാം നമ്പർ തീരുമാനപ്രകാരം ഐ.കെ.എം.-നെ ചുമതലപ്പെടുത്തിയിരുന്നു. 531297 രൂപയുടെ എസ്റ്റിമേറ്റ് (1% കേരള ഫ്ലഡ് സെസ്സ് ഉൾപ്പെടാതെ) സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13/11/2019-ൽ ഐ.കെ.എം.-ഉം ആയി കരാർ ചമയ്ക്കുകയും ചെയ്തു. ആദ്യഗഡുവായി 100000രൂപ 23/10/2020-ൽ ഐ.കെ.എം-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 13-11-2019-ൽ ചമച്ച കരാറിൽ, പ്രവൃത്തി നടപ്പാക്കുന്നതിന്റെ കാലയളവ് സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2019-ൽ ആവിഷ്കരിച്ച പദ്ധതി പൂർത്തിയാക്കാത്തതിനെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യമാണുള്ളത്.

മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-10/21.12.21)നൽകിയ മറുപടിയിൽ മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക(100000 രൂപ) തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി പൂർത്തീകരിച്ച് രേഖകൾഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(തടസ്സപ്പെടുത്തിയ തുക-100000 രൂപ)

## 1-29 മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി വകയിരുത്തിയ തുക ചെലവഴിക്കുന്നില്ല

2020-21 വർഷം മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 4 പദ്ധതികളാണ് ആവിഷ്കരിച്ചിരുന്നത്. നഗര ദാരിദ്രനിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴ എന്ന അക്രഡിറ്റഡ് ഏജൻസി മുഖേനയായിരുന്നു പദ്ധതി നിർവ്വഹണം.

| പ്രോജക്ട് | ചെലവ് വിവരം | തദ്ദേശ സ്ഥാപന വിഹിതം (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | കേന്ദ്രാവിഷ്കൃതഫണ്ട് | സംസ്ഥാനാവിഷ്കൃതഫണ്ട് | ആകെ |
|---|---|---|---|---|---|
| പ്രോജക്ട് നം- 491/21 ഉറവിടമാലിന്യ സംസ്കരണം (റിംഗ് കംമ്പോസ്റ്റ് )- സ്പിൽ ഓവർ | അടങ്കൽ | 1422330 | 1194375 | 795795 | 3412500 |
| | ചെലവ് | 682500 | 0 | 0 | 682500 |
| പ്രോജക്ട് | അടങ്കൽ | 406575 | 341250 | 227175 | 975000 |

| | | | | | |
|---|---|---|---|---|---|
| നം-543/21 റിംഗ് കമ്പോസ്റ്റ് വിതരണം | | | | | |
| | ചെലവ് | 195000 | 0 | 0 | 195000 |
| പ്രോജക്ട് നം-544/21 ബക്കറ്റ് കമ്പോസ്റ്റ് | അടങ്കൽ | 650520 | 546000 | 363480 | 1560000 |
| | ചെലവ് | 312000 | 0 | 0 | 312000 |
| പ്രോജക്ട് നം-546/21 ബയോഗ്യാസ് പ്ലാന്റ് വിതരണം | അടങ്കൽ | 4391010 | 3685500 | 2453490 | 10530000 |
| | ചെലവ് | 2106000 | 0 | 0 | 2106000 |

ചെലവ് ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നം, തീയതി | തുക |
|---|---|---|
| 546/21 ബയോഗ്യാസ് പ്ലാന്റ് വിതരണം | 20050747001601369365/26.03.2021 | 21,06,000 |
| 491/21 ഉറവിടമാലിന്യ സംസ്കരണം (റിംഗ് കംമ്പോസ്റ്റ് )-സ്പിൽ ഓവർ | 20050747001601374727/26.03.2021 | 6,82,500 |
| 543/21 റിംഗ് കമ്പോസ്റ്റ് വിതരണം | 20050747001601374748/26.03.2021 | 1,95,000 |
| 544/21 ബക്കറ്റ് കമ്പോസ്റ്റ് | 20050747001601369768/26.03.2021 | 3,12,000 |
| ആകെ | | 3295500 |

ആകെ വകയിരുത്തിയ തുകയുടെ 20% മാത്രമാണ് 2020-21-ൽ ചെലവഴിച്ചത്.

780 പേർക്ക് ബയോഗ്യാസ്പ്ലാന്റ്, 1755 പേർക്ക് റിംഗ് കമ്പോസ്റ്റ്, 1560 പേർക്ക് ബക്കറ്റ് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനായിരുന്നു 100 ശതമാനം സബ്സിഡിയോടെ പദ്ധതികൾ ആവിഷ്കരിച്ചത്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന എണ്ണം ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്.

| പ്രോജക്ട് | ഗുണഭോക്താക്കളുടെ എണ്ണം | യൂണിറ്റ് കോസ്റ്റ് | ആകെ |
|---|---|---|---|
| 546/21 ബയോഗ്യാസ് പ്ലാന്റ് വിതരണം | 156 | 13500 | 2106000 |
| 491/21 ഉറവിടമാലിന്യ സംസ്കരണം (റിംഗ് കംമ്പോസ്റ്റ് )-സ്പിൽ ഓവർ | 273 | 2500 | 682500 |
| 543/21 റിംഗ് കമ്പോസ്റ്റ് വിതരണം | 78 | 2500 | 195000 |
| 544/21 ബക്കറ്റ് കമ്പോസ്റ്റ് | 312 | 1000 | 312000 |

മുൻകൂറായി നൽകിയിരുന്ന തുകയ്ക്കുള്ള സാധനങ്ങൾ മാത്രമേ സ്ഥാപനം വിതരണം ചെയ്തിട്ടുള്ളൂ. ആയതിനാൽ അടങ്കൽ തുകയുടെ 20 ശതമാനം മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. പദ്ധതിക്ക് കേന്ദ്രാവിഷ്കൃതഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും വകയിരുത്തിയിരുന്നുവെങ്കിലും വിഹിതം ആനുപാതികമായി ചെലവഴിച്ചിട്ടില്ല. ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്നാണ് മുഴുവൻ ചെലവും വരുത്തിയിട്ടുള്ളത്. 100 ശതമാനം സബ്സിഡി ഉണ്ടായിരുന്ന മേൽ പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ കണ്ടെത്താൻ എളുപ്പമായിരിക്കെ, മതിയായ പ്രചരണം നടത്താതെയാണ് പദ്ധതി നടപ്പിലാക്കിയത്. ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതും തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതിരുന്നതും അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

1-29-1 മാലിന്യ നിർമ്മാർജന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ അനുവദിച്ച 73.73 ലക്ഷം രൂപ ശുചിത്വമിഷൻ തിരിച്ചുപിടിച്ചു.

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22-11-2018-ലെ നം.2641/ഡി1/2018/എസ്.എം. നടപടിക്രമങ്ങൾ പ്രകാരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി കേന്ദ്ര/സംസ്ഥാന വിഹിതം ഉൾപ്പെടെ 7373703 രൂപ അനുവദിച്ചിരുന്നു. ശുചിത്വമിഷൻ അംഗീകരിച്ച ഡി.പി.ആർ. പ്രകാരമുള്ള വിഹിതമായിരുന്നു ഇത്. പദ്ധതികൾ യഥാസമയം നടപ്പിലാക്കി തുക വിനിയോഗിക്കാതിരുന്നതിനാൽ ടി തുക പൂർണ്ണമായും തിരിച്ച് പിടിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/2020-21 തീയതി 26/03/2022) മറുപടിയായി പി.എഫ്.എം.എസ്. സംവിധാനം നിലവിൽ വരുന്നതിന്റെ ഭാഗമായി ശുചിത്വമിഷൻ ഫണ്ട് പൂർണ്ണമായും തിരിച്ച് പിടിച്ചിട്ടുള്ളതാണെന്നും, ഡി.പി.ആർ. പ്രകാരമുള്ള പദ്ധതികൾ സ്പിൽ ഓവർ ആയി ഏറ്റെടുത്ത് വരും വർഷത്തിൽ ഫണ്ട് ചെലവഴിക്കുന്നതിന് തടസ്സമില്ലെന്ന് ശുചിത്വമിഷൻ അറിച്ചിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29-2 കരാർപ്രകാരമുള്ള സമയത്തിനുള്ളിൽ ഗുണഭോക്തൃലിസ്റ്റ്, മുൻകൂർ തുക കൈമാറിയില്ല

മാലിന്യ നിർമ്മാർജനത്തിനായുള്ള മേൽ 4 പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേന നിർവ്വഹിക്കുന്നതിനായി 01.10.2020-ൽ കരാർ ചമച്ചിരുന്നു. കരാർ പ്രകാരം, കരാർ വച്ച് 5 ദിവസത്തിനകം ഗുണഭോക്തൃലിസ്റ്റ് കൈമാറേണ്ടിയിരുന്നു. എന്നാൽ 21.03.2021-ലാണ് ഗുണഭോക്തൃലിസ്റ്റ് ലഭിച്ചതെന്നും 26.03.2021-ലാണ് അഡ്വാൻസ് തുക ലഭിച്ചതെന്നുമാണ് 14.06.2021-ലെ SEUF/ALP/TVLAMUNI/ 2021/9 നമ്പർ കത്ത് പ്രകാരം അക്രഡിറ്റഡ് ഏജൻസി അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

1-30 നഗരസഭാ ഫ്രണ്ട് ഓഫീസ് നവീകരണം (പ്രൊജക്ട് നം. SO.191/20-21)- അപാകതകൾ

| | |
|---|---|
| ഫയൽ നം. | E4/13989/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.10,00,000(വികസന ഫണ്ട്) |
| ചെലവ് തുക | രൂ.7,07,000 (പാർട്ട് ബില്ല് ) |
| ബിൽ നം., തീയതി | E4/13989/20/191/PF/20-21/ Dt.30.03.21 |

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO, Alappuzha) മുഖേന നിർവ്വഹിക്കുന്നതിന് ആവിഷ്കരിച്ച പ്രൊജക്ട് പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ നിന്ന് 9,42,666രൂപയുടെ എസ്റ്റിമേറ്റ് 05.10.20-ൽ ലഭ്യമാക്കിയിരുന്നു. ആയതുപ്രകാരം പ്രവൃത്തി ചെയ്തതായി ARTCO-യുടെ അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തിയതിന്റെയും സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നം.446/4.2.21-ന്റെയും അടിസ്ഥാനത്തിൽ 9,42,666രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചതായാണ് കാണിച്ചിട്ടുള്ളത്. സീലിംഗ്, പാനലിംഗ് എന്നിവയിൽ കുറച്ച് അറ്റകുറ്റപ്പണികൾ കൂടി ചെയ്ത തീർക്കാനുണ്ടെന്നും അതിനാൽ 75% തുക നൽകാവുന്നതാണെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 7,07,000രൂപ സ്ഥാപനത്തിന് നൽകി.

ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. താഴെ പറയുന്ന ഇനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന നിരക്കും, ജി.ഓ(ആർ.ടി) 17/2018/SPD/തീ.27.04.18 നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന ARTCO മുഖേന നിർവ്വഹിക്കാവുന്ന ഇനങ്ങൾക്ക് നൽകാവുന്ന നിരക്കും തമ്മിൽ സാരമായ വ്യതിയാനം ഉള്ളതായി കാണുന്നു.

| ഇനം | അനുവദിച്ച അളവ്, നിരക്ക്, തുക | അനുവദിക്കാവുന്ന അളവ്, നിരക്ക്, തുക | അധികം അനുവദിച്ചത് |
|---|---|---|---|

| | | | |
|---|---|---|---|
| Item-4- Ceiling With Gypsum Board | 950sq.ft @120/sq.ft= 1,14,000+18%GST= 1,34,520 | 950sq.ft @1060/sq.m (le,98/sq.ft)=93100+18%GST= 1,09,858 | 24,662 |
| Item-5- Wall Panelling Teak Wood Plank | 524sq.ft @696/sq.ft= 3,64,704+18%GST= 4,30,351 | 524sq.ft@4433/sq.m (le,412/sq.ft)= 2,15,888+18%GST= 2,54,748 | 1,75,603 |
| Total | | | 2,00,265രൂപ |

മേൽപറയും പ്രകാരമുള്ള തുക ഫൈനൽ ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതാണ്.

2. എം.ബുക്കിൽ ARTCO-യുടെ അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ അളവുകൾ പരിശോധിച്ച് കൃത്യമാണോയെന്ന് മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ബില്ലിൽ നിന്നും ഈടാക്കേണ്ടതായ നികുതികൾ, തൊഴിലാളി ക്ഷേമനിധി വിഹിതം മുതലായവ കുറവു വരുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.36/22.04.22) നൽകിയതിന് മറുപടിയായി, സ്ഥാപനത്തിന് അധികമായി നൽകിയ തുക ഫൈനൽ ബില്ല് അനുവദിക്കുമ്പോൾ കുറവു വരുത്തുന്നതാണ് എന്നും, പ്രവൃത്തിയുടെ അളവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതാണെന്നും, റിക്കവറി നടത്താനുള്ള തുകകൾ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു.

പ്രസ്തുത സാഹചര്യത്തിൽ 2,00,265രൂപ നിരാകരിക്കുകയും, ബാക്കിയുള്ള ചെലവു തുക 5,06,735രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.
(നിരാകരിച്ച തുക - 2,00,265രൂപ
തടസ്സപ്പെടുത്തിയ തുക- 5,06,735രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.ക്ലമന്റ്.പി, അസി.എഞ്ചിനീയർ)

## 1-31 തെരുവു വിളക്കുകൾ എൽ.ഇ.ഡി ആക്കുന്ന പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO. 214/20-21 |
| ഫയൽ നം. | E2/8353/20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.20,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | രൂ.10,00,000 (2020-21) |
| ബിൽ നം., തീയതി | E2/214/CFC/20-21/ Dt.30.03.21- രൂ.10,00,000 (പാർട്ട് ബില്ല്)<br>2021-22-ൽ ഫൈനൽ ബില്ല്- 6,00,000രൂപ. |

അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാൻ ലക്ഷ്യമിട്ട പ്രസ്തുത പ്രൊജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ, 6 ഏജൻസികൾ പങ്കെടുത്തു. സ്ഥാപനങ്ങളുമായി നെഗോസിയേഷൻ നടത്തിയതായും കേരള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം- എന്ന സ്ഥാപനത്തിന് കരാർ നൽകിയതായും കാണുന്നു. ആയതു പ്രകാരം 45W LED ലൈറ്റുകൾ 390 എണ്ണവും, 100W LED ലൈറ്റുകൾ 75 എണ്ണവും സപ്ലൈ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2020-21വർഷം 10ലക്ഷം രൂപയും 21-22വർഷം 6ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 100വാട്ടിന്റെ 75 ലൈറ്റുകൾ സപ്ലൈ ചെയ്തതായി പറയുന്നുവെങ്കിലും, 54 എണ്ണം സ്ഥാപിച്ചതായി മാത്രമേ കൗൺസിലർമാരുടെ സാക്ഷ്യപത്രമുള്ളൂ.

2. ആദ്യ പാർട്ട് ബില്ലിൽ നിന്നും ആദായ നികുതി 2% ഈടാക്കേണ്ടതിനു പകരം 1% മാത്രമേ ഈടാക്കി ഒടുക്കിയിട്ടുള്ളൂ.(കുറവ്- 10,000രൂപ). മാത്രവുമല്ല, CGST/SGST ഈടാക്കി ഒടുക്കിയിട്ടുമില്ല.(നഷ്ടം- CGST-10,000രൂപ, SGST-10,000രൂപ) ആകെ നഷ്ടം 30000/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

3. ലൈറ്റുകൾക്ക് 5 വർഷ വാറന്റിയാണ് സ്ഥാപനം ഓഫർ ചെയ്തിരിക്കുന്നത്. അതിനാൽ വാറന്റി കാലയളവിൽ കേടുപാടുകൾ കാലതാമസം കൂടാതെ പരിഹരിക്കുന്നതിനുള്ള ഉറപ്പിലേക്കായി മുൻകരുതലുകൾ

സ്വീകരിക്കേണ്ടതാണ്.

4. പുതിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ച പോസ്റ്റിൽ മുൻപ് ഘടിപ്പിച്ചിരുന്നതും നീക്കം ചെയ്തതുമായ ലൈറ്റുകളുടെ വിവരം (പ്രവർത്തന ക്ഷമം/പ്രവർത്തന രഹിതം), പോസ്റ്റ് നമ്പർ, കെ.എസ്.ഇ.ബി അധികാരികളുടെ സാക്ഷ്യപത്രം, പഴയ ഫിറ്റിംഗ്സുകൾ സ്റ്റോക്കിൽ തിരികെ എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിലില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.33/20.04.22) നൽകിയതിന് മറുപടിയായി, ലൈറ്റുകൾ സ്ഥാപിച്ചതിന് കൗൺസിലർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും, ഈടാക്കാനുള്ള റിക്കവറി തുകകൾ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നും, വാറന്റി കാലയളവിൽ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള ഉറപ്പിലേക്കായി സ്ഥാപനത്തിൽ നിന്നും അഫിഡവിറ്റ് വാങ്ങി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു.

ഈ സാഹചര്യത്തിൽ സ്ഥാപനത്തിന് അധികമായി നൽകിയ 30,000 രൂപ തിരികെ ഈടാക്കി കേന്ദ്ര/സംസ്ഥാന സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. 2020-21-ലെ ചെലവു തുകയിൽ മേൽ നഷ്ടം കഴികെയുള്ള 9,70,000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(തടസ്സപ്പെടുത്തിയ തുക- 9,70,000രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥ- ശ്രീമതി ബിന്ദു വേലായുധൻ, അസി.എക്സി.എഞ്ചിനീയർ)

## 1-32 വിവിധ വാർഡുകളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | 213/20-21 |
| ഫയൽ നം. | E3/8355/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.20,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | രൂ.20,00,000 |
| ബിൽ നം., തീയതി | E3/213/CFC/20-21/ Dt.01.03.21- രൂ.10,00,000<br>E3/213/CFC/20-21/ Dt.31.03.21- രൂ.10,00,000 |

അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാൻ ലക്ഷ്യമിട്ട പ്രസ്തുത പ്രൊജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ, 6 ഏജൻസികൾ പങ്കെടുത്തു. സ്ഥാപനങ്ങളുമായി നെഗോസിയേഷൻ നടത്തിയതായും കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കൊല്ലം- എന്ന സ്ഥാപനത്തിന് കരാർ നൽകിയതായും കാണുന്നു. ആയതു പ്രകാരം 100W LED ലോമാസ്റ്റ് ലൈറ്റുകൾ (ഫിലിപ്സ്- 6മീറ്റർ ഒക്ടഗണൽ പോൾ സഹിതം) 20 എണ്ണം (1ലക്ഷം രൂപ നിരക്കിൽ) സപ്ലൈ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചതായി വാർഡ് കൗൺസിലർമാർ സാക്ഷ്യപത്രം നൽകിയിട്ടില്ല. ഏതെല്ലാം സ്ഥലങ്ങളിലാണ് ലൈറ്റ് സ്ഥാപിച്ചതെന്നുള്ള കൃത്യമായ സ്പോട്ട് വ്യക്തമാക്കിയിട്ടില്ല. ഇവ സ്ഥാപിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബി അധികാരികളുടെ സാക്ഷ്യപത്രം, പ്രസ്തുത സ്ഥലങ്ങളിൽ മുൻപ് സ്ഥാപിച്ചിരുന്ന ലൈറ്റുകൾ നീക്കം ചെയ്ത് ഫിറ്റിംഗ്സുകൾ തിരികെ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവയും ഫയലിൽ ഇല്ല.

2. സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും ആദായനികുതി, ജി.എസ്.ടി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കി ഒടുക്കിയിട്ടില്ല. (നഷ്ടം- IT-2%-40000രൂപ, SGST-20000രൂപ, CGST-20000രൂപ, KCWWF-20000രൂപ, ആകെ-100000രൂപ)

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.34/20.04.22) നൽകിയതിന് മറുപടിയായി, വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും, റിക്കവറി തുകകൾ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ, സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതായ 1,00,000രൂപ തിരികെ ഈടാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ/സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ബാക്കി ചെലവു തുക

19,00,000രൂപ തടസ്സത്തിൽ വയ്ക്കുന്നു.
(തടസ്സപ്പെടുത്തിയ തുക- 19,00,000രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥ- ശ്രീമതി ബിന്ദു വേലായുധൻ, അസി.എക്സി.എഞ്ചിനീയർ)

1-33 യോഗക്ഷേമം ഗവ.എൽ.പി.എസ് മെയിന്റനൻസ്- നടപടിക്രമങ്ങളിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്റ്റ് നം. | SO.350/20-21 (110/18-19, 433/19-20) | |
| ഫയൽ നമ്പർ | E3/14531/18 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| അടങ്കൽ തുക/പി.എ.സി | രൂ.5,00,000/രൂ.3,96,579 | |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | |
| ചെലവ് വിവരം | രൂ.2,70,828 | ട്രഷറി ബിൽ നം.E3/433/MGNR/19-20/തീയതി 28.4.20 |
| | രൂ.44,794 | ട്രഷറി ബിൽ നം.E3/350/MGNR/20-21/തീയതി 7.9.20 |
| കരാറുകാരൻ | ശ്രീ.സജിത്ത്.എ.എസ്, ആറ്റൂർ ഉണ്ടിയിൽ | |

പ്രവൃത്തിയുടെ ഫയലും എം.ബുക്കും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 1.11.18-ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 14.11.18-നകം എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 22.11.18 എന്ന തീയതിയിലാണ് എഗ്രിമെന്റ് വെച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, അന്നേ ദിവസം മതിയായ തുകയ്ക്കുള്ള മുദ്രപ്പത്രം ഹാജരാക്കിയിരുന്നില്ല എന്നും, മുഴുവൻ തുകയ്ക്കുള്ള മുദ്രപ്പത്രം 11.2.19-ലാണ് ഹാജരാക്കിയതെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം വരുത്തിയതിന് ഫൈൻ ഈടാക്കിയിട്ടുമില്ല. കരാർ തുകയുടെ 1% ആയ 3966രൂപ ഈടാക്കേണ്ടതാണ്. (കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.15/20-21/തീ.11.01.22-ന് മറുപടിയായി അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്)

2) 31.3.19-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. 8.6.2020-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ആരോഗ്യ പ്രശ്നങ്ങൾ കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാഞ്ഞതെന്നും, അല്പ സമയം കൂടി അനുവദിച്ച് തരണമെന്നും കരാറുകാരൻ ഒരു അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ഈ അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. നോട്ട് ഫയലിലും ഇതു സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല. കോവിഡ് കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്നും, ഇതുവരെ ചെയ്ത പ്രവൃത്തിയുടെ പാർട്ട് ബില്ല് തയ്യാറാക്കി നൽകാമെന്നും അസി.എഞ്ചിനീയർ 31.3.2020-ൽ ഫയലിൽ കുറിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാതെ 2 വർഷത്തോളം കിടന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. കരാർ വെച്ച് 10 ദിവസത്തിനകം ആരംഭിക്കേണ്ടിയിരുന്ന പ്രവൃത്തി ആരംഭിച്ചതു പോലും 18.2.2020-ൽ (15 മാസത്തിന് ശേഷം) മാത്രമാണെന്ന് എം.ബുക്കിൽ നിന്നും (നം.86/19-20) വ്യക്തമാണ്. സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കുകയോ, സമയം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന പക്ഷം, ആദ്യ തവണ പി.എ.സി-യുടെ 1% നിരക്കിൽ പരമാവധി 50000രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50% ആണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഒടുക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാത്ത പക്ഷം, പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിൽ, കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ച്ചയ്ക്കും പി.എ.സി-യുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടിയിരുന്നു. [ജി.ഒ(പി)13/2012/ പി.ഡബ്ല്യു.ഡി/ 01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ- സെക്ഷൻ 2112, 2116(1)]. തുക കുറവ് ചെയ്യാതെ കരാറുകാരന് അധികമായി നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്. ലിക്വിഡേറ്റഡ് ഡാമേജ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അസി.എഞ്ചിനീയർ അറിയിച്ചു.

ഈടാക്കേണ്ട തുക = 396579X0.1%X61 Weeks = 24,191രൂപ

3) ബില്ലിൽ നിന്നും ഈടാക്കി ഒടുക്കിയിട്ടുള്ള റിക്കവറി തുകകളിൽ കുറവു വന്നിട്ടുണ്ട്. 2,70,828 രൂപയുടെ ആദ്യപാർട്ട് ബില്ലിൽ നിന്നും റിക്കവറി നടത്തിയ തുകകളിലാണ് വ്യത്യാസമുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ഈടാക്കി ഒടുക്കേണ്ട തുക (രണ്ട് ബില്ലിൽ നിന്നും) | ഈടാക്കി ഒടുക്കിയത് (രണ്ട് ബില്ലിൽ നിന്നും) | കുറവ് |
|---|---|---|---|
| CGST | 2708+448=3156 | 2418+448=2866 | 290 |
| SGST | 2708+448=3156 | 2418+448=2866 | 290 |
| IT | 2708+448=3156 | 2419+448=2867 | 289 |
| KCWWF | 2708+448=3156 | 2419+448=2867 | 289 |
| ആകെ | | | 1158 |

കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/11.01.22) മറുപടിയായി അസി.എഞ്ചിനീയർ അറിയിച്ചു. 3966+24191= 28157രൂപ നഗരസഭാ ഫണ്ടിലും 1158 രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്കും ഒടുക്കു വരുത്തേണ്ടതാണ്. തുക ഈടാക്കി ഒടുക്കാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-34 29-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം(വാർഡ്-12)- അപാകതകൾ

| | | |
|---|---|---|
| പ്രൊജക്റ്റ് നം. | SO.378/20-21 (SO.111/17-18) | |
| ഫയൽ നമ്പർ | E2/19496/17 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| അടങ്കൽ തുക/പി.എ.സി | രൂ.15,00,000/രൂ.12,88,318 | |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | |
| ചെലവു വിവരം | രൂ.9,00,904 | ബിൽ നം.E2/378/ MGNR/20-21/24.02.21 |
| കരാറുകാരൻ | ശ്രീ.റ്റി.വി.മാത്യു, ചെമ്പകത്തിനാൽ, കാവുംഭാഗം | |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 21.12.17-ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 28.12.17-നകം എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 05.01.18-ലാണ് എഗ്രിമെന്റ് വെച്ചത്. കാലതാമസത്തിന് പിഴ ഈടാക്കിയില്ല. (12,883രൂപ)

2. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി 04.04.18-നകം പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ എഗ്രിമെന്റ് വെച്ച് 2 മാസത്തിനുശേഷം, അതായത് 14.03.18-ൽ കരാറുകാരൻ നൽകിയ അപേക്ഷയിൽ, നിർമ്മാണ സാധനങ്ങൾ ലഭ്യമല്ല എന്നും, ലഭ്യമാണെങ്കിൽ പോലും 6 മാസത്തെ കാലാവധി വേണമെന്നും, അതിനാൽ കാലാവധി ഒരു വർഷമെങ്കിലും നീട്ടി നൽകണമെന്നും പറഞ്ഞിരിക്കുന്നു. പൂർത്തീകരിക്കാൻ 6മാസം വേണമെന്ന് പറഞ്ഞിട്ട്, ഒരു വർഷം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമല്ല. കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചത് 16.06.2020-ൽ മാത്രമാണ്.

3. മേൽപറഞ്ഞ 14.03.18-ന ശേഷം 16.07.19 വരെ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു നടപടികളും സ്വീകരിച്ചില്ല. എന്നാൽ, സമീപ വസ്തുവിന്റെ ഉടമസ്ഥനുമായി തർക്കം നിലനിൽക്കുന്നതിനാൽ താൽക്കാലികമായി പണികൾ നിർത്തി വെയ്ക്കണമെന്ന് വാർഡ് കൗൺസിലർ 16.07.19-ൽ ഒരു കത്ത് നൽകിയതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് കരാറുകാരൻ നഗരസഭയിൽ അറിയിപ്പ് നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാൻ ഒന്നര വർഷത്തോളം യാതൊരു നടപടിയും സ്വീകരിക്കാതെയും കരാറുകാരന് നോട്ടീസ് നൽകാതെയുമിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് അലംഭാവം ഉണ്ടായിട്ടുണ്ട്. ആയതിനാൽ പ്രവൃത്തിയുടെ കാലതാമസം മൂലം നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് അക്കാലയളവിലെ അസി.എഞ്ചിനീയറും ഉത്തരവാദിയാണ്. പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതിയായ 04.04.18 മുതൽ പ്രവൃത്തി തടസ്സപ്പെട്ട തീയതിയായ 16.07.19 വരെയുള്ള കാലയളവിലേക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. പ്രസ്തുത തുക

കുറവു ചെയ്യാഞ്ഞതു മൂലം കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഒടുക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(4.4.18 മുതൽ 16.07.19 വരെ- 65 ആഴ്ച

ഈടാക്കേണ്ടതായ തുക= 1288318X65X0.1%= 83,741രൂപ)

4. സ.ഉ(കൈ) നം.83/2007/റവന്യൂ/തീ.13.03.2007-നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ള പദ്ധതിയ്ക്കായും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആകെ 3.34ആർ സ്ഥലം നഗരസഭയ്ക്ക് സൗജന്യമായി നൽകുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം നഗരസഭയുടെ പേരിൽ കൂട്ടി പോക്കുവരവു ചെയ്ത് കരമടച്ചതിന്റെയും നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.25/07.04.22) നൽകിയതിന് മറുപടിയായി, എഗ്രിമെന്റ് വെച്ചതിലെ കാലതാമസത്തിനുള്ള പിഴ 12883 രൂപ ഒടുക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയതിനുള്ള ഫൈൻ, വസ്തുവിന്റെ പോക്കുവരവ്, ആസ്തി രജിസ്റ്റർ മുതലായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 96,624രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. കരാറുകാരൻ തുക ഒടുക്കാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 1-35 കറ്റോട് സിമന്റ് ഗോഡൗൺ മുതൽ കറ്റോട് കാരിമല വരെ റോഡ് റീടാറിംഗ്(വാർഡ്-11)-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.461/20-21(SO.581/19-20) |
| ഫയൽ നമ്പർ | E2/19698/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക/പി.എ.സി | രൂ.14,90,000/രൂ.12,79,994 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവു വിവരം | രൂ.14,29,348-ബിൽ നം.E2/461/CFC/20-21/തീ.9.11.2020 |
| കരാറുകാരൻ | ശ്രീ.പി.എ.മാത്യു, പാലൂത്തറ, തിരുമൂലപുരം |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സെലക്ഷൻ നോട്ടീസ് പ്രകാരം 31.12.19-നുള്ളിൽ എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 06.01.20-ലാണ് എഗ്രിമെന്റ് വെച്ചത്.(നം.104/19-20). കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല. എഗ്രിമെന്റ് തുകയുടെ 1% ആയ 12800രൂപ പിഴയായി കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. എഗ്രിമെന്റ്, വർക്ക് ഓർഡർ എന്നിവ പ്രകാരം 31.3.20-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 14.5.20-ൽ മാത്രമാണ് പൂർത്തീകരിച്ചത്. കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല. കാലതാമസത്തിന് കാരണം ബോധിപ്പിച്ചു കൊണ്ട് കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തില്ല. പ്രവൃത്തി പൂർത്തീകരിച്ചു വരവേ കോവിഡ് മൂലം ലോക്ക്ഡൗൺ ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും, ഇളവ് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രവൃത്തി പൂർത്തിയാക്കിയെന്നും 27.05.20-ൽ അസി.എഞ്ചിനീയർ ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. കരാറുകാരൻ അപേക്ഷ സമർപ്പിക്കാതെ അസി.എഞ്ചിനീയർ ഈ നിഗമനത്തിൽ എത്തിയതിന്റെ കാരണം വ്യക്തമല്ല. കാരണം, 23.03.20-ൽ മാത്രമാണ് ലോക്ക്ഡൗൺ നിലവിൽ വന്നത്. എഗ്രിമെന്റ്/വർക്ക് ഓർഡർ തീയതിയായ 6.01.20 മുതൽ 23.03.20 വരെ രണ്ടര മാസത്തോളം സമയം ഉണ്ടായിരുന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കാതെ മാർച്ച് അവസാനം വരെ നീട്ടിക്കൊണ്ടു പോയതിനെ ന്യായീകരിക്കാനാവില്ല. പ്രസ്തുത സാഹചര്യത്തിൽ ഫൈൻ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകാമായിരുന്നതും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കേണ്ടതുമായിരുന്നു. ആയതിനാൽ 1% പിഴയായ 12800രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

3. ടി പ്രൊജക്ടിനാവശ്യമായ ബിറ്റുമിൻ കരാറുകാരന് സപ്ലൈ ചെയ്യുന്നതിനുള്ള കത്ത് (ഇന്റന്റ്) 29.01.20-ലാണ് BPCL, Kochi-യ്ക്ക് നൽകിയത്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ BPCL-ൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ കാഷ് ഇൻവോയ്സ് ഹാജരാക്കാതെ കരാറുകാരന് ടാറിന്റെ അധികവിലയായി 18498രൂപ ചുവടെ പറയും പ്രകാരം അനുവദിച്ചു.

| ഇനം | ഇൻവോയ്സ് പ്രകാരം നിരക്ക് (രൂപ) | എഗ്രിമെന്റ്/എസ്റ്റിമേറ്റ് പ്രകാരം നിരക്ക് | വ്യത്യാസം | പ്രവൃത്തിയിൽ ഉപയോഗിച്ച അളവ് | അധിക വില അനുവദിച്ചത് |
|---|---|---|---|---|---|
| SS1 | 58.02 | 55.19 | 2.83 | 1160.25kg | 3283.51 |
| RS1 | 36.27 | 35.10 | 1.17 | 375.38kg | 439.19 |
| VG30 (Packed) | 39.25 | 34.12 | 5.13 | 2880.15kg | 14775.17 |
| ആകെ | | | | | 18497.87രൂപ |

10.03.20-ൽ സിഡ്കോയിൽ നിന്നും വാങ്ങിയ ബിറ്റുമിന്റെ ബില്ലും(VG30-14 Barrel, SS1- 11 Barrel, RS1- 5 Barrel) 8.12.2018-ൽ BPCL-ൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ ഒരു ബില്ലുമാണ് ഹാജരാക്കിയിരിക്കുന്നത്. 8.12.2018-ലെ ബില്ലിന്റെ അടിസ്ഥാനത്തിൽ VG30-യുടെ അധികവിലയും സിഡ്കോയുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ SS1, RS1- എന്നിവയുടെ അധികവിലയും അനുവദിച്ചിരിക്കുന്നു. ആയത് തെറ്റായ നടപടിയാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.24/07.04.22) നൽകിയതിന് മറുപടിയായി, എഗ്രിമെന്റ് വെയ്ക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള ഫൈൻ 12800രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കത്ത് നൽകി എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാഞ്ഞതിനുള്ള ഫൈൻ, ബിറ്റുമിന്റെ ബില്ല് എന്നീ വിഷയങ്ങൾക്ക് മറുപടി നൽകിയില്ല. യഥാസമയം കരാർ വയ്ക്കാത്തതിനാലും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട ഫൈൻ 25600 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ആധികാരികമായ രേഖകൾ ഹാജരാക്കാതെ നടത്തിയ 18498 രൂപയുടെ ചെലവ് നിരാകരിക്കുന്നു(നിരാകരിച്ച തുക-18498 രൂപ,
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.രാജൻ.ജി, അസി.എഞ്ചിനീയർ)

## 1-36 താലൂക്ക് ആശുപത്രി മോഡ്യുലാർ ഓപ്പറേഷൻ തീയേറ്ററിന്റെ ജനലുകൾ സ്ഥാപിക്കൽ, യു.പി.എസ് സ്ഥാപിക്കൽ- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.568/20-21 |
| ഫയൽ നമ്പർ | E3/17053/2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവു വിവരം | രൂ.4,00,000-പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം (ട്രഷറി ബിൽ നം.E3/568/PF/ 20-21/ തീയതി 29.12.20) |
| | രൂ.4,30,000-പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ് സെക്ഷൻ, തിരുവല്ല (ട്രഷറി ബിൽ നം.E3/568/Gen/20-21/തീയതി 18.01.21) |
| ഫണ്ടിനം | വികസന ഫണ്ട് |

തിരുവല്ല താലൂക്ക് ആശുപത്രിയിൽ 20KVA-യുടേയും, 5KVA-യുടേയും രണ്ട് യു.പി.എസ് സ്ഥാപിക്കുന്നതിനായി കോട്ടയം പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് സബ്ഡിവിഷൻ അസി.എക്സി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 4,00,000രൂപയും മോഡ്യുലാർ ഓപ്പറേഷൻ തീയേറ്ററിന്റെ വരാന്തയുടെ വശത്ത് അലൂമിനിയം ജനലുകൾ സ്ഥാപിക്കുന്നതിനായി തിരുവല്ല പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 4,30,000രൂപയും ചെലവഴിച്ചിട്ടുണ്ട്. ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിൽ ശ്രദ്ധയിൽപെട്ടു.

4,30,000രൂപ തിരുവല്ല പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് ഡിവിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിൽ 3,03,575രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചതായും ബാക്കി 1,26,425രൂപ അവശേഷിക്കുന്നതായും 2.03.22-ലെ കത്ത് പ്രകാരം പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബാക്കി തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

യു.പി.എസ് സ്ഥാപിക്കുന്നതിനായി കോട്ടയം പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് സബ്ഡിവിഷൻ അസി.എക്സി.എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം 4,00,000രൂപ തിരുവനന്തപുരം പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം തുക കൈപ്പറ്റിയതായും പ്രവൃത്തി പൂർത്തീകരിച്ചതായും രേഖകളില്ല.

ജനലുകൾ സ്ഥാപിച്ച പ്രവൃത്തിയുടെ വർക്ക് ബില്ലിന്റേയും എം.ബുക്കിന്റേയും പകർപ്പുകളും, യു.പി.എസ് സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ രേഖകളും തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങളും ഓഡിറ്റിൽ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.9/20.12.21) നൽകിയതിന് മറുപടിയായി, ബില്ലിന്റെ പകർപ്പും കൈപ്പറ്റ രസീതും ഹാജരാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചു.

മേൽപറഞ്ഞ സാഹചര്യത്തിൽ 8,30,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(തടസ്സപ്പെടുത്തുന്ന തുക-8,30,000രൂപ)

## 1-37 മൃഗാശുപത്രിയുടെ ചുറ്റുമതിൽ പൂർത്തീകരണം- നടപടിക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.209/20-21 |
| ഫയൽ നമ്പർ | E3/110245/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക/പി.എ.സി | രൂ.5,00,000/രൂ.3,99,156 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവു വിവരം | രൂ.4,39,610-ട്രഷറി ബിൽ നം.E3/209/CFC/20-21/തീയതി 30.03.21 |
| കരാറുകാരൻ | ശ്രീ.പി.കെ.സുരേഷ്കുമാർ, പുളിക്കത്തറ മണ്ണിൽ മലയിൽ |

പ്രവൃത്തിയുടെ ഫയലും എം.ബുക്കും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 19.06.2020-ലെ ടെൻഡർ പ്രകാരം ലഭിച്ച രണ്ട് ടെൻഡറുകൾ ഫയലിലുണ്ട്.(പി.കെ.സുരേഷ്കുമാർ- എസ്റ്റിമേറ്റ് നിരക്ക്, ബിബിൻ വർഗീസ് മാത്യു- 5% അധികം). വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 1 ടെണ്ടർ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും (സുരേഷ്കുമാർ), കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് ബഹു.ചെയർമാൻ 21.07.20-ൽ മുൻകൂർ അനുമതി നൽകിയിട്ടുണ്ടെന്നും ആയതുപ്രകാരം സെലക്ഷൻ നോട്ടീസ് നൽകാമെന്നും 22.07.20-ൽ സെക്ഷൻ ക്ലർക്ക് നോട്ട് എഴുതിയിരിക്കുന്നു. അപ്രകാരം 22.7.20-ൽ ശ്രീ.സുരേഷ്കുമാറിന് സെലക്ഷൻ നോട്ടീസ് നൽകി. എന്നാൽ, മുൻകൂർ അനുമതി നൽകിക്കൊണ്ട് ബഹു.ചെയർമാൻ ഫയലിൽ എങ്ങും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽ ഇപ്രകാരം രേഖപ്പെടുത്താനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്നുള്ള ഓഡിറ്റ് എൻക്വയറി നം.16/20-21/11.01.22-ന് മറുപടിയായി, രണ്ടാമത്തെ ടെൻഡറിന്റെ വിവരം ഫയലിൽ എഴുതാൻ വിട്ടുപോയതാണെന്നും മുൻകൂർ അനുമതി സംബന്ധിച്ച് ടെൻഡറിന്റെ ഫയലിൽ ചെയർമാൻ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കൃത്യമായ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്താനും അപാകത ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

2) 26.07.20-ലെ എഗ്രിമെന്റ്, വർക്ക് ഓർഡർ എന്നിവ പ്രകാരം 24.10.20-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 27.03.21-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി കരാറുകാരന് 11.9.20-ലും 22.01.21-ലും നോട്ടീസ് നൽകിയിരുന്നു. സപ്ലിമെന്ററി എഗ്രിമെന്റ് ഹാജരാക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ, കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തില്ല. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കുകയോ, സമയം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഒടുക്കി പൂർത്തീകരണ

കാലാവധി ദീർഘിപ്പിച്ച് നൽകാത്ത പക്ഷം, പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിൽ, കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ച്ചയ്ക്കും പി.എ.സി-യുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടിയിരുന്നു. [ജി.ഒ(പി)13/2012/ പി.ഡബ്ല്യു.ഡി/ 01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ- സെക്ഷൻ 2112, 2116(1)]. ആയത് കുറവ് വരുത്താതെ പ്രതിഫലം നൽകിയതിനാൽ അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. (399156X 0.1%X22 ആഴ്ച = 8781രൂപ). ഫൈൻ ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്( നം.16/20-21/11.01.22)മറുപടിയായി അസി.എഞ്ചിനീയർ അറിയിച്ചു.

തുക കരാറുകാരനിൽ നിന്ന് ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-38 വെറ്ററിനറി ഹോസ്പിറ്റൽ ചുറ്റുമതിൽ ബാക്കിഭാഗം നിർമ്മാണം- നടപടിക്രമങ്ങളിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം. | SO.385/20-21 (SO.218/19-20) | |
| ഫയൽ നമ്പർ | E3/21663/18 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| അടങ്കൽ തുക/പി.എ.സി | രൂ.12,46,000/രൂ.9,81,658 | |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| ചെലവ് വിവരം | രൂ.580294 | E3/385/CFC/20-21/തീയതി 09.11.20 |
| | രൂ.169707 | E3/385/CFC/20-21/തീയതി 11.11.20 |
| | രൂ.12,953 | വൗച്ചർ നം.85-03/21 തീയതി 17.03.21 |
| കരാറുകാരൻ | എസ്&എസ് ബിൽഡേഴ്സ്&ഡിസൈനേഴ്സ് (ശ്രീ.സായിജിത്ത്.എ.എസ്) | |

പ്രവൃത്തിയുടെ ഫയലും എം.ബുക്കും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 18.11.19-ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 28.11.19-നകം എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 27.02.20-ൽ മാത്രമാണ് എഗ്രിമെന്റ് വെച്ചത്. കാലതാമസത്തിന് 1% പിഴയായ 9817രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയില്ല.

2) എസ്&എസ് ബിൽഡേഴ്സ്&ഡിസൈനേഴ്സ് എന്ന സ്ഥാപനത്തിന്റെ പേരിലാണ് ടെൻഡർ സമർപ്പിച്ച് കരാർ ഏറ്റെടുത്തിരുന്നത്. എന്നാൽ വർക്ക് ബില്ലിൽ നിന്നും വ്യക്തി എന്ന നിലയിൽ ആദായനികുതിയായി 1% തുക മാത്രമേ ഈടാക്കി ഒടുക്കിയിട്ടുള്ളൂ. സ്ഥാപനം എന്ന നിലയ്ക്ക് 2% ആദായനികുതി ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്. ആയതിനാൽ 6697രൂപ കൂടി കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

3) വെറ്ററിനറി ഹോസ്പിറ്റലിന്റെ ചുറ്റുമതിലിന്റെ ബാക്കി ഭാഗത്തിന്റെ നിർമ്മാണത്തിനായാണ് പ്രസ്തുത പ്രൊജക്ട് 2019-20-ൽ ആവിഷ്ക്കരിച്ച് രണ്ടു വർഷങ്ങളിലായി നടപ്പാക്കിയത്. എന്നാൽ 2020-21-ലും ചുറ്റുമതിൽ നിർമ്മാണത്തിനായി മറ്റൊരു പ്രൊജക്ട് കൂടി ആവിഷ്ക്കരിച്ച് തുക ചെലവഴിച്ചതായി കാണുന്നു.(പ്രൊജക്ട് നം. SO.209/20-21, കരാറുകാരൻ-പി.കെ.സുരേഷ്കുമാർ, ചെലവ് തുക-439610രൂപ). ചുറ്റുമതിലിന്റെ ബാക്കി ഭാഗം നിർമ്മാണത്തിനായി ഒരു പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരുന്ന അതേ കാലത്തു തന്നെ മറ്റൊരു പ്രൊജക്ട് ആവിഷ്ക്കരിച്ച് തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.27/07.04.22) നൽകിയതിന് മറുപടിയായി, തുക ഒടുക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരന് അധികമായി നൽകിയ 16,514രൂപ തിരികെ ഈടാക്കി, 6697രൂപ ആദായനികുതിയിനത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതും, ഫൈൻ 9817രൂപ നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

## 1-39 നിലവിലുള്ള പ്രൈവറ്റ് ബസ്റ്റാന്റ് നവീകരണ പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.222/20-21 (457/17-18, 408/19-20) |
| ഫയൽ നം. | E2/24980/17 |
| കരാറുകാരൻ | റ്റി.വി.മാത്യു, ചെമ്പകത്തിനാൽ |
| അടങ്കൽ തുക/ പി.എ.സി | രൂ.15,00,000 / 12,64,344 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം., തീയതി, തുക | E2/408/CFC/19-20/BDS/ Dt.05.03.21- രൂ.12,56,898 |

ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 05.01.2018-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 04.04.2018-നകം പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും 29.03.2019-ലാണ് പൂർത്തീകരിച്ചത്. സാധനങ്ങൾ കിട്ടാൻ കാലതാമസം വരുന്നതിനാൽ കാലാവധി നീട്ടി നൽകണമെന്ന് കരാറുകാരൻ 14.03.18-ൽ (എഗ്രിമെന്റ് വെച്ച് 2 മാസം കഴിഞ്ഞ്) ഒരു അപേക്ഷ നൽകിയിരുന്നുവെങ്കിലും ന്യായമായ കാരണം അല്ലാഞ്ഞതിനാൽ കാലാവധി നീട്ടി നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തില്ല. പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിയ്ക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഓരോ ആഴ്ചയ്ക്കും (പരമാവധി 10% കരാർ തുക) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കണമെന്ന് സെക്ഷൻ-2116(1)-ൽ നിർദ്ദേശിച്ചിട്ടുമുണ്ട്. ആയതിനാൽ 04.04.18 മുതൽ 29.03.19വരെയുള്ള കാലയളവിലേക്ക് ലിക്വിഡേറ്റഡ് ഡാമേജായി 1264344X0.1%X52= 65746 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്നു. എന്നാൽ യാതൊരു പിഴയും ഈടാക്കിയിട്ടില്ല.

2) സെലക്ഷൻ നോട്ടീസ് പ്രകാരം കരാറുകാരൻ 30.12.17-നകം എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 05.01.18-ലാണ് എഗ്രിമെന്റ് വെച്ചത്. ആയതിനാൽ കരാർ തുകയുടെ 1% ആയ 12643രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3) കൗൺസിലിന്റെ 29.11.18-ലെ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതായി രേഖയില്ല. സാങ്കേതികാനുമതി നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ല.

4) തീയതികൾ കൃത്യമായി രേഖപ്പെടുത്താതെയാണ് ഫയലിൽ നോട്ട് എഴുതിയിരിക്കുന്നത്. ഉദാഹരണമായി, 24.7.18-ന ശേഷം ഫയലിൽ കുറിപ്പുകൾ ഉണ്ടെങ്കിലും തീയതി വെച്ചിട്ടില്ല. പിന്നീട് 12.11.19-ൽ മാത്രമാണ് തീയതി രേഖപ്പെടുത്തി നോട്ട് എഴുതിയിരിക്കുന്നത്.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.49/30.4.22) നൽകിയതിന് മറുപടിയായി, കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിനു നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായ തുക കുറവു ചെയ്യാഞ്ഞതു മൂലം അധികമായി നൽകേണ്ടി വന്ന തുക (65746+12643=78,389രൂപ) കരാറുകാരനിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-40 നഗരസഭാ ഓഫീസ് മെയിന്റനൻസ്- നടപടിക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.319/20-21 |
| അടങ്കൽ തുക | 10,00,000രൂപ (തനതു ഫണ്ട്) |
| ഫയൽ നം. | E4/15313/20 |
| കരാറുകാരൻ | പി.എ.മാത്യു, പാലൂത്ര |
| ചെക്ക് നം., തീയതി, തുക | 587185/27.04.21- രൂ.9,22,178 |

പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 15-06-20 ൽ ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരു ടെണ്ടറും ലഭിച്ചില്ല എന്നും, 01.10.20-ലെ റീടെണ്ടറിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചതായും 19.10.20-ലെ കൗൺസിൽ തീരുമാനപ്രകാരം സിംഗിൾ ടെണ്ടർ അംഗീകരിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. മതിയായ രീതിയിലുള്ള പരസ്യത്തിന്റെ അഭാവം മൂലമാണ് ഇപ്രകാരം

ടെണ്ടറുകൾ ലഭിക്കാതിരിക്കുന്നത് എന്ന് വിവിധ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നു. കൂടുതൽ പ്രചാരമുള്ള പത്രങ്ങളിൽ പരസ്യം ചെയ്തിരുന്നുവെങ്കിൽ മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുകയും, അതുവഴി നഗരസഭയ്ക്ക് ചെലവു കുറയ്ക്കുകയും ചെയ്യാമായിരുന്നു.

2. 28.10.20-ലെ എഗ്രിമെന്റ് പ്രകാരം 19.12.20-ൽ പ്രവൃത്തി പൂർത്തീകരിച്ചു (എം.ബുക്ക് പ്രകാരം). എന്നാൽ കൗൺസിൽ ഹാൾ നവീകരണം ഉൾപ്പെടെയുള്ള അടിയന്തിര പ്രവൃത്തികൾ കൂടി ചെയ്യേണ്ടതുണ്ട് എന്ന കാരണം രേഖപ്പെടുത്തി 15.02.21-ലെ കൗൺസിൽ തീരുമാനപ്രകാരം 28.02.21-ൽ മാത്രമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയത്. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം 2 മാസം കഴിഞ്ഞാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗികാരം വാങ്ങിയത് എന്നത് ശരിയായ നടപടിയല്ല. പൊതുമരാമത്ത് വകുപ്പ് മാന്വൽ, സെക്ഷൻ 1601.1.6 പ്രകാരം എസ്റ്റിമേറ്റിൽ കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ഉണ്ടാവുകയാണെങ്കിൽ, പ്രവൃത്തി പൂർത്തീകരിക്കുന്നതിനു കാത്തിരിക്കാതെ, ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.51/30.4.22) നൽകിയതിന് മറുപടിയായി, തുടർ വർഷങ്ങളിൽ ടെണ്ടർ പരസ്യങ്ങൾ കൂടുതൽ സർക്കുലേഷനുള്ള പത്രങ്ങളിൽ നൽകുന്നതാണെന്നും, പുതിയ ഭരണസമിതി അധികാരത്തിൽ വരുന്നതിനു മുമ്പായി അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിച്ചതാണെന്നും, പുതിയ കൗൺസിൽ അധികാരം ഏറ്റെടുത്തപ്പോഴാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അംഗീകാരം നൽകിയതെന്നും, ആയതിന് റ്റി.എസ് ലഭിച്ചതിനു ശേഷമാണ് ബിൽ തുക നൽകിയതെന്നും അറിയിച്ചു. എന്നാൽ 15.02.21-ലെ കൗൺസിലിനു മുമ്പായി 5 തവണ യോഗം കൂടിയെങ്കിലും ആ യോഗത്തിലൊന്നും തന്നെ ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തിയില്ല.
സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-41 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.195/20-21 |
| ഫയൽ നം. | E2/7721/20 |
| അടങ്കൽ തുക | രൂ.8,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | രൂ.7,63,000 |
| ബിൽ നം., തീയതി | E2/195/CFC/20-21/ Dt.24.03.21- രൂ.4,03,000<br>E2/195/CFC/20-21/ Dt.30.03.21- രൂ.3,60,000 |

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ടി പ്രൊജക്ട് പ്രകാരം 8, 30 എന്നീ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി 4,03,000രൂപയും, 7,14 എന്നീ വാർഡുകളിലെ പ്രവൃത്തികൾക്കായി 3,60,000രൂപയും കേരളാ വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുകകൾ ഒടുക്കിയതിന്റെ കൈപ്പറ്റു രസീതും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. 763000/-രൂപയുടെ വിനിയോഗം താല്ക്കാലികമായി തടസപ്പെടുത്തുന്നു.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.29/12.04.22) നൽകിയതിന് മറുപടിയായി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയതായി അറിയിച്ചു. പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
(തടസ്സപ്പെടുത്തിയ തുക- 763000/-രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.ക്ലമന്റ്.പി, അസി.എഞ്ചിനീയർ)

## 1-42 വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.194/20-21 |
| ഫയൽ നം. | E2/7714/20 |
| അടങ്കൽ തുക | 5,00,000രൂ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 4,98,300രൂ. |

| | |
|---|---|
| ബിൽ നം., തീയതി | E2/194/CFC/20-21/ Dt.16.06.20- 30,795രൂ.<br>E2/194/CFC/20-21/ Dt.15.03.21- 4,58,444രൂ.<br>E2/194/CFC/20-21/ Dt.18.03.21- 9,061രൂ. |

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ടി പ്രൊജക്ട് പ്രകാരം ചുവടെ പറയുന്ന പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് തുക പിൻവലിച്ചിട്ടുണ്ട്.

| പ്രവൃത്തി | തുക | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|
| പോസ്റ്റ് മാറ്റിയിടീൽ/ ലൈൻ എക്സ്റ്റൻഷൻ (വാർഡ്-7,9,10,15) | 10,886+2,79,885 =2,90,771 | കെ.എസ്.ഇ.ബി, തോട്ടഭാഗം |
| ടി- (വാർഡ്-25,26,27,28,29,30,32) | 19,909+1,07,219 =1,27,128 | കെ.എസ്.ഇ.ബി, മണിപ്പുഴ |
| ടി- (വാർഡ്-8,17,19,35,36) | 71340+9061 =80,401 | കെ.എസ്.ഇ.ബി, തിരുവല്ല |

കൂടാതെ, പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് 1-ാം വാർഡിലേക്ക് 12,880രൂപ കെ.എസ്.ഇ.ബി, തിരുവല്ല സെക്ഷനിലും(ചെക്ക് നം.587063/09.03.21) 34-ാം വാർഡിലേക്ക് 6698രൂപ മണിപ്പുഴ സെക്ഷനിലും(ചെക്ക് നം.587064/09.03.21) തനതു ഫണ്ടിൽ നിന്നും ഒടുക്കു വരുത്തിയതായും കാണുന്നു.

ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കെ.എസ്.ഇ.ബി, തിരുവല്ല സെക്ഷനിൽ ഒടുക്കിയ 12880രൂപയുടേത് ഒഴികെയുള്ള മറ്റ് തുകകൾ ഒടുക്കിയതിന്റെ കാഷ് രസീതുകൾ കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

2. കെ.എസ്.ഇ.ബി, തിരുവല്ല സെക്ഷനിൽ ഒടുക്കിയതിൽ ഉൾപ്പെട്ട 35075രൂപ, 11795രൂപ എന്നീ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിലുണ്ട്. ബാക്കി പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടോയെന്നുള്ള രേഖകളില്ല. പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.30/12.04.22) നൽകിയതിന് മറുപടിയായി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി-യ്ക്ക് കത്ത് നൽകിയതായി അറിയിച്ചു. ആയതിനാൽ മേൽ പ്രകാരമുള്ള ചെലവ് 517878/- രൂപയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയ 46870/- രൂപ കഴികെയുള്ള 471008/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റേത് ഒഴികെ). തുകയുടെ ഒടുക്ക്, വിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
(തടസ്സപ്പെടുത്തിയ തുക- 471008/- രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.ക്ലമന്റ്.പി, അസി.എഞ്ചിനീയർ)

## 1-43 ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരങ്ങൾ ഇല്ല

1. പ്രൊജക്ട് നം.SO.371/20-21(638/19-20)- താലൂക്ക് ആശുപത്രിയിൽ വൈദ്യുതീകരണം (ബ്ലഡ് ബാങ്ക്, മറ്റ് ഇലക്ട്രിക്കൽ വർക്കുകൾ)

| | |
|---|---|
| ഫയൽ നം. | E3/3754/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.7,44,854 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | രൂ.7,44,854 |
| ബിൽ നം., തീയതി | E3/371/CFC/20-21/ Dt.19.05.20 |

പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം അസി.എക്സി.എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ബ്ലഡ് ബാങ്ക് ഇലക്ട്രിഫിക്കേഷനു വേണ്ടി 2,36,854രൂപയും ആശുപത്രിയിലെ റീവയറിംഗിനായി 5,08,000രൂപയും ഉൾപ്പെടെ ആകെ 7,44,854രൂപ പത്തനംതിട്ട പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ് ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങളോ തുക ഒടുക്കിയതിന്റെ

കൈപ്പറ്റു രേഖകളോ ലഭ്യമാക്കിയിട്ടില്ല.

2. പ്രൊജക്ട് നം.SO.087/20-21- കറ്റപ്പുഴ തോട്ടിൽ പെട്ടിയും പറയും സ്ഥിതി ചെയ്യുന്നിടത്ത് ട്രാൻഫോർമർ സ്ഥാപിക്കുക

| | |
|---|---|
| ഫയൽ നം. | E1/16099/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.4,50,000 (വികസന ഫണ്ട്) |
| ചെലവ് തുക | രൂ.4,12,300 |
| ബിൽ നം., തീയതി | E3/087/PF/20-21/ Dt.01.12.20 |

8-ാം വാർഡിൽ 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി തിരുവല്ല കെ.എസ്.ഇ.ബി അസി.എഞ്ചിനീയർ 16.11.20-ൽ തയ്യാറാക്കിയ 4,12,300രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക പിൻവലിച്ചു. എന്നാൽ 4,19,941രൂപ ഒടുക്കേണ്ടതാണെന്ന് 24.11.20-ൽ കെ.എസ്.ഇ.ബി കത്ത് നൽകിയിട്ടുണ്ട്. ബാക്കി 7641രൂപ കൂടി ഒടുക്കണമെന്ന് 10.12.20-ൽ വീണ്ടും കത്ത് ലഭിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുക വർദ്ധിച്ചത് എങ്ങനെയാണെന്ന് വ്യക്തമാക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. ബാക്കി തുക ഒടുക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളുമില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.37/22.04.22) നൽകിയതിന് മറുപടിയായി, പൂർത്തീകരണ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി അറിയിച്ചു. അധികമായി ആവശ്യപ്പെട്ട 7641രൂപ ഒടുക്കിയോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, ചെലവു തുകകൾ (744854+412300= 11,57,154രൂപ) തടസ്സത്തിൽ വയ്ക്കുന്നു.
(ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.ക്ലമന്റ്.പി, അസി.എഞ്ചിനീയർ)

## 1-44 മരാമത്ത് പ്രവൃത്തികൾ- തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസവും, ഫൈൻ ഈടാക്കാത്തതും സംബന്ധിച്ച്

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അകാരണമായ കാലതാമസം വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രൊജക്ട് നം.387/20-21- ഇവാഞ്ചലിക്കൽ പള്ളിപ്പടി-റയിൽവെ ലൈൻ റോഡ് ഓട നിർമ്മാണവും കലുങ്ക് നിർമ്മാണവും.(ഫയൽ നം.E2/20885/17)

| | |
|---|---|
| കരാറുകാരൻ | ശ്രീ.ജോൺ മാത്യു, ചെറുകര |
| ബിൽ നം./തീയതി | E2/387/CFC/20-21/തീ.01.01.21- രൂ.4,46,700 |

2017-18വർഷം ആരംഭിച്ച പ്രവൃത്തി(പ്രൊജക്ട് നം.319/17-18) പൂർത്തീകരിച്ചത് 16.10.2020-ലാണ്. 03.01.2018-ൽ കോൺട്രാക്ടർ എഗ്രിമെന്റ് വെച്ചിരുന്നു. 31.03.18-നകം പൂർത്തീകരിക്കേണ്ടതുമായിരുന്നു. എന്നാൽ യഥാസമയം പൂർത്തീകരിച്ചില്ല എന്ന മാത്രമല്ല, സൈറ്റ് പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റ് പ്രകാരം വർക്ക് ചെയ്താൽ റോഡിന്റെ കിടപ്പനുസരിച്ച് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കില്ല എന്നും, എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും കാണിച്ച് കരാറുകാരൻ 20.04.18-ൽ അപേക്ഷ നൽകി. പിന്നീട് 31.12.19 വരെ ഫയലിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. 31.12.19-ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമെടുത്തതായി കാണുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയത് 02.03.20-ലാണ്. കരാറുകാരൻ ചൂണ്ടിക്കാട്ടിയ അപാകത കണക്കിലെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് നഗരസഭാ സാങ്കേതിക വിഭാഗത്തിന്റെ വീഴ്ചയാണ്. (കരാറുകാരൻ കണ്ടെത്തിയ മേൽപറഞ്ഞ സംഗതി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ കണ്ടെത്തിയിരുന്നില്ല എന്നത് സ്ഥലപരിശോധന കൂടാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം നൽകുകയും ചെയ്തത് എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.) പ്രവൃത്തി 16.03.20-ൽ ആരംഭിച്ച് 16.10.20-ൽ പൂർത്തീകരിച്ചു. യഥാസമയം പ്രവൃത്തി ആരംഭിക്കാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞ് പ്രവൃത്തി നടത്താൻ കഴിയില്ലെന്ന അപേക്ഷ നൽകി, ഏല്പിച്ച ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാകാൻ കരാറുകാരന്റെ ഭാഗത്തുണ്ടായ മനപ്പൂർവ്വമായ വീഴ്ചയെ സഹായിക്കുന്ന നടപടികളാണ് സാങ്കേതിക

വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാണ്. കരാറുകാരന് ഒരിക്കൽ പോലും നോട്ടീസ് നൽകുകയോ പിഴ ചുമത്തുകയോ ചെയ്തിട്ടില്ല. 03.01.18 മുതൽ 02.03.20 വരെയുള്ള കാലയളവിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ (അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ) ഇപ്രകാരമുള്ള ഗൗരവതരമായ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. ആയവരിൽ നിന്നും മറുപടി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തൃപ്തികരമായ മറുപടി ലഭ്യമാക്കാത്ത പക്ഷം ഇക്കാലയളവിലെ ഫൈൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

15.12.17-ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 22.12.17-നകം എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നുവെങ്കിലും 03.01.18-ലാണ് എഗ്രിമെന്റ് വെച്ചത്. ഇതിന്റെ കാലതാമസത്തിനും പിഴ ഈടാക്കിയില്ല. (450000രൂപയുടെ 1% ആയ 4500രൂപ). തുക ഈടാക്കി അറിയിക്കേണ്ടതാണ്.

2. പ്രൊജക്ട് നം.425/20-21- അടമ്പട കോളനി റോഡ് & സംരക്ഷണഭിത്തി നിർമ്മാണം.

| | |
|---|---|
| കരാറുകാരൻ | ശ്രീ.പി.കെ.സുരേഷ്കുമാർ, പുളിക്കത്തറ മണ്ണിൽ മലയിൽ |
| ബിൽ നം./തീയതി | E2/425/CFC/20-21/തീ.27.01.21- രൂ.6,78,969 |

2019-20 വർഷം ആവിഷ്ക്കരിച്ച 126/19-20-ാം നമ്പർ പ്രൊജക്ട് പ്രകാരം 30.11.19-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 31.03.20-നകം പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 15.01.21-ലാണ് പൂർത്തീകരിച്ചത്. പ്രവൃത്തിയിൽ മാറ്റം വരുത്തേണ്ടതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട് എന്ന് 19.12.19-ൽ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പിന്നീട് ഒരു വർഷത്തോളം(03.11.20 വരെ) യാതൊരു നടപടിയും സ്വീകരിച്ചില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. 03.11.20-ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 05.11.20-ൽ പുതുക്കിയ സാങ്കേതികാനുമതി നൽകിയെങ്കിലും പ്രവൃത്തി ചെയ്യാൻ തുടങ്ങിയത് 27.11.20-ൽ മാത്രമാണെന്നും പൂർത്തീകരിച്ചത് 15.01.21-ലാണെന്നും എം.ബുക്കിൽ നിന്നും വ്യക്തമാകുന്നു. 19.12.19 മുതൽ 03.11.20 വരെയുള്ള കാലയളവിലെ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർ ഇതിന് ഉത്തരവാദികളാണ്. ആയതിനാൽ ഇക്കാലയളവിലെ ഉദ്യോഗസ്ഥരിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതും, തൃപ്തികരമായ മറുപടി നൽകാത്തപക്ഷം ഫൈൻ ഇനത്തിലുള്ള നഷ്ടം അവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

3. പ്രൊജക്ട് നം.380/20-21 (SO.235/18-19, 498/19-20)- ചന്തത്തോട് ചാത്തമല റോഡിൽ കലുങ്ക് നിർമ്മാണം.

| | |
|---|---|
| കരാറുകാരൻ | ശ്രീ.സായിജിത്.എ.എസ്, ആറ്റൂർ തുണ്ടിയിൽ |
| ബിൽ നം./തീയതി | E4/380/CFC/20-21/തീ.09.11.20- രൂ.5,50,076<br>E4/380/CFC/20-21/തീ.01.12.20- രൂ.71,335 |

2018-19വർഷം ആവിഷ്ക്കരിച്ച് 14.11.18-ൽ എഗ്രിമെന്റ് വെച്ച ടി പദ്ധതി 31.03.19-നകം പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ ഒരു വർഷത്തോളം യാതൊരു നടപടിയും സ്വീകരിക്കാതെ 31.12.19-ലെ കൗൺസിൽ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് 02.01.20-ൽ പ്രവൃത്തി ആരംഭിച്ച് 20.05.20-ൽ പൂർത്തീകരിച്ചു. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയിട്ടുമില്ല. കരാറുകാരന്റെ അപേക്ഷയും, ഓവർസിയർ/എഞ്ചിനീയറുടെ കാര്യകാരണ സഹിതമുള്ള റിപ്പോർട്ടും ഇല്ലാതെയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്. ഒരു വർഷം യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആയതിനാൽ 14.11.18 മുതൽ 02.01.20 വരെയുള്ള കാലയളവിലെ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതും, തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം ഇക്കാലയളവിലെ ഫൈൻ പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.52/30.4.22) നൽകിയതിന് മറുപടിയായി, കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു.

## 1-45 നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ

ചുവടെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തുകയും, തുടർന്ന് കരാറിലേർപ്പെട്ടപ്പോൾ പിഴ ഈടാക്കുകയും ചെയ്തിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ- സെക്ഷൻ 2009.6 അനുസരിച്ച്, ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണമെന്നും, ലെറ്റർ രജിസ്റ്റർ ചെയ്ത തീയതി/എസ്.എം.എസ് അയച്ച തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000രൂപയും, മാക്സിമം 25000രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ പിഴ കൂടാതെ ഉടമ്പടി ഒപ്പ് വയ്ക്കാനുള്ള തീയതി വ്യക്തമായി രേഖപ്പെടുത്തിയിരുന്നുവെങ്കിലും, പ്രസ്തുത തീയതിയ്ക്കുള്ളിൽ ഉടമ്പടി സമർപ്പിച്ചിട്ടില്ല. 14 ദിവസത്തിനകമാണ് കരാർ ചമയ്ക്കേണ്ടതെങ്കിലും നഗരസഭയിൽ നിന്ന് നൽകിയിട്ടുള്ള നോട്ടീസിൽ മിക്കതിലും 7 ദിവസത്തിനകം കരാർ വയ്ക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. നോട്ടീസിൽ പറഞ്ഞിരുന്ന തീയതിയ്ക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്ന കരാറുകാർ, തുടർന്ന് കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ | പി.എ.സി | ഫൈൻ കൂടാതെ കരാർ വെയ്ക്കേണ്ട തീയതി (നോട്ടീസ് പ്രകാരം) | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | മുത്തൂർ-കാട്ടൂക്കര റോഡ് പുനരുദ്ധാരണം (E4/1895/20, SO.615/19-20, 467/20-21) അടങ്കൽ- 6,70,000രൂപ<br>കരാറുകാരൻ: ബിജോയ് കുര്യൻ അലക്സാണ്ടർ, ചെറുകാട്ടുശേരിൽ<br>എഗ്രിമെന്റ് തീയതി: 05.03.20<br>ബിൽ നം./ തീയതി തുക- E4/467 /DFFR/20-21/ 25.8.20- രൂ.5,28,527 | 4,71,903 (21% കുറവ്) | 23.02.20 | 05.03.20 | 471903X1%<br>= 4719 |
| 2 | ചൂരക്കുന്നത്ത് പടി മണ്ണത്തറപ്പടി കാട്ടൂർ തുണ്ടിയിൽ റോഡ് കോൺക്രീറ്റിംഗും സൈഡ് കെട്ടും (E4/14501/18, SO.402/19-20, 227/18-19, 494/19-20)<br>കരാറുകാരൻ: സായിജിത്.എ.എസ്, ആറ്റൂർ തുണ്ടിയിൽ<br>എഗ്രിമെന്റ് തീയതി: 08.02.19<br>ബിൽ നം./ തീയതി തുക- E4/402/20-21/ 11.11.20- രൂ.2,54,744 | 3,84,893 | 14.11.18 | 08.02.19 | 3849 |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ ബിൽഡിംഗും ഫർണിച്ചർ, ഇലക്ട്രിക് മെയിന്റനൻസും (E4/14536/18, SO.139/18-19, 447/19-20, 351/20-21)<br>കരാറുകാരൻ: നന്ദകുമാർ വർമ്മ, തുകലശ്ശേരി പാലസ്<br>എഗ്രിമെന്റ് തീയതി: 21.02.19 | 4,82,927 | 09.01.2019 | 21.02.19 | 4829 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം./ തീയതി തുക- E4/447/SCP/19-20/ 28.04.20- രൂ.1,69,010 | | | | |
| 4 | ബ്രാഹ്മിണി റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് (E3/7700/2020, SO.130/20-21)<br>കരാറുകാരൻ- ശ്രീ.പ്രസന്നകുമാർ.ആർ, താഴമ്പാൽ, കോയിപ്രം<br>എഗ്രിമെന്റ് തീയതി- 21.7.20<br>ചെക്ക് നം., തീയതി, തുക- ചെക്ക് നം.587056/ തീയതി 8.3.21- രൂ.263594<br>(കോവിഡ് കാരണം മെറ്റീരിയൽസ് കിട്ടാൻ താമസം വന്നതുകൊണ്ടാണ് 'എഗ്രിമെന്റ് വെയ്ക്കാൻ' താമസം വന്നത് എന്നാണ് ഫയലിൽ നോട്ട് എഴുതിയിരിക്കുന്നത്. എന്നാൽ, കോവിഡ് കാരണം മെറ്റീരിയൽസ് കിട്ടാൻ താമസം വന്നതുകൊണ്ടാണ് 'പ്രവൃത്തി പൂർത്തീകരിക്കാൻ' കാലതാമസം വന്നത് എന്നാണ് കരാറുകാരൻ 24.2.21-ൽ നൽകിയ അപേക്ഷയിൽ പറഞ്ഞിരിക്കുന്നത്. യഥാസമയം എഗ്രിമെന്റ് വെയ്ക്കാതിരിക്കാൻ അതൊരു കാരണമായി അംഗീകരിക്കാനാവില്ല) | 3,12,309 | 30.6.20 | 21.7.20 | 3123 |
| | ആകെ | | | | 16,520 |

പിഴ ചുമത്താതെ കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം നഗരസഭയ്ക്ക് പിഴ ഇനത്തിൽ ലഭിക്കേണ്ട തുകകൾ (ആകെ 16,520രൂപ) ബന്ധപ്പെട്ട കരാറുകാരിൽനിന്ന് ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. പിഴയിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക ഈടാക്കാഞ്ഞതു മൂലം കരാറുകാർക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കാത്ത പക്ഷം, നഷ്ടമായ തുക 16520രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.26/7.4.22-നം, ഓഡിറ്റ് എൻക്വയറി നം.47/30.4.22- നം മറുപടിയായി, പിഴ ഈടാക്കുന്നതിനായി കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു.തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-46 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന രീതിയിൽ കരാർ ദീർഘിപ്പിച്ച് പിഴ ചുമത്താതിരുന്നതു മൂലം പിഴയിനത്തിൽ നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടായി. അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. ഏതാനും പ്രവൃത്തികളിൽ പ്രവൃത്തിമൂല്യതുകയുടെ ഒരു ശതമാനം തുക ഫൈൻ ഇനത്തിൽ ഈടാക്കുക മാത്രമാണ് ചെയ്തത്. പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയാണ്.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ-2112 അനുസരിച്ച്, പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസത്തിൽ (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ച് നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50%-ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ

കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC) 1% തുകയും (മിനിമം 1000രൂപ, മാക്സിമം 50000രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000രൂപ, മാക്സിമം 100000രൂപ) പിഴയായി ചുമത്തേണ്ടത്. ഇ-ഗവൺമെൻറ് പ്രൊക്വയർമെൻറ് ടെണ്ടർ നോട്ടീസിലെ 85- ാം ഇനമായി കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് പിഴ ചുമത്തുന്നതിന്റെ വിവരം സൂചിപ്പിച്ചിട്ടുമുണ്ട്. കരാർ കാലാവധി കഴിഞ്ഞ പ്രവൃത്തികൾക്ക് ഒന്നിനും തന്നെ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ പിഴ ചുമത്തിക്കൊണ്ട് കാലാവധി നീട്ടി നൽകുകയോ ചെയ്യാതെയാണ് പ്രവൃത്തി പൂർത്തീകരിപ്പിച്ചിട്ടുള്ളത്. ഒറിജിനൽ പൂർത്തീകരണ കാലാവധിയ്ക്കകം ദീർഘിപ്പിക്കാൻ AE മുഖേന അപേക്ഷിക്കാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ് എന്നും, ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിയ്ക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്നും, അതിന് തുക നൽകാവുന്നതല്ല എന്നും സെക്ഷൻ-2112-1-ൽ നിഷ്കർഷിച്ചിട്ടുമുണ്ട്. മാത്രവുമല്ല, പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിയ്ക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഓരോ ആഴ്ചയ്ക്കും (പരമാവധി 10% കരാർ തുക) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കണമെന്ന് സെക്ഷൻ-2116(1)-ൽ നിർദ്ദേശിച്ചിട്ടുമുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല.

മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|
| 1 | പുല്ലേലിൽ കടവ് റോഡ് പുനരുദ്ധാരണം (E3/21649/19, SO.601/19-20, 465/20-21)<br>കരാറുകാരൻ-സായിജിത്.എ.എസ്, എസ്&എസ് ബിൽഡേഴ്സ്<br>PAC തുക-4,14,471<br>എഗ്രിമെന്റ് തീയതി : 27.02.2020<br>പൂർത്തീകരിക്കേണ്ട തീയതി- 31.03.2020<br>പൂർത്തീകരിച്ച തീയതി: 04.02.2021<br>ചെക്ക് നം./ തീയതി/ തുക- 636769/21.05.20 /രൂ.2,42,400(പാർട്ട്)<br>587153/27.04.21- രൂ.1,87,333 (ഫൈനൽ ബില്ല്) | 01.04.20 മുതൽ<br>04.02.21വരെ (42ആഴ്ച)<br>(നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് കാണിച്ച് കരാറുകാരന് 4.3.20, 16.3.20, 26.5.20, 7.9.20, 22.01.21 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിരുന്നു. സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. 8/2020 മുതൽ കോവിഡ് നിയന്ത്രണങ്ങൾ ഇല്ലായിരുന്നു.) | ലിക്വിഡേറ്റഡ് ഡാമേജ്= 414471X0.1%X 42 = 17,408 | 4145 | 13,263 |
| 2 | കിഴക്കുംമുറി-പുല്ലൻപ്ലാവ് റോഡ് ഉണ്ടത്തിൽ റോഡ് (E3/23943/19, SO.226/19-20, 446/20-21) | 01.04.20മുതൽ<br>05.02.21വരെ (42ആഴ്ച)<br>(3.2.20,28.2.20, 16.3.20,13.5.20 എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകിയിരുന്നു. 10മാസത്തോളം മറ്റ് | ലിക്വിഡേറ്റഡ് ഡാമേജ്= 836866X0.1%X42= 35148 | 8369 | 26,779 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ: റെജി വർഗീസ്, വാഴക്കുന്നേൽ<br>PAC തുക- 8,36,866<br>എഗ്രിമെന്റ് തീയതി : 08.01.2020<br>പൂർത്തീകരിക്കേണ്ട തീയതി- 31.03.2020<br>പൂർത്തീകരിച്ച തീയതി: 05.02.2021<br>ബിൽ നം./ തീയതി/ തുക- ചെക്ക് നം. 587192/19.05.21- രൂ.8,31,944 | നടപടികൾ സ്വീകരിച്ചില്ല. കരാറുകാരന്റെ അപേക്ഷ പോലും ഇല്ലാതെ, ചെയർമാന്റെ നിർദ്ദേശാനുസരണം എന്ന രീതിയിൽ, റോഡ് പൂർണ്ണമായും പൊളിച്ച് മണ്ണ് ഇട്ട് ഉയർത്തി വെറ്റ്മിക്സ് ഇട്ട് ടാറിംഗ് നടത്തണമെന്ന് ഓവർസിയർ റിപ്പോർട്ട് എഴുതിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ 3.11.20-ൽ കൗൺസിൽ അനുവാദം നൽകി. 5.11.20-ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തെങ്കിലും 11.01.21-ൽ മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.) | | | |
| 3 | ചേന്നൻ കണ്ടത്തിൽ പടി- കാട്ടൂർ പടി റോഡിന്റെ പുനരുദ്ധാരണവും റീടാറിംഗും (E4/7683/20, SO.152/20-21)<br>കരാറുകാരൻ: മോൻസൺ ഐസക്, ഭഗവത്കുഴി<br>PAC തുക- 2,67,680<br>എഗ്രിമെന്റ് തീയതി : 23.07.2020<br>പൂർത്തീകരിക്കേണ്ട തീയതി- 31.01.2021<br>പൂർത്തീകരിച്ച തീയതി: 23.02.2021<br>ബിൽ നം./ തീയതി/ തുക- E4/7683/20/MGR /152/20-21 /തീ.26.03.21- രൂ.2,98,393 | 1 മാസം | ഫൈൻ= 267680X1%= 2677 | ഇല്ല | 2677 |
| 4 | മുസ്ലീംപള്ളി ഉക്കേലാട്ട് പടി റോഡ് വീതി കൂട്ടി റീടാറിംഗ് (E4/19221/19, SO.460/20-21, 579/19-20)<br>കരാറുകാരൻ: മോൻസൺ ഐസക്, ഭഗവത്കുഴി | 01.04.20മുതൽ 10.06.20വരെ.<br>(4.2.20,10.3.20 എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. യാതൊരു കാരണവും രേഖപ്പെടുത്താതെ എസ്റ്റിമേറ്റിൽ നാമമാത്രമായ വ്യതിയാനം മാത്രം വരുത്തിക്കൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും 02.03.20-ൽ പുതുക്കിയ സാങ്കേതികാനുമതി നൽകി.) | ഫൈൻ= 13,202 | ഇല്ല | 13,202 |

| | | | | | |
|---|---|---|---|---|---|
| | PAC തുക- 13,20,201<br>എഗ്രിമെന്റ് തീയതി : 28.11.19<br>പൂർത്തീകരിക്കേണ്ട തീയതി- 31.03.2020<br>പൂർത്തീകരിച്ച തീയതി: 10.06.20<br>ചെക്ക് നം./ തീയതി/ തുക- 014250/തീ.16.09.20- രൂ.14,08,347 | | | | |
| 5 | വരമ്പത്ത് നെയ്പ്പള്ളി റോഡ് പുനരുദ്ധാരണം (E2/1871/20, SO.479/20-21, 630/19-20)<br>കരാറുകാരൻ: റ്റി.വി.മാത്യു, ചെമ്പകത്തിനാൽ<br>PAC തുക- 2,08,082<br>എഗ്രിമെന്റ് തീയതി : 20.02.20<br>പൂർത്തീകരിക്കേണ്ട തീയതി- 31.03.2020<br>പൂർത്തീകരിച്ച തീയതി: 30.11.20<br>ബിൽ നം./ തീയതി/ തുക- E2/479 /CFC/20-21/തീ.18.01.21- രൂ.2,18,071 | 01.04.20മുതൽ 30.11.20വരെ (34ആഴ്ച)<br>(1%പിഴ ഈടാക്കണമെന്ന് അസി.എഞ്ചിനീയർ 4.12.20-ൽ ഫയലിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുക ഈടാക്കിയില്ല) | ലിക്വിഡേറ്റഡ് ഡാമേജ്= 208082X0.1%X34= 7075 | ഇല്ല | 7075 |
| | ആകെ | | | | 62,996 |

മാന്വൽ അനുശാസിക്കുന്ന വിധത്തിൽ പിഴ ചുമത്തി കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നത് മൂലം അധികമായി നൽകിയ 62,996രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.48/30.4.22) നൽകിയതിന് മറുപടിയായി, പിഴ ഒടുക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. നഷ്ടത്തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-47 പനയപ്പള്ളി റോഡ് റീടാറിംഗ് - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO. 196/20-21 |
| ഫയൽ നം. | E3/2072/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ തുക | രൂ.1,20,000 (മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവ് തുക | രൂ.1,20,000 |
| ബിൽ നം., തീയതി | E3/196/MGR/20-21/ Dt.05.03.21- രൂ.1,20,000 |
| കരാറുകാരൻ | റെജി വർഗീസ്, വാഴക്കുന്നേൽ, തെങ്ങേലി |

ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 16.10.20-ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 31.10.20-നകം എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 05.11.20-നാണ് എഗ്രിമെന്റ് വെച്ചത്. കാലതാമസം വരുത്തിയതിനാൽ 1% പിഴ ഈടാക്കി എഗ്രിമെന്റ് വെയ്ക്കാമെന്ന് ഫയൽ നോട്ട് എഴുതിയിട്ടുണ്ട്. എന്നാൽ പിഴ (1200രൂപ) ഈടാക്കിയില്ല.

2. ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ ടാറിന്റെ അധിക നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടതും പ്രസ്തുത പ്രവൃത്തിയ്ക്കായി ഉപയോഗിച്ചതുമായ RS1 -ന്റെ അളവ് 76.05കി.ഗ്രാം ആണ്. എന്നാൽ 338കി.ഗ്രാം RS1 -ന്റെ അധിക നിരക്ക് നൽകി.(ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക്- 38.33രൂപ, ടാർ ബില്ല് പ്രകാരമുള്ള നിരക്ക്- 43.04രൂപ)

| അനുവദിക്കാവുന്ന തുക | അനുവദിച്ചത് | അധിക തുക |
|---|---|---|
| 43.04-38.33= 4.71രൂപX76.05= 358.20 | 43.04-38.33= 4.71രൂപX338= 1591.98 | 1233.78രൂപ |

തുകകൾ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.35/20.04.22) നൽകിയതിന് മറുപടിയായി, ഫൈനും ടാറിന്റെ അധിക നിരക്കും ഈടാക്കുന്നതിനായി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. നഷ്ടത്തുക ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. അധികനിരക്ക് നൽകിയ തുക1234/- നിരാകരിക്കുന്നു.

(നിരാകരിച്ച തുക- 1234രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.ക്ലമന്റ്.പി, അസി.എഞ്ചിനീയർ)

## 1-48 മിനി എം.സി.എഫ് സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | SO. 542/20-21 (SO.317/21-22) |
| ഫയൽ നം. | E2/15270/20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.19,50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-813150രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട്-682500രൂപ, സംസ്ഥാനാവിഷ്കൃത ഫണ്ട്- 454350രൂപ) |
| ചെലവ് തുക | രൂ.15,20,961 (2020-21)<br>രൂ.1,49,556 (2021-22) |
| ചെലവു വിവരം | E2/542/CFC/20-21/ Dt.30.03.21- രൂ.8,13,150 (ധന.ഗ്രാന്റ്)<br>കേന്ദ്ര.ഫണ്ട് (സ്വച്ച് ഭാരത് അഭിയാൻ)- രൂ.6,82,500<br>ശുചിത്വ മിഷൻ ഫണ്ട്- രൂ.25,311 (20-21), രൂ.149556 (21-22) |

നഗരസഭയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച അജൈവ മാലിന്യങ്ങൾ കളക്ട് ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം ആകെ 23 മിനി എം.സി.എഫ്-കൾ (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) വിവിധ സ്ഥലങ്ങളിൽ (നഗരസഭാ പരിസരം ഉൾപ്പെടെ) സ്ഥാപിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് 'പ്രകൃതി ഇൻഫ്രാ സ്ട്രക്ച്ചർ ഡിസൈൻ & കൺസ്ട്രക്ഷൻസ് പ്രൈ.ലിമിറ്റഡ് ' എന്ന സ്ഥാപനം മുഖേനയാണ് ഇവ സ്ഥാപിച്ചത്. എന്നാൽ ഇവ ഉപയോഗരഹിതമായി പല സ്ഥലങ്ങളിലും ഇരിക്കുന്നു. അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ഇവയിൽ ശേഖരിക്കുകയോ അവ യഥാസമയം നീക്കം ചെയ്യുകയോ ചെയ്യുന്നില്ല. ആയത് പദ്ധതിയുടെ ലക്ഷ്യത്തിന് വിരുദ്ധമാണ്. കൗൺസിൽ അംഗങ്ങളോ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരോ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക, 1670517/- പാഴായതായി

ഓഡിറ്റിൽ വിലയിരുത്തുന്നു. പ്രസ്തുത എം.സി.എഫ്-കൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2020-21 വർഷം ചെലവഴിച്ച 15,20,961 രൂപ തടസ്സത്തിൽ വയ്ക്കുന്നു.






| | |
|---|---|
| നഗരസഭാ പരിസരത്തെ എം .സി.എഫ് | കാവുംഭാഗം യു .പി.സ്കൂളിലെ എം .സി.എഫ് |

## 1-49 ബയോമെടിക് പഞ്ചിംഗ് സംവിധാനം - മെഷിൻ സ്ഥാപിക്കൽ മാത്രമായി പരിമിതപ്പെട്ടു

(ഫയൽ നം :G4-9164/19)

സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(കൈ)നം 77/ 2019 / പൊ.ഭ.വ / 06-05-19 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ GEM വഴി ബയോമെടിക് പഞ്ചിംഗ് മെഷിൻ വാങ്ങുന്നതിനു തീരുമാനിക്കുകയും സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം GEM വഴിയുള്ള വാങ്ങൽ നടക്കാതെ വരികയും, തുടർന്ന് ടെണ്ടർ നടപടികളിലൂടെ വാങ്ങൽ നടത്തുന്നതിനു തീരുമാനിക്കുകയും ചെയ്തു.കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത ' Avlon Systems ' എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് 18700 രൂപയ്ക്കു മെഷീൻ വാങ്ങുന്നതിനു തീരുമാനിച്ചു. 18-03-20 ൽ നഗരസഭയിൽ മെഷീൻ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ആധാർ അധിഷ്ഠിത ഹാജർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള Software Link ലഭ്യമാക്കുന്നതിനായി NIC യുമായി ബന്ധപ്പെടുകയും ആയതിലേക്കായി 12626 രൂപ അടവാക്കുന്നതിനു NIC ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്ന് ഈ വിഷയത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മെഷീൻ സ്ഥാപിക്കൽ മാത്രമായി പരിമിതപ്പെട്ടു.

ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനു തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുന്നതിനും ഇതുസംബന്ധിച്ച നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യുന്നതിനും ഓഡിറ്റ് എൻക്വയറിയ്ക്കു (നം.18/17.01.22) നൽകിയ മറുപടിയിൽ, കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി പഞ്ചിംഗ് ഒഴിവാക്കാൻ സർക്കാർ നിർദ്ദേശം വന്നതിനാലാണ് തുടർനടപടികൾ നിർത്തിവെച്ചിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചിംഗ് സംവിധാനം ആരംഭിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-50 അഗതിരഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിക്കുന്നില്ല

നഗരസഭയിലെ അഗതിരഹിതകേരളം പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും 4,12,18,200 രൂപ അടങ്കൽ തുകയും 39,84,500 രൂപ ചലഞ്ച് ഫണ്ടും വകയിരുത്തിയ പദ്ധതിയ്ക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.08.2020-ലെ കെ.എസ്. *13100*/എൽ/2018 നമ്പർ നടപടിക്രമം പ്രകാരം അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്ത സേവനങ്ങൾ നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ ആശ്രയ ഒന്നും രണ്ടും പദ്ധതിയ്ക്ക് അനുവദിച്ച ചലഞ്ച് ഫണ്ടിൽ 12,50,948 രൂപ വിനിയോഗിക്കാതെ അവശേഷിച്ചിരുന്നതിനാൽ ഒന്നാംഘട്ട ഗഡു വായ 13,28,167 രൂപയിൽ നിന്നും 12,50,948 രൂപ കിഴിച്ച് 77219 രൂപ മാത്രമാണ് ചലഞ്ച് ഫണ്ട് ലഭിച്ചത്. പദ്ധതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

വകയിരുത്തിയ തുകയുടെ വിവരം

| ഇനം | ഒന്നാം വർഷം | രണ്ടാം വർഷം | മൂന്നാം വർഷം | ആകെ |
|---|---|---|---|---|
| ഭക്ഷണം | 2096400 | 2096400 | 2096400 | 6289200 |

| | | | | |
|---|---|---|---|---|
| ചികിത്സ | 417000 | 417000 | 417000 | 1251000 |
| വീട് | 1600000 | 8800000 | 6440000 | 16840000 |
| ഭൂമി | 1200000 | 3100000 | 2100000 | 6400000 |
| വിദ്യാഭ്യാസം | 27000 | 27000 | 27000 | 81000 |
| വീട് പുനരുദ്ധാരണം | 1200000 | 5100000 | 3700000 | 10000000 |
| തൊഴിൽ/തൊഴിൽ പരിശീലനം | 10000 | 10000 | 10000 | 30000 |
| പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവ് | 1000 | 1000 | 1000 | 3000 |
| കൗൺസലിംഗ് | 6000 | 8000 | 5000 | 19000 |
| റിസർവ് ഫണ്ട് | 100000 | 50000 | 50000 | 200000 |
| മറ്റ് ചെലവുകൾ | 10000 | 10000 | 10000 | 30000 |
| മെഡിക്കൽ ക്യാമ്പ് | 25000 | 25000 | 25000 | 75000 |
| ആകെ | | | | 41218200 |

ആകെ ഗുണഭോക്താക്കൾ -295

ആകെ അടങ്കൽ -41218200

ആകെ ചലഞ്ച് ഫണ്ട് (40%) -3984500

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പട്ടിക പ്രകാരം വീട്, ഭൂമി എന്നിവയ്ക്ക് പണം വകയിരുത്തിയിട്ടുണ്ടെങ്കിലും ഭക്ഷണ വിതരണം മാത്രമായി പദ്ധതി ഒതുങ്ങി.

2. അംഗീകരിച്ച പദ്ധതി പ്രകാരം ആകെ ലഭിക്കേണ്ട ചലഞ്ച് ഫണ്ട് 39.84 ലക്ഷം രൂപയാണ്. എന്നാൽ മുൻ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ ബാക്കി നിന്ന 12.50 ലക്ഷം രൂപ കിഴിച്ച് 77219 രൂപയാണ് ആദ്യ ഗഡു ലഭിച്ചത്. മുൻ ആശ്രയപദ്ധതിയിൽ തുക പൂർണ്ണമായി ചെലവഴിക്കാഞ്ഞതിനാൽ 12.50 ലക്ഷം രൂപ ആദ്യവർഷം തന്നെ നഷ്ടമായ സാഹചര്യമാണുള്ളത്.

3. 2020-21-ൽ ലഭിച്ച ചലഞ്ച് ഫണ്ട് 77219 രൂപ നഗരസഭയുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ആയത് ആശ്രയ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

4. 31.03.2021-ൽ ബാങ്ക് അക്കൗണ്ടിൽ ആകെ 6606934 രൂപ അവശേഷിക്കുന്നുണ്ട്. മുൻ ആശ്രയപദ്ധതി കണക്ക് പ്രകാരം രണ്ട് ഘട്ടങ്ങൾക്കായി 65 ലക്ഷം രൂപ പ്ലാൻഫണ്ട് ലഭിച്ചിരുന്നു. ആയതിൽ 7.38 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചത്. ബാക്കി 57.61 ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിലും, മോണിറ്ററിംഗിലും വന്ന വീഴ്ചകൾ മൂലമാണ് മുൻ ആശ്രയപദ്ധതിയിൽ ലഭിച്ച തുകയിൽ ഇത്രയും തുക ചെലവഴിക്കാൻ കഴിയാതിരുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

5. പദ്ധതിയുടെ വിലയിരുത്തൽ സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നില്ല. ഓരോ മാസവും ചേരേണ്ടിയിരുന്ന യോഗം നാളിതുവരെ 4 തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. (യോഗതീയതികൾ- 20.05.2021, 04.08.2021, 12.10.2021, 22.12.2021)

പദ്ധതിയുടെ വിലയിരുത്തൽ സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നത് പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് സഹായകരമായിരിക്കും. വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 പി.എം.എ.വൈ. (ലൈഫ്) ഭവനനിർമ്മാണപദ്ധതി പുരോഗതി മന്ദഗതിയിൽ

പി.എം.എ.വൈ. (ലൈഫ്) ഭവനനിർമ്മാണ പദ്ധതിയിൽ 4 ഗഡുക്കളായി ആകെ 4 ലക്ഷം രൂപയാണ് വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് കാലതാമസം

ഉണ്ടാകുന്നുണ്ട്. അംഗീകാരം ലഭിച്ച ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളിൽ പകുതി പേർ മാത്രമാണ് നാളിതുവരെ കരാർ വച്ചിട്ടുള്ളത്. ആകെ 814 ഗുണഭോക്താക്കളിൽ 238 പേർ മാത്രമാണ് 4-ാം ഗഡു കൈപ്പറ്റിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഡി.പി.ആർ. പ്രകാരമുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം | കൗൺസിൽ അംഗീകരിച്ച ലിസ്റ്റ് പ്രകാരം അർഹരായ ഗുണഭോക്താക്കളുടെ എണ്ണം | കരാർ വെച്ച ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റിയതിന്റെ വിവരം (എണ്ണം) | | | |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 814 | 814 | 474 | 464 | 396 | 288 | 238 |

ഡി.പി.ആർ പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഫണ്ട് (1 മുതൽ 7 വരെ ഡി.പി.ആർ പ്രകാരം ആകെ ) | അടങ്കൽ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | ലഭിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| നഗരസഭ വിഹിതം (ലോൺ ഉൾപ്പെടെ) | 16,28,00,000 | 12,21,00,000 | 12,21,00,000 | 4,07,00,000 |
| കേന്ദ്ര വിഹിതം | 7,46,45,000 | 4,98,75,000 | 4,98,75,000 | 2,47,70,000 |
| സംസ്ഥാന വിഹിതം | 8,81,55,000 | 7,22,25,000 | 7,22,25,000 | 1,59,30,000 |
| ആകെ | 32,56,00,000 | 24,42,00,000 | 24,42,00,000 | 8,14,00,000 |

ആകെ 32.56 കോടി വകയിരുത്തിയ പദ്ധതിയിൽ 24.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 8.14 കോടി രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.

### 1-51-1 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

പി.എം.എ.വൈ. (ലൈഫ്) ഭവനനിർമ്മാണപദ്ധതിയിൽ 4 ഗഡുക്കളായി ആകെ 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 1, 2, 3 ഡി.പി.ആർ-കളിൽ ഉൾപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | വാർഡ് | ആകെ അനുവദിച്ച ധനസഹായം | നൽകിയ അവസാന ഗഡു | തീയതി |
|---|---|---|---|---|---|
| 1 | ശാരിക സുധീഷ്, കോട്ടാലിൽ ,ചുമത്ര | 17 | 363000 | 3 | 14.03.2019 |
| 2 | പത്മകുമാരി, അരവിന്ദൻ, മണിക്കുന്നിൽ, ചുമത്ര | 4 | 330000 | 3 | 08.07.2021 |
| 3 | സുജ എസ്.എൻ. ശ്രീകുമാർ, ശങ്കരമംഗലത്ത് താഴയിൽ, തിരുവല്ല | 34 | 270000 | 3 | 26.10.2017 |
| 4 | ലീലാമ്മ ഗോപി, തിട്ടപ്പള്ളിൽ, കാട്ടുക്കര | 35 | 150000 | 2 | 04.05.2018 |
| 5 | ഏലിയാമ്മ, ബിനോയ് കെ.എം, കരിമ്പാലിൽ, മഞ്ഞാടി പി.ഒ | 17 | 30000 | 1 | 09.08.2017 |
| 6 | കരോളിൻ ഡേവിഡ്, ജോസഫ്ജോൺ, വെട്ടുവേലിൽ, റയിൽവേസ്റ്റേഷൻ പി.ഒ | 9 | 30000 | 1 | 03.08.2017 |
| 7 | ശാലിനി കെ.ജി, മനോജ്കുമാർ വി.എസ്, പ്രസന്നവിലാസം, ചുമത്ര | 2 | 270000 | 3 | 24.12.2018 |
| 8 | പൊന്നമ്മ ഗോപി, ശങ്കരമംഗലത്ത്, പാലിയേക്കര | 32 | 205000 | 2 | 02.11.2019 |

| | | | | | |
|---|---|---|---|---|---|
| 9 | ലീല മുരളീധരൻ, കൊളപ്രമാലിയിൽ, മതിൽഭാഗം | 25 | 365000 | 3 | 19.03.2019 |
| 10 | ശോഭ ഗോപാലകൃഷ്ണൻ, കണിപറമ്പിൽ, ചുമത്ര | 4 | 205000 | 2 | 14.03.2019 |
| 11 | ലീലാമ്മ രാജേന്ദ്രൻ, രാജേന്ദ്രൻ എം.സി, മണക്കാലായിൽ, ചുമത്ര പി.ഒ. | 2 | 30000 | 1 | 13.04.2018 |
| 12 | സാറാമ്മ ജോസഫ്, കൊന്നയിൽ, ചുമത്ര | 3 | 150000 | 2 | 05.07.2018 |
| 13 | ആലീസ് രാജൻ, രാജൻ.എം.പി, മണക്കാലായിൽ, കുറ്റപ്പുഴ | 3 | 30000 | 1 | 13.04.2018 |
| 14 | സുലൈമാൻ കെ.എ., അനീഷബീഗം, കോവൂർമലയിൽ, തിരുവല്ല | 36 | 150000 | 2 | 20.10.2018 |
| 15 | ശോഭ അജികുമാർ, പാലക്കോട്ടാൽ പുതുപ്പറമ്പിൽ, കുറ്റപ്പുഴ | 6 | 360000 | 3 | 04.05.2019 |
| 16 | ജോൺസൻ എം.എം, മേരിക്കുട്ടിജോൺ, മൂന്നുപാറയ്ക്കൽ, കുറ്റപ്പുഴ | 6 | 360000 | 3 | 21.10.2019 |
| 17 | വത്സല ലാലൻ, പള്ളിപ്പറമ്പിൽ, കൊമ്പാടി | 12 | 360000 | 3 | 13.12.2019 |
| 18 | ഓമനക്കുട്ടൻ, ഉഷ ഓമനക്കുട്ടൻ, പുത്തൻതറയിൽ, കോട്ടത്തോട് | 19 | 360000 | 3 | 16.11.2016 |
| 19 | മറിയക്കുട്ടി വിക്രമൻ, തൃക്കേക്കുന്നിൽ, വലിയകുളം | 35 | 360000 | 3 | 19.03.2019 |
| 20 | തങ്കമ്മ ലൂയീസ്, തടത്തിൽ തെക്കേതിൽ, തുകലശ്ശേരി | 19 | 30000 | 1 | 05.10.2018 |
| 21 | അനിൽകുമാർ, ജയശ്രീ അനിൽകുമാർ, കാർത്തികഭവൻ, കിഴക്കൻമുത്തൂർ | 7 | 360000 | 3 | 22.05.2016 |
| 22 | സുമാദേവി എസ്, മനോജ്കുമാർ എം.ബി, തുരുത്തിക്കര പുത്തൻവീട്, മന്നംകരച്ചിറ | 31 | 30000 | 1 | 05.10.2018 |
| 23 | രത്നമ്മാൾ, വടക്കേകൊട്ടാരം, പാലിയേക്കര | 27 | 30000 | 1 | 20.10.2018 |
| 24 | മോഹനൻ കെ.കെ., ലതമോഹനൻ, കാഞ്ഞിരത്തുമൂട്ടിൽ, ചുമത്ര | 4 | 360000 | 3 | 03.04.2020 |
| 25 | വിജയമ്മ, പൗലോസ് പോൾ, കരീന്താഴയിൽ, കുറ്റപ്പുഴ | 3 | 360000 | 3 | ലഭ്യമല്ല |
| 26 | സുകുമാരി.പി.ജി, നങ്ങേലിപറമ്പിൽ, കാട്ടൂക്കര | 35 | 30000 | 1 | 13.12.2018 |
| 27 | രമ്യ വിജയൻ, പാലിയിൽ, മീന്തലക്കര | 11 | 30000 | 1 | 25.01.2019 |
| 28 | സുമ അനിൽകുമാർ,അഖിൽനിവാസ്, പുത്തൻചിറ | 33 | 30000 | 1 | 25.01.2019 |
| 29 | സി.റ്റി.ചെല്ലപ്പൻ, നളിനി ചെല്ലപ്പൻ, നടുത്തറയിൽ, ചുമത്ര | 3 | 360000 | 3 | 10.10.2019 |
| 30 | പത്മിനി, രഹന, രവീണ, ഓരുപാറയിൽ പടിഞ്ഞാറേതിൽ, തിരുമൂലപുരം | 27 | 280000 | 3 | 09.03.2021 |
| 31 | സുരേഷ്, ആഷ എം.എസ്, മുണ്ടക്കാലിൽ മലയിൽ വീട്, ഇരുവെള്ളിപ്ര | 17 | 200000 | 2 | 21.10.2019 |
| 32 | അക്ബർകുട്ടി എ.കെ, വടക്കേടത്ത്മലയിൽ, മുത്തൂർ പി.ഒ. | 38 | 360000 | 3 | 24.09.2020 |
| 33 | കുഞ്ഞമ്മ എൻ.കെ, തിട്ടപ്പള്ളിൽ, കാട്ടൂക്കര | 35 | 360000 | 3 | 20.08.2020 |

| | | | | | |
|---|---|---|---|---|---|
| 34 | ബിജു എസ്.ആർ, പ്രീതബിജു, കല്ലിടക്കി, തിരുമൂലപുരം | 17 | 360000 | 3 | 05.09.2019 |
| 35 | ഹരിദാസ്, ശ്രീരജ്ഞിനി, പടിഞ്ഞാറേ പുല്ലേലിൽ, കാവുംഭാഗം | 26 | 360000 | 3 | 16.11.2019 |
| 36 | അനിൽജോസഫ്, സരണ്യമോൾ സാബു, മാടാക്കാനായിൽ, തീപ്പനി | 12 | 360000 | 3 | 29.01.2020 |
| 37 | സുനിൽ പി.കെ, രാജി സുനിൽ, പന്തിരുകാലായിൽ, റയിൽവേസ്റ്റേഷൻ പി.ഒ. | 19 | 360000 | 3 | 17.04.2021 |
| 38 | ഗീത ശശിധരൻ, തൃക്കാർത്തിക, ഇരുവെള്ളിപ്ര, തിരുമൂലപുരം | 18 | 360000 | 3 | 23.03.2021 |
| 39 | സിനി റെജി, ചിറക്കടവിൽ, മുത്തൂർ | 1 | 40000 | 1 | 06.06.2019 |
| 40 | രാജമ്മ രാജു, രാജു.പി.എസ്, പാറപ്പാട്ട് നടുക്കേതിൽ, കിഴക്കൻമുത്തൂർ | 7 | 200000 | 1 | 10.10.2020 |
| 41 | സിനി, സാബു ജോർജ്, കാട്ടിൽപറമ്പിൽ, മഞ്ഞാടി | 11 | 360000 | 3 | 08.06.2020 |
| 42 | പുഷ്പകുമാരി, കോളഭാഗത്ത് ഹൗസ്, കാവുംഭാഗം | 30 | 360000 | 3 | 13.02.2019 |
| 43 | അമ്പിളി, ചരിവ്പുരയിടം, ഉകലശ്ശേരി | 24 | 40000 | 1 | 26.06.2019 |
| 44 | റ്റി.എൻ.മോഹനൻ, ശാന്ത മോഹനൻ, കല്ലൂപ്പാറ, പെരിങ്ങോൾ | 30 | 40000 | 1 | 26.06.2019 |
| 45 | കൊച്ചുമോൾ, മുതിരവേലിൽ, ആറ്റുചിറ | 3 | 40000 | 1 | 26.06.2019 |
| 46 | റെൻസി ജോർജ്, റെസീന കെ.എ, കണ്ണാലിൽ താഴയിൽ, തിരുമൂലപുരം | 17 | 360000 | 3 | 17.04.2021 |
| 47 | ആനീഷ് എം.റ്റി, ചിറയിൽ ഹൗസ്, തിരുമൂലപുരം | 17 | 360000 | 3 | 24.09.2019 |
| 48 | അമ്പിളി, ചിറയിൽ ഹൗസ്, തിരുമൂലപുരം | 17 | 360000 | 3 | 21.10.2019 |
| 49 | ശശാങ്കൻ വി.എൻ, ബിജി ശശാങ്കൻ, വാര്യന്തറ, തിരുമൂലപുരം | 17 | 200000 | 2 | 28.05.2020 |
| 50 | സാറാമ്മ പീറ്റർ, ചന്ദ്രപുരത്തിൽ, തീപ്പിനി | 13 | 360000 | 3 | 23.11.2020 |
| 51 | രാധാകൃഷ്ണൻ എം, സുഷമ റ്റി.എൻ, മുഞ്ഞനാട്ടു കണ്ടത്തിൽ, ഉകലശ്ശേരി | 24 | 360000 | 3 | 16.10.2020 |
| 52 | സുനിതമ്മ പി.റ്റി, ബിജു കെ.ജി, ആറ്റുമാലിയിൽ, തിരുമൂലപുരം | 18 | 200000 | 2 | 23.03.2021 |
| 53 | ആനന്ദൻ, കുഞ്ഞമ്മ, പൊട്ടുകുളത്തിൽ, ചുമത്ര | 2 | 360000 | 3 | 20.08.2020 |
| 54 | കുഞ്ഞൂഞ്ഞമ്മ കെ.എം, കിഴക്കേടത്ത് (ഇച്ചിലോടിയിൽ), ചുമത്ര | 3 | 200000 | 2 | 09.03.2021 |
| 55 | ജ്യോതിലക്ഷ്മി വി.കെ, വെങ്കിടശ്ശേരിൽ, പെരിങ്ങോൾ | 30 | 360000 | 3 | 09.03.2021 |
| 56 | തങ്കച്ചൻ, തങ്കമണി, മാടപ്പുറത്ത് ഹൗസ്, കാട്ടൂക്കര | 35 | 40000 | 1 | 11.02.2020 |
| 57 | പി.ജി.ബാലകൃഷ്ണൻ, സിന്ധുബാലകൃഷ്ണൻ, പാഴൂർ പുതുപ്പറമ്പിൽ, തിരുമൂലപുരം | 18 | 40000 | 1 | 26.03.2021 |
| 58 | രഘുകുമാർ എം, ശ്രീജ, ഓടക്കൽപടിഞ്ഞാറേതിൽ, മതിൽഭാഗം | 25 | 360000 | 3 | 08.06.2021 |

| | | | | | |
|---|---|---|---|---|---|
| 59 | സുജാത, സദാനന്ദൻ റ്റി.റ്റി, തുണ്ടിയിൽ, മഞ്ഞാടി പി.ഒ | 16 | 200000 | 2 | 23.07.2021 |

2020-21 വർഷം ആദ്യഗഡു നൽകിയിട്ടുള്ള 4-ാം ഡി.പി.ആർ-ൽ ഉൾപ്പെട്ട 109 ഗുണഭോക്താക്കളിൽ 38 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് 4-ാം ഗഡു കൈപ്പറ്റിയിട്ടുണ്ട്. 9 പേർ പണിപൂർത്തീകരിച്ച് രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവർക്ക് 4-ാം ഗഡു അനുവദിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 45/2020-21 തീയതി 29.04.2022-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആദ്യ ഗഡു കൈപ്പറ്റിയശേഷം നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളിൽ നിന്നും അനുവദിച്ച തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-52 ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് നഷ്ടം തിരികെ ഈടാക്കി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്കു കട്ടിൽ, ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികളിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. വയോജനങ്ങൾക്കു കട്ടിൽ

പ്രൊജക്ട് നം : 555 /21

അടങ്കൽ : 1004073 ( വികസന ഫണ്ട് -ജനറൽ )

പദ്ധതിയിൽ ഉൾപ്പെടുത്തി 234 കട്ടിലുകൾ (ഒരെണ്ണത്തിനു 4290.48 രൂപ നിരക്കിൽ) സിഡ്കോയിൽ നിന്നും വാങ്ങി വയോജനങ്ങൾക്കു വിതരണം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ കട്ടിൽ ലഭിച്ച ശ്രീമതി കമലമ്മ, മഞ്ഞനാട്ടു കിഴക്കേതിൽ, മതിൽഭാഗം (വാർഡ് -25) എന്ന ഗുണഭോക്താവിന് 2019-20-ൽ ആരംഭിച്ച് 2020-21-ൽ സ്പിൽഓവറായി പൂർത്തീകരിച്ച 'വയോജനങ്ങൾക്കു കട്ടിൽ വാങ്ങൽ' എന്ന സമാന പദ്ധതിയിൽ (പ്രൊജക്ട് നം : 273 /21) ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഒരേ ആനുകൂല്യം രണ്ടു തവണ നൽകിയതു തെറ്റായ നടപടിയാണ്.

2. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

പ്രൊജക്ട് നം : 40 /21

അടങ്കൽ : 2200000( വികസന ഫണ്ട് -ജനറൽ )

പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ശ്രീമതി മായ.ആർ, എലിമണ്ണിൽ വീട്, ചുമത്ര (വാർഡ് -2) എന്ന ഗുണഭോക്താവ് മെഡിക്കൽ സാക്ഷ്യപത്രത്തിലെ രേഖപ്പെടുത്തൽ പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന (Locomotor Disability) വ്യക്തിയാണ്. ഇപ്രകാരമുള്ള വ്യക്തികൾക്ക് സ.ഉ(കൈ)നം22/2018/തസ്വഭവ തീ:14-02-18 അനുസരിച്ച് അനുവദനീയമായ പരമാവധി സ്കോളർഷിപ്പ് പ്രതിവർഷം 17500 രൂപയാണ്. എന്നാൽ ഈ ഗുണഭോക്താവിനു മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 28500 രൂപ അനുവദിച്ചു. ഗുണഭോക്താവിന്റെ അർഹത നിർണ്ണയിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

മേൽ വിഷയങ്ങളിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ ( നം 1 തീ:17.11.21 ) അധികം ചെലവഴിച്ച തുകയായ 15290 രൂപ 17-03-22 ലെ 121010106427 രശീത് പ്രകാരം നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തി ആനുകൂല്യം നൽകുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-53 പാലിയേറ്റീവ് കെയർ പദ്ധതി - പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി നിഷ്ക്രിയാവസ്ഥയിൽ, പദ്ധതി പ്രവർത്തനങ്ങളിൽ ഏകോപനം ഇല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ.) നം.553 / 2019 / ത.സ്വ.ഭ.വ തീ:07-03-19 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ 01-04-19 മുതൽ പ്രാബല്യത്തിൽ

വന്നിട്ടുള്ളതാണ്. നഗരസഭ പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾക്കായി 2020-21 വർഷം ഒരു സ്പിൽഓവർ പദ്ധതി ഉൾപ്പെടെ 3 പദ്ധതികളിലായി 2203774 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പൊതുവായ പരാമർശങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റികൾ രണ്ടുമാസത്തിൽ ഒരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. എന്നാൽ പരിഷ്കരിച്ച മാർഗ്ഗരേഖ നിലവിൽ വന്ന 01-04-19 മുതൽ ജനവരി 2022 വരെ ആകെ 5 യോഗങ്ങൾ മാത്രമാണ് കൂടിയിട്ടുള്ളത്. ഓരോ മാസത്തെ റിപ്പോർട്ടും വരവു -ചെലവുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്നുള്ള നിർദ്ദേശവും പാലിച്ചിട്ടില്ല.

2) 23-12-19 ൽ കൂടിയ PMC യോഗത്തിൽ ഓരോ മാസവും കാണുന്ന രോഗികൾക്ക് എന്തെല്ലാം പരിചരണങ്ങൾ നൽകി എന്നും, രോഗികളെ തരം തിരിച്ചും അടുത്ത മീറ്റിംഗിൽ വായിക്കണമെന്ന തീരുമാനമെടുത്തെങ്കിലും തുടർന്നുള്ള യോഗങ്ങളിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയതായി രേഖപ്പെടുത്തലുകൾ ഇല്ല. കോവിഡ് കാലത്ത് പരിചരണ പ്രവർത്തനങ്ങളിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളും ആയതിനുള്ള പരിഹാര നടപടികളും PMC യോഗങ്ങളിൽ ചർച്ച ചെയ്തതിട്ടില്ല.

3) പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരവും ഒഴിവാക്കപ്പെടുന്ന ഗുണഭോക്താക്കളുടെ വിവരവും നോമിനൽ രജിസ്റ്ററിൽ ചേർത്ത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ 05-03-20 മുതൽ 05-01-22 വരെയുള്ള കാലയളവിൽ നോമിനൽ രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങുന്ന മരുന്നുകൾ പാലിയേറ്റീവ് കെയർ ലോക്കൽപർച്ചേസ് രജിസ്റ്ററിൽ ( Volume I ) ചേർത്ത ശേഷം ഒരുമിച്ച് പാലിയേറ്റീവ് കെയർ യൂണിറ്റിനു കൈമാറുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം കൈമാറുന്ന മരുന്നുകൾ സബ് സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല.പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ ഒന്നും തന്നെ മെഡിക്കൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) രോഗികൾക്ക് കിടക്കകൾ, ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഇഷ്യൂ രജിസ്റ്റർ അധികാരപ്പെട്ട ഉദ്യോഗസ്ഥരോ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയോ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല.

6) പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ഹോംകെയർ ടീമിനുള്ള ഭക്ഷണ ചെലവ് സൗജന്യമായോ, കുറഞ്ഞ നിരക്കിലോ ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്. സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി 76800 രൂപയും, പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തി 135000 രൂപയും ഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ അബ്ദുൾ താഹ, താഹ ഫാസ്റ്റ് ഫുഡ്, രാമൻചിറ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. ഒരാൾക്കുള്ള ഉച്ചഭക്ഷണത്തിനു 75 രൂപ നിരക്കിലാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് കുറഞ്ഞ ചെലവിൽ ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല.

7) ഹോംകെയർ ടീം അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും നടപ്പിലാക്കിയില്ല.

മേൽ പരാമർശങ്ങൾക്കു വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.19/15.03.22) മറുപടി ഹാജരാക്കിയിട്ടുണ്ട്. പിഎംസി മീറ്റിംഗുകൾ യഥാസമയം കൂട്ടുന്നതാണെന്നും, പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഹാജരാക്കിയ രേഖകളിൽ നിന്നും, പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന വിലയിരുത്തുന്നു. പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിലും, വിലയിരുത്തുന്നതിലും, ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിലും ഗൗരവ പൂർണ്ണമായ ഇടപെടൽ ഉണ്ടായിട്ടില്ല. പാലിയേറ്റീവ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-54 നെൽകൃഷിവികസനം- രേഖകളിലെ പൊരുത്തക്കേടുകളും അപാകതകളും

അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ 2020-21 വർഷം നിർവ്വഹണം നടത്തിയ നെൽകൃഷിവികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A)

| പ്രോജക്ട് നം. പേര് | ഫണ്ട് ഇനം , അടങ്കൽ തുക | ട്രഷറി ബിൽ വിശദാംശങ്ങൾ | ആകെ ചെലവ് തുക |
|---|---|---|---|
| 260/20-21 നെൽകൃഷി വികസനം (സ്പിൽ ഓവർ) | വികസന ഫണ്ട് , പൊതുവിഭാഗം 1250540 | 1) 1/20-21 24.04.20 480000 | 1250540 രൂപ |
| | | 2)2/2020-21 24.04.2020 140540 | |
| | | 3)4/2020-21 21.05.2020 630000 | |

I ) നെൽകൃഷി വികസനം-പാട്ടകരാറോ കൃഷിഭൂമി സംബന്ധമായ രേഖകളോ ഇല്ലാതെ പാട്ടകൃഷി നടത്തിയതായി കാണിച്ച് ആനുകൂല്യം നൽകി.

കൃഷി ചെയ്യുന്ന വസ്തു സംബന്ധിച്ച രേഖകൾ (കരം ഒടുക്ക് രസീത്, പാട്ടകൃഷിഭൂമിയെങ്കിൽ സമ്മതപത്രം, പാട്ടക്കരാർ) ഹാജരാക്കാതെ ചുവടെ പറയുന്ന കർഷകർക്ക് ആനുകൂല്യം ( കൂലിചെലവ് സബ്സിഡി , നെൽവിത്ത് ) നൽകിയിരിക്കുന്നു. ഇതിൽ പല ഗുണഭോക്താക്കൾക്കും മറ്റ് തദ്ദേശസ്ഥാപനത്തിൽ നിന്നും നെൽകൃഷി വികസനത്തിനുള്ള ആനുകൂല്യം ലഭിച്ചതായും കാണുന്നു. പല ഗുണഭോക്താക്കളും നഗരസഭാപരിധിക്ക് പുറത്ത് താമസിക്കുന്നവരാണ്. ടി ഗുണഭോക്താക്കൾ നഗരസഭാ പരിധിയിലുള്ള ഭൂമിയിൽ കൃഷി ചെയ്തു എന്ന് തെളിയിക്കുന്നതിനുള്ള ആധികാരികരേഖകളൊന്നും ഹാജരാക്കാത്തതിനാൽ അർഹത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ആനുകൂല്യം ലഭിച്ച വ്യക്തി | ആകെ ലഭിച്ച സബ്സിഡി തുക (തിരുവല്ല നഗരസഭ) | നെൽകൃഷിയ്ക്കായി ആനുകൂല്യം നൽകിയ മറ്റ് ത.സ്വ.ഭ.സ്ഥാപനത്തിന്റെ വിവരം | ഗുണഭോക്താവിന്റെ ആധാർനമ്പർ |
|---|---|---|---|
| ഭാനുമതിയമ്മ കുട്ടാരിപ്പിള്ളി ,കണ്ടംങ്കരി ,ആലപ്പുഴ | 22000 | തഴവ | 730474915916 |
| ശശിധരൻ നായർ , എം.എസ് കൈതക്കാട്, തായങ്കരി പി.ഒ എടത്വ, ആലപ്പുഴ | 22000 | തഴവ | 4349 0154 0396 |
| ശരത്ബാബു ,ശാന്തി ഭവനം , തായങ്കരി , ചമ്പക്കുളം എടത്വ | 22000 | തഴവ | 4025 3191 3097 |
| രാധാമണി അമ്മ.ആർ എം.എസ് കൈതക്കാട്, തായങ്കരി പി.ഒ എടത്വ, ആലപ്പുഴ | 12000 | തഴവ | 9462 7607 8468 |

| | | | |
|---|---|---|---|
| സജിയമ്മ സി.വി<br>കണ്ണാട്ടു പടിഞ്ഞാറേതിൽ<br>ചമ്പക്കുളം ,എടത്വ | 22000 | തഴവ | 7832 7842 8620 |
| കരുണാകരൻപിള്ളൈ<br>അരങ്ങത്ത് പുത്തൻപുര<br>പുല്ലങ്ങാടി , ആലപ്പുഴ | 22000 | തഴവ | 3812 1528 8361 |
| മധുസൂധനൻ.റ്റി<br>ഗ്രീഷ്മം, അയ്യർകുളങ്ങര<br>വൈക്കം, കോട്ടയം | 12000 | തഴവ | 4638 9644 0189 |
| ഗിരിജ . വി<br>ഗ്രീഷ്മം, അയ്യർകുളങ്ങര<br>വൈക്കം. | 12000 | തഴവ | 3009 8906 4645 |
| സ്മിതമോൾ എ.ആർ<br>അയ്യരപ്പള്ളിൽ ,<br>വൈക്കം, കോട്ടയം | 12000 | തഴവ | 6798 2635 9448 |
| തങ്കമ്മ<br>കണ്ണാട്ടു പടിഞ്ഞാറേതിൽ<br>തായങ്കരി. പി.ഒ | 12000 | തഴവ | 8568 0950 7470 |
| അർജ്ജുൻ സി പണിക്കർ<br>പാരൂർ, തായങ്കരി പി.ഒ | 22000 | തഴവ | 2646 9808 9768 |
| ജയശ്രീ.സി.പണിക്കർ<br>പാരൂർ, തായങ്കരി പി.ഒ | 12000 | തഴവ | 5830 6452 5048 |
| രാധാകൃഷ്ണൻ<br>കുട്ടാരിപ്പിള്ളി<br>,കണ്ടംങ്കരി ,ആലപ്പുഴ | 12000 | ഇല്ല | 6422 2231 9491 |
| കൃഷ്ണൻ നായർ.എം<br>കാർത്തികാലയം<br>കണ്ടങ്കരി | 22000 | തഴവ | 5008 5267 9003 |
| എബി ജോസഫ്<br>അമ്പക്കാട്<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 22000 | തഴവ | 4807 7290 9011 |
| കൃഷ്ണൻ നായർ.എം പി<br>കളത്തി പറമ്പിൽ<br>തായങ്കരി , ചമ്പക്കുളം ,<br>ആലപ്പുഴ | 22000 | തഴവ | 6330 8295 4766 |

| | | | |
|---|---|---|---|
| ശാന്തി ബാലകൃഷ്ണൻ രാജേഷ് ഭവൻ , തെക്കേക്കര പി.ഒ, മങ്കൊമ്പ് ,ആലപ്പുഴ | 22000 | തഴവ | 5095 1174 5013 |
| ദീപ സുധീഷ് ശ്രീശങ്കരം, മടവന, തായങ്കരി.പി.ഒ ആലപ്പുഴ | 22000 | തഴവ | 6756 7388 0716 |
| രാജേഷ്.എസ്.പി രാജേഷ് ഭവൻ , തെക്കേക്കര പി.ഒ, മങ്കൊമ്പ് ,ആലപ്പുഴ | 22000 | തഴവ | 7118 2469 4071 |
| ശിവപ്രകാശ് ചിറ്റൂർ ,കണ്ടംങ്കരി തായങ്കരി , ആലപ്പുഴ | 22000 | തഴവ | 5092 4650 6192 |
| രാധാമണി.സി ഗോപാലയം തായങ്കരി.പി.ഒ ആലപ്പുഴ | 22000 | തഴവ | 7295 6251 9847 |
| ശങ്കരൻകുട്ടി നായർ ഗോപാലയം തായങ്കരി.പി.ഒ ആലപ്പുഴ | 22000 | തഴവ | 7478 7166 5574 |
| മുരളീധര പണിക്കർ കുട്ടാരപ്പള്ളിൽ, കണ്ടംങ്കരി ,ആലപ്പുഴ | 22000 | തഴവ | 2461 2161 9933 |
| ഗിരിചന്ദ്രൻ.എ അയ്യാരപ്പള്ളിൽ സൗത്ത് ഗേറ്റ്.പി.ഒ വൈക്കം | 22000 | തഴവ | 969254146629 |
| ഷീബ മോൾ.റ്റി കൊച്ചുവാഴത്തറ പുല്ലങ്ങാടി.പി.ഒ ആലപ്പുഴ | 22000 | തഴവ | 424311214505 |
| ഗിരീഷ് അയ്യാരപ്പള്ളിൽ സൗത്ത് ഗേറ്റ്.പി.ഒ വൈക്കം | 22000 | തഴവ | 756163668314 |
| ഇന്ദുകുമാരി. കെ.എസ് | 22000 | തഴവ | 880769253970 |

| | | | |
|---|---|---|---|
| ശാന്തി ഭവൻ<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | | | |
| ലക്ഷ്മി,എം.നായർ<br>ഗ്രീഷ്മം, അയ്യർകുളങ്ങര<br>വൈക്കം | 22000 | തഴവ | 636095670415 |
| പ്രവീൺ എസ് നായർ<br>കൈതക്കാട്, കണ്ടങ്കരി, തായങ്കരി.പി.ഒ<br>ആലപ്പുഴ | 22000 | തഴവ, | 8798 2108 2895 |
| രഘുനാഥ പിള്ള<br>പങ്കജ്,<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 22000 | തഴവ | 746582400010 |
| ബാബു കുമാർ.ഒ.സി<br>സുമതി നിവാസ്,<br>ചെറുവള്ളി.പി.ഒ<br>കോട്ടയം | 22000 | ഇല്ല | 914580969239 |
| ത്രേസ്യാമ്മ ജോസഫ്<br>അമ്പക്കാട് വീട്<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 22000 | തഴവ | 266184627585 |
| ബിജിൻ പ്രകാശ്<br>ദേവിക , മിത്രക്കരി<br>ആലപ്പുഴ | 12000 | ഇല്ല | 8255 7295 3611 |
| സൂര്യ ബി നായർ<br>കൈതക്കാട്, തായങ്കരി പി.ഒ എടത്വ, ആലപ്പുഴ | 12000 | തഴവ | 8624 01810637 |
| ശശികുമാർ ജി<br>പുതുപറമ്പിൽ, പുല്ലങ്ങാടി | 12000 | തഴവ | 2463 2524 4507 |
| അഞ്ചലി.എസ് പണിക്കർ<br>പാറ്റൂർ തായങ്കരി | 12000 | തഴവ | 9027 4394 2231 |
| സോമൻ.എൻ<br>കുന്നത്തുശ്ശേരി, പുല്ലങ്ങാടി | 12000 | തഴവ | 4850 7983 5889 |
| സുരേഷ് ആറാട്ടുതറ<br>തായങ്കരി , എടത്വ | 12000 | തഴവ | 9514 3621 0574 |

| | | | |
|---|---|---|---|
| ശ്യാമള കുമാരി<br>സുമതി നിവാസ്<br>കൈലാത്ത് കവല , ചെറുവള്ളി<br>കോട്ടയം | 12000 | തഴവ | 6094 9392 9893 |
| പങ്കജാക്ഷൻ , കൈതപ്പറമ്പ്, പുല്ലങ്ങാടി | 12000 | തഴവ | 9575 0261 2812 |
| ഫ്രാൻസിസ് ചാക്കോ<br>പൂത്തറ അമ്പത്തിൽ, തായങ്കരി | 12000 | തഴവ | 435514345962 |
| ശങ്കരൻകുട്ടി ജി<br>കണ്ണാട്ടുപടിഞ്ഞാറേതിൽ<br>കണ്ടങ്കരി, തായങ്കരി.പി.ഒ<br>ആലപ്പുഴ | 12000 | തഴവ | 5216 6524 3052 |
| ഉഷകുമാരി<br>അരങ്ങത്ത് പുത്തൻപുര<br>പുല്ലങ്ങാടി പി.ഒ | 22000 | തഴവ | 3997 9527 8090 |
| കവിത.എസ്<br>തട്ടാൻതറ<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 17000 | തഴവ | 422582466787 |
| അന്നമ്മ ചാക്കോ<br>പൂത്തറ അമ്പത്തിൽ, തായങ്കരി | 12000 | തഴവ | 4578 3076 8722 |
| വിജയലക്ഷ്മി<br>ലക്ഷ്മി സദനം<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 22000 | തഴവ, തഴക്കര | 9280 3484 4010 |
| ഹരികൃഷ്ണൻ<br>ലക്ഷ്മി സദനം<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 12000 | തഴക്കര,<br>തഴവ | 9359 9396 4674 |
| വൽസല<br>പങ്കജ്,<br>തായങ്കരി.പി.ഒ | 22000 | തഴവ | 493104942821 |
| ബാലകൃഷ്ണൻ<br>കണ്ണാട്ടുപടിഞ്ഞാറേതിൽ | 10000 | തഴവ | 745284533600 |

| | | | |
|---|---|---|---|
| തായങ്കരി.പി.ഒ<br>ആലപ്പുഴ | | | |
| വിനീത് വിജയകുമാർ<br>ചാത്തിക്കാട്ട്, പള്ളിപ്പുറം<br>ചേർത്തല | 10000 | തഴവ | 640080994771 |
| സീന.ആർ<br>രത്നാലയം<br>പഴവീട്.പി.ഒ, ആലപ്പുഴ | 10000 | ഇല്ല | 780072114576 |
| സുശീല<br>തട്ടാൻതറ<br>തായങ്കരി,പി.ഒ<br>ആലപ്പുഴ | 5000 | ഇല്ല | 651062408672 |
| ബിപിൻ പ്രകാശ്<br>ദേവിക ഹൗസ്സ്<br>മിത്രക്കരി.പി.ഒ<br>മുട്ടാർ | 10000 | തഴവ | 833213967636 |
| ഗിരീഷ് ചന്ദ്ര<br>പുള്ളിക്കോട്<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | തഴവ | 866244345012 |
| രതീശൻ പിള്ള<br>പൊയ്ക്കാരംകളം<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 584620796676 |
| ഉല്ലാസ്. യു<br>മുല്ലോത്ത്<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 869538349908 |
| വീണമോൾ. ആർ<br>മുല്ലോത്ത്<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 715111762478 |
| സരസമ്മ മുരളീധരൻ<br>സുഷമഭവൻ<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 633537338098 |
| കൊച്ചുമോൻ. കെ<br>തൈഭാഗം | 10000 | തഴവ | 713965390359 |

| | | | |
|---|---|---|---|
| തായങ്കരി.പി.ഒ<br>ആലപ്പുഴ | | | |
| മുകേഷ് കുമാർ. സി<br>അൻപതിൽചിറ<br>പുല്ലങ്ങാടി.പി.ഒ<br>ആലപ്പുഴ | 10000 | തഴവ | 705695325471 |
| തുളസീദാസ്<br>രാമ നിലയം<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 506888534873 |
| ലളിതാകുമാരിയമ്മ<br>ശ്രീകമലം<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 757300182179 |
| വർഗ്ഗീസ്. എം.കെ<br>മണ്ണുപറമ്പിൽ<br>ചമ്പക്കുളം.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 500888152674 |
| ആൻറണി ജോസഫ്<br>അമ്പക്കാട്<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 581894643160 |
| ജോസ് മാത്യൂ<br>നാരകത്തറ<br>ചമ്പക്കുളം.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 332097967088 |
| റോസമ്മ മാത്യൂ വർഗീസ്<br>നാരകത്തറ അട്ടിയിൽ<br>ചമ്പക്കുളം.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 830790007105 |
| ബീന.ആർ.പിള്ള<br>പൊയ്ക്കാരം കളം<br>തായങ്കരി.പി.ഒ<br>ആലപ്പുഴ | 10000 | ഇല്ല | 803981664166 |
| മഞ്ജു വർഗ്ഗീസ്<br>മണ്ണുപറമ്പിൽ<br>ചമ്പക്കുളം.പി.ഒ | 10000 | ഇല്ല | 768696874347 |

| | | | |
|---|---|---|---|
| ആലപ്പുഴ | | | |
| ആകെ | 1056000 | | |

മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 38/23.04.22 )നഗരസഭാപരിധിയിൽ കൃഷിഭൂമി കൃഷിചെയ്യാൻ പാട്ടക്കരാറ് ഏറ്റെടുത്ത കരാറുകാരൻ(ശ്രീ. പ്രശാന്ത് .എസ്.നായർ) ലഭ്യമാക്കിയ രേഖകൾ പ്രകാരമാണ് മേൽ വ്യക്തികൾക്ക് തുക നൽകിയതെന്ന് മറുപടി നൽകി.നഗരസഭാപരിധിയിലെ പാടശേഖരങ്ങളിൽ കൃഷിചെയ്യാൻ കരാർ ഏറ്റെടുത്തിട്ടുള്ള മേൽ വ്യക്തി ചെറുകിട നാമമാത്രകർഷകൻ എന്ന പരിധിയിൽ വന്നാൽ മാത്രമേ സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കൂ എന്നതിനാൽ ടിയാൻ നിർദ്ദേശിച്ചവർക്ക് തുക കൈമാറുകയാണുണ്ടായതെന്ന് മറുപടിയിൽ വ്യക്തമാക്കി. കവിയൂർപുഞ്ച- കവിയൂർ പുഞ്ചകിഴക്കൻമുത്തൂർ പാടശേഖരസമിതി, കവിയൂർ പാടശേഖരസമിതി എന്നീ സമിതികളുടെ സെക്രട്ടറിമാരും മേൽ മറുപടി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാളുകൾക്ക് 5 ഏക്കറിന് നൽകേണ്ട ആനുകൂല്യം നൽകിയതായാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ആനുകൂല്യം നൽകിയ വ്യക്തികൾ നഗരസഭാ പരിധിയിൽ പാട്ടകൃഷി ഏറ്റെടുത്തതിനുള്ള യാതൊരു രേഖകളും (പാട്ടകൃഷി ഏറ്റെടുത്ത ഭൂമിയുടെ വിവരം ഉൾപ്പെടെ) ഹാജരാക്കിയിട്ടില്ല. ശ്രീ. പ്രശാന്ത് .എസ്.നായർ എന്ന വ്യക്തിമാത്രമാണ് കൃഷി ഭൂമിപാട്ടത്തിനെടുത്ത് കൃഷിചെയ്തതായി രേഖകളിലുള്ളത്.മാത്രവുമല്ല ചെറുകിട കർഷനുള്ള സർക്കാർ ആനുകൂല്യം ലഭിക്കാനാണ് ഇത്തരത്തിൽ നടപടി സ്വീകരിച്ചത് എന്ന മറുപടി അംഗീകരിക്കത്തക്കതല്ല. തെറ്റായ നടപടികൾ സ്വീകരിച്ച് സർക്കാർ ആനുകൂല്യം കൈപ്പറ്റിയ കരാറുകാരന്റെ നടപടിയും അത് അംഗീകരിച്ച് കരാറുകാരൻ നിർദ്ദേശിച്ച വ്യക്തികൾക്ക് അടിസ്ഥാനരേഖകൾ പോലുമില്ലാതെ തുക കൈമാറുന്നതിന് ശുപാർശചെയ്ത പാടശേഖരസമിതി ഭാരവാഹികളുടെ നടപടിയും, യാതൊരുപരിശോധനയും കൂടാതെ തുക കൈമാറിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിയും അംഗീകരിക്കത്തക്കതല്ല. ഈ സാഹചര്യത്തിൽ മേൽ വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 1056000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

2) കൃഷി ഓഫീസർ അംഗീകരിച്ച അളവിനെക്കാൾ കൂടുതൽ നെൽവിത്ത് നൽകി .

നെൽകൃഷി വികസനത്തിനായുള്ള ആനുകൂല്യത്തിനുള്ള അപേക്ഷകളിൽ കൃഷിഭൂമിയുടെ അളവനുസരിച്ച് നൽകാവുന്ന വിത്തിന്റെ അളവ് സംബന്ധിച്ച് കൃഷി ഫീൽഡ് അസിസ്റ്റന്റിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൃഷി ഫീൽഡ് ഓഫീസർ തുകയും നെൽവിത്തിന്റെ അളവും പാസ് ആക്കിയിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന കർഷകർക്ക് അനുവദനീയമായതിനെക്കാൾ കൂടുതൽ നെൽവിത്ത് നൽകിയിട്ടുണ്ട്.

| അപേക്ഷകന്റെ പേര് | പാസ്സ് ആക്കിയഅളവ് (കി.ഗ്രാം) | നൽകിയ നെൽവിത്ത് (കി.ഗ്രാം) | അധികരിച്ച നൽകിയത് (കി.ഗ്രാം) | അധികരിച്ച നൽകിയ നെൽവിത്തിന്റെ വില (42/kg) |
|---|---|---|---|---|
| ശാന്തമ്മ ആനന്ദൻ ഐക്കരപറമ്പിൽ , തിരുമൂലപുരം | 192 | 200 | 8 | 336 |
| പൊന്നമ്മ നാരായണൻ പുളിക്കത്തറഹൗസ്, ഇരുവെള്ളിപ്ര | 177.2 | 200 | 22.8 | 957.6 |
| രമണി സദാനന്ദൻ , പൂവത്തുംപറമ്പിൽ , തിരുമൂലപുരം | 68 | 100 | 32 | 1344 |
| എ.എസ്.വേണുഗോപാലൻ പിള്ള | 190 | 200 | 10 | 420 |

| | | | | |
|---|---|---|---|---|
| ഐക്കരപറമ്പിൽ , ഇരുവെള്ളിപ്ര | | | | |
| ജനാർദ്ദനൻ പിള്ള പൂർണിമ , തിരുമൂലപുരം | 54 | 78 | 24 | 1008 |
| | | | | 4065.6 |

മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാളുകൾക്ക് കൃഷി ചെയ്യുന്ന എന്ന് ബോധ്യപ്പെട്ട അളവ് കൃഷി ഭൂമിയ്ക്ക് ആനുപാതികമായാണ് വിത്ത് നൽകിയതെന്നും , പാസ്സാക്കിയ തുക്കം കുറഞ്ഞത് രേഖപ്പെടുത്തലുകൾ വരുത്തിയതിൽ സംഭവിച്ച അപാകതയാണെന്നും വിശദീകരിച്ചു. എന്നാൽ ടിയാളുകൾ കൂടുതൽ കൃഷിഭൂമിയിൽ കൃഷിചെയ്യു എന്ന രേഖകൾ പൂർണ്ണമായി ഹാജരാക്കാത്ത സാഹചര്യത്തിൽ ഹാജരാക്കിയ കൃഷി ഭൂമിയ്ക്കാനുപാതികമായല്ലാതെ നൽകിയ നെൽവിത്തിന്റെ തുക 4065.6രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ-

പരിശോധനാ ഉദ്യോഗസ്ഥന്റെ ശിപാർശയും പാസ്സ് ഓർഡറും രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നെൽവിത്ത് കൈപ്പറ്റിയിരിക്കുന്നത് പാടശേഖരസമിതി ഭാരവാഹികൾ ആണ്. ആനുകൂല്യം കർഷകർക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്താനുള്ള രേഖകൾ (കൈപ്പറ്റ് രസീത്) ലഭ്യമാക്കിയിട്ടില്ല.

3) അപേക്ഷകർക്ക് നൽകിയ കൂലിച്ചെലവ് സബ്സിഡി, നെൽവിത്ത്, കൃഷി ഭൂമിയുടെ അളവ് എന്നിവയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ

ഓരോ കർഷകരും എത്രത്തോളം ഭൂമിയിൽ കൃഷിചെയ്തിട്ടുണ്ട് എന്നുള്ളത് സംബന്ധിച്ച് കൃഷി ഓഫീസറുടെ സാക്ഷ്യപത്രമോ , സ്റ്റേറ്റ്മെന്റോ ഹാജരാക്കിയിട്ടില്ല. ചിലർക്ക് കരം ഒടുക്കിയ രേഖകളിലെ വിസ്തീർണം മുഴുവൻ കൃഷിഭൂമിയായി കണക്കാക്കിആനുകൂല്യം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കൂലിച്ചെലവ് ഒരു ഏക്കറിന് 2000 വും നെൽവിത്ത് ഒരു ഏക്കറിന് 40 കിലോ നിരക്കിലുമാണ് അനുവദനീയം. എന്നാൽ മേൽ പരിധിയിൽ അധികരിച്ച് കൂലിചെലവ്, വിത്ത് ഇവ വിതരണം ചെയ്തു വഴി അധികചെലവുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | കൃഷി ഭൂമിയുടെ അളവ് (കരം ഒടുക്ക് രസീത് പ്രകാരം)- ഏക്കർ | അനുവദനീയമായ വിഹിതം | | നൽകിയ | | അധികം നൽകിയ | | അധികം നൽകിയ സബ്സിഡി |
|---|---|---|---|---|---|---|---|---|
| | | കൂലി | നെൽവിത്ത് | കൂലി | നെൽവിത്ത് | കൂലി | നെൽവിത്ത് (Kg) , (മൂല്യം@42/kg ) | |
| പി.കെ.ലാലൻ പൂത്തിരിക്കാട്ട് മലയിൽ ഹൗസ് മഞ്ഞാടി | 1.08 | 2160 | 43.2 | 5080 | 200 | 2920 | 156.8 (6585.6) | 9506 |
| സദാനന്ദൻ.പി.എൻ പൂവത്തുംപറമ്പിൽ ,തിരുമൂലപുരം | 1.75 | 3500 | 70 | 3400 | 100 | - (100 കുറവ്) | 30 (1260) | 1260-100=1160 |
| മെർലിൻ എബ്രഹാം തഴാംപള്ളത്ത് ഹൗസ്, മഞ്ഞാടി | 2.5 | 5000 | 100 | 6600 | 132 | 1600 | 32 (1344) | 2944 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| റിജോ മാത്യു തഴാംപള്ളത്ത് ഹൗസ്, മഞ്ഞാടി | 3 | 6000 | 120 | 6000 | 200 | - | 80 (3360) | 3360 |
| ശിവാനന്ദൻ ചാങ്ങവിള തെക്കേതിൽ കുട്ടംപേരൂർ | കരം ഒടുക്കിയ ' രസീതില്ല. | - | - | 7500 | 160 | 7500 | 160 (6720) | 14220 |
| ആകെ | | | | | | | | 31190 |

മേൽ വിഷയംചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാളുകൾ ഹാജരാക്കിയ കരം ഒടുക്ക് രസീതിലുള്ളതിനെക്കാൾ കൂടുതൽ ഭൂമിയിൽ കൃഷി ചെയ്യുതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. എന്നാൽ കൃഷിഭൂമിയുടെ വിവരങ്ങൾ/രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ 31190 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

B)

| പ്രോജക്റ്റ് നം. പേര് | ഫണ്ട് ഇനം , അടങ്കൽ തുക, ആകെ ചെലവ് തുക | ആകെ ചെലവ് തുക |
|---|---|---|
| 49/2020-21 നെൽകൃഷി വികസനം (പുതിയത്) | വികസന ഫണ്ട് , പൊതുവിഭാഗം 1377000രൂപ | 1308546 രൂപ |

1)വാങ്ങിയതിനെക്കാൾ അധികം നെൽവിത്ത് വിതരണം ചെയ്യുതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ബിൽ നം. | തീയതി | തുക |
|---|---|---|
| 14/2021 | 12.02.2021 | 566160 |

കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി , ചെമ്പുക്കാവ് ,തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ 3 ബില്ലുകൾ പ്രകാരം 13480 കി.ഗ്രാം നെൽവിത്ത് (42 രൂപ/ കിലോ) വാങ്ങി. പാടശേഖരസമിതി സെക്രട്ടറിമാരുടെ നെൽവിത്ത് കൈപ്പറ്റ് രസീത് , വിതരണ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 13680 കി.ഗ്രാം വിത്ത് പാടശേഖരസമിതിമുഖേന വിതരണം ചെയ്യുതായി രേഖകൾ സൂക്ഷിച്ചിരിക്കുന്നു. രേഖകൾ പ്രകാരം 200 കിലോ നെൽവിത്ത് അധികമായി വിതരണം ചെയ്യു

| സ്ഥാപനത്തിന്റെ ബിൽ നം. | അളവ് | തുക | പാടശേഖരസമിതി കൈപ്പറ്റ് പ്രകാരം വിതരണം ചെയ്യുത് |
|---|---|---|---|
| 1321/20-21, 27.11.20 | 10020 കിലോ | 420840 | 7600 |
| 1331(1) 20-21 , 01.12.20 | 1750 കിലോ | 73500 | 2200 |
| 1342(2) 20-21 ,01.12.20 | 1710 കിലോ | 71820 | 3880 |
| ആകെ | 13480 | 566160 | 13680 |

200 കിലോ നെൽവിത്ത് (8400 രൂപ ) അധികം വിതരണം ചെയ്യുതായി കാണിച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-38/20-21/23.4.22) തെറ്റ് തിരുത്തി ഹാജരാക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. വിശദീകരണം ഹാജരാക്കേണ്ടതാണ്.

### 1-54-1 സുഭിക്ഷ കേരളം പദ്ധതി -തരിശുഭൂമിയിൽ കൃഷി- അപാകതകൾ

സുഭിക്ഷ കേരളം പദ്ധതിയിൽ തരിശ് ഭൂമിയിൽ കൃഷിചെയ്യുക എന്ന ലക്ഷ്യത്തോടെ 5 പ്രോജക്റ്റുകൾ നിർവഹിച്ചിട്ടുണ്ട്.

കൃഷിക്ക് അനുയോജ്യമായ തരിശ്ഭൂമിയിലാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്റ്റുകളുടെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ

ചുവടെ ചേർക്കുന്നു.

1) തരിശ് നിലത്ത് പച്ചക്കറി കൃഷി - പ്രോജക്ട് നം- 486/20-21 (വികസനഫണ്ട്(ജനറൽ)-40000,ചെലവ് തുക 40000 രൂപ -ബിൽ നം-10/20-21/27.1.21) )

(കർഷകന് 37000, ഉടമയ്ക്ക് 3000 / ഹെക്ടർ )

1.) ഗുണഭോക്താവായ ശ്രീമതി .സുനിത വർഗീസ് കൊച്ചേറ്റു വീട്, കുറ്റപ്പുഴ 2013-14 ലെ കരം ഒടുക്കിയ രസീതാണ് ഹാജരാക്കിയിരിക്കുന്നത്.(വർഗീസ് ചാക്കോ സർവ്വേ നം- 308/10-1 , 6.88 ആർ ) . 2020-21 ലെ കരം ഒടുക്ക് രസീത് ഹാജരാക്കേണ്ടതാണ്.

2) ശ്രീമതി ലളിതാംബിക ,ചിറയിൽ ശ്രീനിവാസ് , അഴിയടത്തുചിറ എന്ന വ്യക്തിക്ക് 1944 രൂപ നൽകിയിട്ടുണ്ട് . എന്നാൽ 1 ആർ 31 സ്ക്വ.മീ സ്വന്തം ഭൂമിയുടെ കരം ഒടുക്കിയ രസീതും 4.27 ആർ ശ്രീമതി.അംബുജമ്മാൾ , വടശ്ശേരിൽ ,പെരിങ്ങോൾ എന്ന വ്യക്തിയുടെ കരം ഒടുക്കിയ രസീതുമാണ് ഹാജരാക്കിയിട്ടുള്ളത്. കൃഷിഭൂമിയുടെ ഉടമയ്ക്ക് നൽകേണ്ടതായ തുകയും ശ്രീമതി. ലളിതാംബികയ്ക്കാണ് നൽകിയിരിക്കുന്നത്. തുക ഉടമയ്ക്ക് നൽകിയതിന്റെ കൈപ്പറ്റ് രസീതില്ല. കൃഷി ചെയ്യാൻ ഭൂമി നൽകാമെന്നുള്ള സമ്മതപത്രത്തിന് പകരം കരം ഒടുക്കിയ രസീത് നൽകാമെന്നുള്ള സമ്മതപത്രമാണ് നൽകിയിരിക്കുന്നത്. ഭൂഉടമയ്ക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭിച്ചു എന്ന് രേഖകൾ ഹാജരാക്കേണ്ടതാണ്.

3) ശ്രീ .എബ്രഹാം .കെ.റ്റി കുഴിപ്പറമ്പിൽ ജോസ് വില്ല യുടെ പേരിൽ 10.9 ആർ തരിശ് നിലം ആണുള്ളത് എന്ന് കരം ഒടുക്കിയ രസീതിൽ നിന്ന് വ്യക്തമാകുന്നു. ടിയാന് നൽകേണ്ട ആനുകൂല്യം 4360 ( 10.9 X 400 ) രൂപയാണ്. എന്നാൽ ടിയാൾക്ക് 4860 രൂപ നൽകിയിട്ടുണ്ട് . അധികം നൽകിയ 500 രൂപ തിരികെ ഈടാക്കേണ്ടതാണ്.

2) തരിശ് നിലം - നെൽകൃഷി വികസനം -പ്രോജക്ട് നം-487/20-21 (വികസനഫണ്ട്(ജനറൽ)800000/-- ചെലവ് തുക 752878 രൂപ )

( കർഷകന് 35000 ,ഉടമയ്ക്ക് 5000 / ഹെക്ടർ)

പദ്ധതിയുടെ ഭാഗമായി കർഷകർ കൃഷിചെയ്ത തരിശുഭൂമിയുടെ വിസ്തൃതി രേഖപ്പെടുത്തി നെൽ കൃഷി ചെയ്തു എന്നുള്ളത് ഫീൽഡ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ രേഖകളിൽ നിന്നും ഏത് അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നില്ല . കരം ഒടുക്കു രസീത് പ്രകാരം മറ്റ് വ്യക്തികളുടെ ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ടെങ്കിലും കർഷകർക്കാണ് ഭൂവുടമയ്ക്ക് നൽകേണ്ട ആനുകൂല്യവും നൽകിയിട്ടുള്ളത്. ഭൂവുടമയുടെ വിഹിതം കൈമാറിയതിന് രേഖയില്ല. പ്രോജക്ട് പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

ഭൂഉടമയ്ക്ക് നൽകേണ്ട ആനുകൂല്യം യഥാർത്ഥ ഗുണഭോക്താവിന് നൽകിയതിന് രേഖകളില്ല.(ബിൽ നമ്പർ 16/20-21 തുക 608780 തീയതി 25.02.21)

രേഖകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും ഭൂവുടമകളുടെ സമ്മതപത്രം ഇല്ല. വസ്തുവിന്റെ കരം ഒടുക്കിയതിന്റെ രസീത് ഹാജരാക്കി മേൽ ഭൂമിയിൽ കൃഷിചെയ്തതിനുള്ള കർഷകന്റേയും ഭൂ ഉടമയുടേയും വിഹിതം പല അപേക്ഷകരും കൈപ്പറ്റിയിട്ടുണ്ട്. കരം ഒടുക്ക് രസീതിലെ പേരുകാരല്ല അപേക്ഷകർ എന്നതിനാൽ ടി അപേക്ഷകർ പാട്ടകൃഷിയാവാം നടത്തിയത് എന്ന് കണക്കാക്കുന്നു. എന്നാൽ അത്തരത്തിലുള്ള കരാറോ മറ്റ് രേഖകളോ ഹാജരാക്കിയിട്ടില്ല. കരം ഒടുക്കിയതിന്റെ രസീത് പ്രകാരമുള്ള ഭൂവിസ്തൃതിയ്ക്കനുസൃതമായല്ല ആനുകൂല്യം നൽകിയിരിക്കുന്നത്. മാത്രമല്ല ഓരോ കർഷകനും എത്ര അളവ് തരിശുഭൂമിയിൽ കൃഷി ചെയ്തു എന്നുള്ളത് കൃഷി ഓഫീസർ പരിശോധിച്ച് രേഖപ്പെടുത്തിയിട്ടുമില്ല. ഭൂ ഉടമയുടെ വിഹിതം ഉൾപ്പെടെയുള്ള ധനസഹായം മുഴുവൻ അപേക്ഷകന്റെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ഭൂവുടമയ്ക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കരം ഒടുക്കിയ രസീത് പ്രകാരമുള്ള ഭൂമി | നൽകിയ ധനസഹായം | കർഷകന് നൽകേണ്ടത് (തുകയുടെ അടിസ്ഥാനത്തിൽ ) | ഉടമയ്ക്ക് നൽകേണ്ടത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഗീതാ ദേവി സിതാര ,പാലിയേക്കര | 1.98 Hectare | 70000 | 61250 | 8750 |
| കെ.പി സതീഷ് സിതാര ,പാലിയേക്കര | 1.89 " | 70000 | 61250 | 8750 |
| അർജ്ജുൻ ഹരി മുണ്ടാരത്ത് | 1.97 " | 70000 | 61250 | 8750 |
| കുമാരി ലത മുണ്ടാരത്ത് , മേപ്രാൽ | 1.54 " | 56840 | 49735 | 7105 |
| ബാലകൃഷ്ണൻ നായർ വിജയവിഹാർ , മുത്തൂർ | കരം ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല | 70000 | 61250 | 8750 |
| വിനോദ് ബി വിജയവിഹാർ , മുത്തൂർ | ,, | 70000 | 61250 | 8750 |
| ബൈജു.കെ.ആർ , അഖിൽ വില്ല ,മുത്തൂർ | ,, | 70000 | 61250 | 8750 |
| ശ്രീകുമാർ മനയഞ്ചിറ, മുത്തൂർ | " | 70000 | 61250 | 8750 |
| അശ്വിൻ ഹരി മുണ്ടാരത്ത് , മേപ്രാൽ | 1.32 Hectare | 46900 | 41037 | 5863 |
| | | 593740 | | |

മേൽ വിഷയങ്ങൾ സൂചിപ്പിച്ചുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം-38/20-21/23.4.22 ) വിഷയം സംബന്ധിച്ച് വ്യക്തമായ വിശദീകരണം/രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 593740രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-55 പട്ടികജാതി വികസന ഓഫീസർ മുഖേന നടപ്പിലാക്കിയ 'ലാപ് ടോപ്പ് വിതരണം ' പദ്ധതി- ലാപ് ടോപ്പുകളുടെ വിതരണം , ഗുണനിലവാരം എന്നിവ മോണിട്ടറിംഗിനു വിധേയമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം , പട്ടികജാതി വിദ്യാർത്ഥികൾക്കു ഉപരിപഠനത്തിനു ലാപ് ടോപ്പ് നൽകുന്നതിനായി രണ്ടു പദ്ധതികൾ നടപ്പിലാക്കിയിരുന്നു.പ്രസ്തുത പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം : 257 / 20-21

അടങ്കൽ : 501300 ( വികസന ഫണ്ട് -Scp)

15 വിദ്യാർത്ഥികൾക്കു ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനായി 2019-20 ൽ ആവിഷ്കരിച്ച പദ്ധതി

2020-21ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ (CPRCS) വാങ്ങൽ നടത്തുന്നതിനായി, കേരള സ്റ്റേറ്റ് IT മിഷന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി 415830 രൂപ അടവാക്കി. എന്നാൽ ലഭിച്ച ലാപ് ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. 12 ഗുണഭോക്താക്കളുടെ ഫോൺ നമ്പർ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ഏതാനും ഗുണഭോക്താക്കളെ മാത്രമാണ് ഓഡിറ്റ് വേളയിൽ ഫോൺ മുഖേന ബന്ധപ്പെടാൻ സാധിച്ചത്. ലാപ് ടോപ്പുകൾ മതിയായ നിലവാരം പുലർത്തുന്നില്ലായെന്നും മെയിന്റനൻസ് / റിപ്പയർ സ്വന്തം ചെലവിൽ നടത്തേണ്ടതായിവന്നു എന്നും ഗുണഭോക്താക്കൾ അഭിപ്രായപ്പെട്ടു. പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

ചെലവ് വിവരം

ബിൽ നം / തീയതി തുക

07 / 20-21 / 17-04-20 രൂ.415830

2) പ്രോജക്ട് നം : 17 / 20-21

അടങ്കൽ : 540000 (വികസന ഫണ്ട് -Scp)

18 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനായി 2020-21 ൽ പൂർത്തീകരിച്ച പദ്ധതിയാണിത്. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ (CPRCS) വാങ്ങൽ നടത്തുന്നതിനായി, കെൽട്രോണിന്റെ 25-02-21, 15-03-21 തീയതികളിലെ പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് IT മിഷന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി 511272 രൂപ അടവാക്കി. എന്നാൽ ലാപ് ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ഫോൺ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള 16ഗുണഭോക്താക്കളിൽ ഏതാനും ഗുണഭോക്താക്കളെ മാത്രമാണ് ഓഡിറ്റ് വേളയിൽ ബന്ധപ്പെടാൻ സാധിച്ചത്. പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

ചെലവ് വിവരം

ബിൽ നം / തീയതി തുക

1) 47 / 20-21 / 05-03-21 രൂ.482868

2) 57 / 20-21 / 17-03-21 രൂ.28404

ലാപ് ടോപ്പുകൾ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭിച്ചതിന്റെയും, ഗുണനിലവാരം, വാറന്റി എന്നിവ ഉറപ്പാക്കിയതിന്റെയും രേഖകൾ ലഭ്യമല്ല. പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ലാത്തതിനാൽ നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 / 14-02-2022 ), CPRCS സംവിധാനത്തിൽ ലാപ് ടോപ്പുകൾ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് കൊറിയർ മുഖേന നേരിട്ട് എത്തിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും, ഇക്കാരണത്താലാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്യാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രശീതുകൾ വാങ്ങി ഹാജരാക്കുന്നതാണെന്നും, ഗുണനിലവാരം സംബന്ധിച്ച് രേഖാമൂലം പരാതികൾ ലഭിച്ചിട്ടില്ലായെന്നും, പരാതികൾ ഉള്ള പക്ഷം അന്വേഷണം നടത്തി പരിഹരിക്കുന്നതാണെന്നും, മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
അപാകതകളുടെ വെളിച്ചത്തിൽ 9,27,102രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-56 പഠനമുറി പദ്ധതി -- വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ചില്ല.

2020-21 സാമ്പത്തിക വർഷം പഠനമുറി, വീട് വാസയോഗ്യമാക്കൽ എന്നിവയ്ക്കായി 3 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 5 പദ്ധതികൾ പട്ടികജാതി വികസന ഓഫീസർ മുഖേന നടപ്പിലാക്കിയിരുന്നു. പഠനമുറി പദ്ധതിയിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പണിപൂർത്തീകരിച്ച് ശേഷിക്കുന്ന ധനസഹായം കൈപ്പറ്റിയിട്ടില്ല.

| പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | ഒരു ഗുണഭോക്താവിനു വകയിരുത്തിയ തുക | കൈപ്പറ്റിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| പഠനമുറി തയ്യാറാക്കൽ | അഭിജിത് എസ് ഈശ്വർ<br>എട്ടുപറയിൽ കാട്ടുക്കര , തിരുവല്ല | 200000 | 125000 |
| | സാനിയ സന്തോഷ്<br>ചിറപ്പുറത്ത്,മുത്തൂർ | 200000 | 50000 |
| | അഭിഷേക് അരുൺ<br>പുളിമൂട്ടിൽ പറമ്പിൽ,ഞക്കുവള്ളി | 200000 | 50000 |

മേൽ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/15.12.2021 ) ലഭിച്ച മറുപടിയിൽ , ക്രമ നം (1), (2) ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടുള്ളതായും , ക്രമ നം (3)അഭിഷേക് അരുൺ എന്ന ഗുണഭോക്താവ് നാളിതുവരെയും നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും പരാമർശിച്ചിട്ടുണ്ട്.ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പണി പൂർത്തീകരിക്കാത്ത പക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-57 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ളത് 10.68 കോടി രൂപ

2020-21 വർഷം 94,06,034 രൂപ അലോട്ട്മെന്റായി നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ 09.04.2021-ലെ പി7/38067/17 നമ്പർ കത്ത് പ്രകാരം 28.02.2021 വരെയുള്ള കണക്കനുസരിച്ച് നഗരസഭയിൽ നിന്ന് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാനുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള തുക കുറവ് ചെയ്ത് നഗരസഭയ്ക്ക് അനുവദിക്കാനുള്ള പെൻഷൻ അലോട്ട്മെന്റ് വിവരം ലഭ്യമാക്കിയിരുന്നു. ആയത് പ്രകാരം ആകെ 10,42,76,388 രൂപയാണ് ലഭിക്കാനുണ്ടായിരുന്നത്. 2021-22 സാമ്പത്തിക വർഷം 1.70 കോടി രൂപ അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 31.03.2022 വരെ ലഭിക്കാനുള്ള അലോട്ട്മെന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 28.02.2021-വരെ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക | 10,42,76,388 രൂപ |
| 01.03.2021 മുതൽ 31.03.2022 വരെ റെഗുലർ പെൻഷൻ, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് നഗരസഭയ്ക്ക് ചെലവായ തുക | 1,96,14,426 രൂപ |
| 31.03.2022 വരെ പെൻഷൻ ഫണ്ടിൽ നിന്നും ആകെ ലഭിക്കാനുള്ള തുക | 12,38,90,814 രൂപ |
| 31.03.2022 വരെ അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ചിട്ടുള്ള തുക * | 1,70,18,843 രൂപ |
| 31.03.2022 വരെ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള തുക | 10,68,71,971 രൂപ |

(*നഗരകാര്യ ഡയറക്ടറുടെ 25.11.2021-ലെ പി.7/18226/16 (Vol.III) നമ്പർ ഉത്തരവ് നടപടികൾ പ്രകാരം അനുവദിച്ച തുക)

പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-58 ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ /തീയതി 4-10-2011ൽ വ്യവസ്ഥ ചെയ്യുന്നു. 2015-16 മുതൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രസ്തുത വിഷയം പ്രതിപാദിച്ചിരുന്നു. എങ്കിലും തുകകൾ പൂർണ്ണമായി ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

മുൻകൂറുകൾ കൈപ്പറ്റിയിട്ട് ക്രമീകരിക്കാത്ത/തിരിച്ചടയ്ക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽനിന്നോ റവന്യൂറിക്കവറിയിലൂടെയോ തുക ഈടാക്കാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. നഗരസഭയിൽ നിന്നും 31.03.2021 വരെ മുൻകൂർ കൈപ്പറ്റി നാളിതുവരെ ചെലവ് തുക ക്രമീകരിക്കാത്ത ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥർ | ആവശ്യം | തുക | ചെക്ക് നം./ കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ശ്രീ. ഉണ്ണികൃഷ്ണ പിള്ള PWO-II | മുനിസിപ്പൽ റോഡ് റോളർ മെയിന്റനൻസ് | 20,000 | 546424/12.05.2011 |
| 2 | ശ്രീ. ഉണ്ണികൃഷ്ണ പിള്ള PWO-II | മുനിസിപ്പൽ റോഡ് റോളർ മെയിന്റനൻസ് | 10,000 | 546444/07.06.2011 |
| 3 | ശ്രീ. ഉണ്ണികൃഷ്ണ പിള്ള PWO-II | പബ്ലിക് കംഫർട്ട് സ്റ്റേഷൻ നവീകരണം | 30,000 | 165566/12.01.2012 |
| 4 | ശ്രീ. ഗോപാലകൃഷ്ണൻ PWO-I | ടൗൺ ഹാൾ മെയിന്റനൻസ് | 27,000 | 77134/25.01.2013 |
| 5 | ശ്രീ. ഗോപാലകൃഷ്ണൻ PWO-I | സീലിംഗ് ഫിറ്റ് ചെയ്യുന്നതിന്-CDS | 15,000 | 3531/12.04.2013 |
| 6 | ശ്രീ. പി.എ.അൻസാരി PWO-II | സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിന് | 2,500 | 47342/27.03.2014 |
| 7 | ശ്രീ. കെ.എസ്. പ്രസന്നൻ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ | രാമപുരം ഷോപ്പിംഗ് കോംപ്ലക്സ്-നിർമ്മാണം ഉദ്ഘാടനം | 30,000 | 497797/28.02.2019 |
| 8 | ശ്രീ. ഹരിപ്രശാന്ത് എ. ഗ്രേഡ് 3 ഓവർസിയർ | സെക്രട്ടറിയുടെ ക്വോട്ടേഴ്സ് നവീകരണം | 50000 | 350517/06.02.2021 |
| | ആകെ | | 184500 | |

സർക്കാർ നിർദ്ദേശപ്രകാരം നിശ്ചിതസമയപരിധിയ്ക്കുള്ളിൽ ക്രമീകരിക്കാത്ത മുൻകൂറുകൾ 18 ശതമാനം പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ അംഗീകരിച്ച വിലയിൽ നിന്നും കൂടിയ തുകയ്ക്ക് കസേരകൾ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം, പേര് | 508/21- സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ മുറിയിലേക്ക് റിവോൾവിംഗ് ചെയറും കൗൺസിലറുമാരുടെ മുറിയിൽ കുഷ്യൻ കസേരയും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക, ഫണ്ടിനം | 344324 രൂപ, വികസനഫണ്ട്<br>(അടങ്കൽ- 350000) |
| ബിൽ നം, തീയതി | 2005074700040045 3092 തീയതി 20/08/2020 |
| ഫയൽ നം. | പി1-8381/19 |

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ മുറിയിലേക്ക് റിവോൾവിംഗ് ചെയറും കൗൺസിലറുമാരുടെ മുറിയിൽ കുഷ്യൻ കസേരയും വാങ്ങാനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പർച്ചേസ് കമ്മറ്റിയും കൗൺസിൽ യോഗവും അംഗീകരിച്ച ഇനങ്ങൾ അല്ല വാങ്ങിയത്. കൂടാതെ സർക്കാർ അംഗീകരിച്ച നിരക്കിൽ നിന്നും കൂടിയ നിരക്കിൽ വാങ്ങൽ നടത്തിയതുമൂലം അധികചെലവ് ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർട്ക്കോ, സിഡ്കോ എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സിഡ്കോയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിനാണ് 11.11.2019-ലെ പർച്ചേസ് കമ്മിറ്റിയും 19.12.2019-ലെ കൗൺസിൽ യോഗവും തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

| Item | Quantity | Rate (Excluding GST) |
|---|---|---|
| Revolving Chair Medium Back With Push Back | 6 Nos | 5976 |
| Steel Cushioned Chair Seat And Back | 100 Nos | 2575 |

(ഈ ഇനങ്ങൾക്ക് മാത്രമാണ് 2 സ്ഥാപനങ്ങളും ടെണ്ടർ സമർപ്പിച്ചിരുന്നത്.)

എന്നാൽ നഗരസഭ ചെയർമാന്റെ നിർദ്ദേശാനുസരണം, പുതുക്കിയ ഇൻവോയ്സ് 29.06.2020-ൽ സിഡ്കോയിൽ നിന്നും വാങ്ങിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ പ്രോഫോർമ ഇൻവോയിസ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സാധനങ്ങളാണ് സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്.

| Sl. No | Item | Unit Price | Quantity | Gross Value (Excluding GST) |
|---|---|---|---|---|
| 1 | Executive High Back Revolving Chair Hcy101 | 21000 | 1 | 21000 |
| 2 | High Back Revolving Chair Cushion Seat & Back Hcu101 | 12000 | 2 | 24000 |
| 3 | Medium Back Revolving Chair Tqv 201 | 6500 | 6 | 39000 |
| 4 | Visitors ChairTqt301 | 3850 | 28 | 107800 |
| 5 | Visitors ChairTqv301 | 5000 | 20 | 100000 |

വാങ്ങുന്ന ഇനങ്ങളിലും വിലയിലും മാറ്റം വരുത്തിയതിന് പർച്ചേസ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും അംഗീകാരം വാങ്ങേണ്ടിയിരുന്നു. എന്നാൽ ഈ രണ്ട് കമ്മിറ്റികളുടെയും അംഗീകാരം

ഇല്ലാതെയാണ് കസേരയുടെ ഇനം മാറ്റിയത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം 3/2020-21 തീയതി 17.11.21) മറുപടിയോടൊപ്പം മേൽ വാങ്ങൽ സാധൂകരിച്ചുകൊണ്ടുള്ള 09.02.2022 ലെ കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. വാങ്ങലുകൾ സ്റ്റോർപർച്ചേസ് നിയമങ്ങൾ, നടപടിക്രമങ്ങൾ ഇവ പാലിച്ച് നിർവ്വഹിക്കേണ്ടതാണ്.

3. സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സിഡ്കോയിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങാൻ പറ്റുന്ന സാധനങ്ങളുടെ പരമാവധി വില പ്രൈസ് ലിസ്റ്റ് 28.05.2015-ലെ ജി.ഒ.(ആർടി) നം.26/2015/എസ്.പി.ഡി. പ്രകാരം ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുണ്ട് (സ്റ്റീൽ ഉപകരണങ്ങൾ-അനുബന്ധം IV). ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ മേൽ ഉത്തരവിൽ നിശ്ചയിച്ചിരിക്കുന്ന വിലയിൽ കവിയരുത് എന്ന് 17.06.2017-ലെ ജി.ഒ.(ആർടി) നം. 33/2017/എസ്.പി.ഡി. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി കൂടിയ നിരക്കിലാണ് കസേരകൾ വാങ്ങിയത്. ഇനങ്ങളുടെ സ്പെസിഫിക്കേഷൻ മാത്രമാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 77692 രൂപ അധിക നിരക്കായി നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അനുബന്ധം IV-ലെ ക്രമനം, വില | വാങ്ങിയ വില | വ്യത്യാസം | കസേരകളുടെ എണ്ണം | കൂടുതലായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | Executive High Back Revolving Chair Hcy101 | 50, 11868 രൂപ | 21000 | 9132 | 1 | 9132 |
| 2 | High Back Revolving Chair Cushion Seat & Back Hcu101 | 24, 8024 രൂപ | 12000 | 3976 | 2 | 7952 |
| 3 | Medium Back Revolving Chair Tqv 201 | 23, 5976 രൂപ | 6500 | 524 | 6 | 3144 |
| 4 | Visitors ChairTqt301 | 46, 3132 രൂപ | 3850 | 718 | 28 | 20104 |
| 5 | Visitors ChairTqv301 | 46, | 5000 | 1868 | 20 | 37360 |

| | | | | | | |
|---|---|---|---|---|---|---|
| | | 3132 രൂപ | | | | |
| ആകെ | | | | | | 77692+ 18% GST |

കൂടുതൽ നൽകിയ 77692 രൂപയും 18% നിരക്കിലുള്ള ജി.എസ്.റ്റി. 13985 രൂപയും ഉൾപ്പെടെ 91677 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം 3/2020-21 തീയതി 17.11.21) പരാമർശത്തിനുമേൽ വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അംഗീകരിച്ച നിരക്കിലും കൂടുതലായി ചെലവഴിച്ച 91677 രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(നിരാകരണം-91677 രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-ശ്രീ.സജികുമാർ.വി,സെക്രട്ടറി)

## 3-2 കോവിഡ് കെയർ സെന്റർ-ഭക്ഷണ വിതരണം കരാറുകാരൻ മുഖേന നടപ്പിലാക്കിയത്- നഗരസഭയുടെ ചെലവു കുറയ്ക്കാനുതകുന്ന രീതിയിൽ ക്വട്ടേഷൻ നടപടികൾ ക്രമീകരിച്ചില്ല , കരാർ വ്യവസ്ഥകൾ ലംഘിച്ചുള്ള വഴി വിതരണം ചെയ്യാത്ത കുടിവെള്ളത്തിനും കരാറുകാരനു പണം നൽകി.

(ഫയൽ നം :H6-9738/20)

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചനുകൾ 27-03-20 മുതൽ 17-05-20 വരെ നഗരസഭയും കുടുബശ്രീയും സംയുക്തമായി നടത്തുകയും, തുടർന്ന് കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തനം അവസാനിപ്പിക്കുകയും ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിട്ടുള്ളവർക്കായി നഗരസഭ നേരിട്ട് പ്രത്യേക അടുക്കളകൾ 18-05-20 മുതൽ നടത്തുകയും ചെയ്തു. വാളന്റിയർമാരെ കിട്ടാൻ ബുദ്ധിമുട്ടുള്ളതിനാലും നിലവിലുള്ള സാഹചര്യത്തിൽ ഭക്ഷണവിതരണം ദീർഘകാലം തുടരേണ്ടതിനാലും ഭക്ഷണവിതരണത്തിനു ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഹെൽത്ത് സെക്ഷൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, 30-06-20 ൽ കൂടിയ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മറ്റിയുടെ തീരുമാനം 5 , 04-07-20 ൽ കൂടിയ സ്റ്റിയറിംഗ് കമ്മറ്റിയുടെ തീരുമാനം 1 എന്നിവയുടെ അടിസ്ഥാനത്തിലും ഭക്ഷണവിതരണം കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിനു തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർ.ചന്ദ്രലാൽ, റാന്തൽ റസ്റ്റോറന്റ്, മുനിസിപ്പൽ പാർക്ക് എന്ന വ്യക്തിയുടെ കരാർ കൗൺസിലിന്റെ അനുമതി പ്രതീക്ഷിച്ചു കൊണ്ട് 07-07-20 ൽ ചെയർമാൻ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത നടപടികൾ എല്ലാം 21-07-20 ൽ കൂടിയ കൗൺസിലിന്റെ തീരുമാനം 18 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച നടപടികളുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഭക്ഷണവിതരണം ദീർഘകാലം തുടരേണ്ടിവരും എന്ന് ബോധ്യമുണ്ടായിരുന്നിട്ടും കരാർ അടിസ്ഥാനത്തിൽ ഭക്ഷണവിതരണം നടത്തുന്നതിനു മതിയായ മുന്നൊരുക്കം നടത്തിയില്ല. 04-07-20 ൽ തുടങ്ങിയ നടപടികൾ 07-07-20 ൽ പൂർത്തീകരിച്ചു. ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിച്ചത് 06-07-20 ലാണ്. ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന സമയം തൊട്ടടുത്ത ദിവസമായ 07-07-20-ന് 3 PM വരെയുമായിരുന്നു. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധി കുറവായിരുന്നുവെങ്കിലും ഭക്ഷണവിതരണം ചെയ്യപ്പെടേണ്ടിയിരുന്ന അന്തേവാസികളുടെ ഏകദേശ എണ്ണം, ഭക്ഷണത്തിന്റെ മെനു, അളവ് എന്നീ വിവരങ്ങൾ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട സെക്ഷൻ ഫയലിലും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കി നോട്ടീസ് ബോർഡിൽ പതിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിനു വ്യാപക പ്രചാരം നൽകിയില്ല. ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മതിയായ സമയം

നൽകാതിരുന്നതിനാലും, ക്വട്ടേഷൻ നോട്ടീസിൽ വിശദ വിവരങ്ങൾ ഉൾപ്പെടുത്താതിരുന്നതിനാലും മത്സര സ്വഭാവമുള്ള കൂടുതൽ ക്വട്ടേഷനുകൾ ലഭിക്കുന്നതിനുള്ള സാധ്യത പരിമിതപ്പെട്ടു.

2) കരാർ ലഭിച്ച ആർ.ചന്ദ്രലാൽ, റാന്തൽ റസ്റ്റോറന്റ് എന്ന വ്യക്തി രണ്ടു നേരം ചായ , പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, 2 ലിറ്റർ കുടിവെള്ളം എന്നിവ ഉൾപ്പെടെ നൽകുന്നതിനു ഒരാൾക്കു 189 രൂപ എന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹാജരാക്കിയ ഭക്ഷണ വിതരണ രജിസ്റ്റർ, ബില്ലുകൾ എന്നിവ പ്രകാരം 08-07-20 മുതൽ 14-12-20 വരെയാണ് ഭക്ഷണവിതരണം നടന്നിട്ടുള്ളത്. ആയതിലേക്കായി നികുതികൾ കിഴിച്ച് കരാറുകാരനു 4248486 രൂപ നല്കിയിട്ടുണ്ട്. ക്വട്ടേഷനിലും കരാറിലും രേഖപ്പെടുത്തിയ പ്രകാരം ഒരാൾക്കു പ്രതിദിനം രണ്ട് ലിറ്റർ കുടിവെള്ളം വിതരണം ചെയ്യേണ്ടിയിരുന്നു. കരാറുകാരൻ ഹാജരാക്കിയ ബില്ലുകൾ, ഭക്ഷണവിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തിട്ടില്ല എന്നു കാണുന്നു. 08-07-20 മുതൽ 14-12-20 വരെ കോവിഡ് കെയർ സെന്ററുകളിലെ ആകെ താമസക്കാർ 23174 പേരാണ്. ഇവർക്കു കരാർ പ്രകാരം 46348 ലിറ്റർ കുപ്പിവെള്ളം വിതരണം ചെയ്യേണ്ടിയിരുന്നു. എന്നാൽ ക്വട്ടേഷനിൽ പരാമർശിച്ചതു കൂടാതെ 08-07-20 മുതൽ 02-11-20 വരെ അധികമായി 18300 ലിറ്റർ കുപ്പിവെള്ളം വിതരണം ചെയ്തതായി കാണിച്ച് ബില്ലുകൾ ഹാജരാക്കുകയും ആയതിനു ലിറ്ററിനു 13 രൂപ നിരക്കിൽ 237900 രൂപ കരാറുകാരൻ അധികമായി ഡിമാന്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ ടി തുക അനുവദിച്ചു നൽകിയിട്ടില്ല. ബില്ലുകൾ ഹാജരാക്കിയിട്ടുള്ള 18300 ലിറ്റർ കുപ്പിവെള്ളത്തിന്റെ വിതരണം അംഗീകരിച്ചാൽ പോലും കരാർ പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന കുപ്പിവെള്ളത്തിൽ 28048 ലിറ്റർ (46348-18300) കുറവു വന്നിട്ടുണ്ട്. ഈയിനത്തിൽ 364624 രൂപ (28048 X 13)നഗരസഭയ്ക്കു അധിക ചെലവും വന്നിട്ടുണ്ട്.

മേൽ പരാമർശങ്ങൾക്കു വിശദീകരണം നൽകുന്നതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.13/10.01.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിര പ്രാധാന്യമുള്ളതിനാലും, ലോക്ഡൗൺ ആയിരുന്നതിനാലുമാണ് ക്വട്ടേഷനു വിപുലമായ പരസ്യം നൽകാൻ സാധിക്കാതിരുന്നതെന്നും, കരാറുകാരൻ ഭക്ഷണത്തോടൊപ്പം വെള്ളം നൽകിയിട്ടുള്ളതായും, അധികം നൽകിയതായി അവകാശപ്പെട്ടിട്ടുള്ള കുടിവെള്ളത്തിന്റെ വില അനുവദിച്ചു നൽകിയിട്ടില്ലായെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടികൾക്കു മതിയായ മുന്നൊരുക്കം നടത്താതിരുന്നതിനെ പ്രസ്തുത മറുപടി സാധൂകരിക്കുന്നില്ല. മാത്രമല്ല, ഭക്ഷണത്തോടൊപ്പം കുടിവെള്ളം വിതരണം നടത്തിയതായി തെളിയിക്കുന്ന രേഖപ്പെടുത്തലുകളൊന്നും രജിസ്റ്ററിൽ/രേഖകളിലില്ല. കരാർ വ്യവസ്ഥകൾ പ്രകാരം കുടിവെള്ളം വിതരണം ചെയ്തതിന്റെ രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത കുടിവെള്ളത്തിനായി അധികം ചെലവഴിച്ച 364624 രൂപയുടെ ചെലവു നിരാകരിക്കുന്നു. ഭക്ഷണ വിതരണത്തിന്റെയും രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന്റെയും ചുമതല വഹിച്ചിരുന്ന ശ്രീ.വി.മോഹനൻ, ജെ.എച്ച്.ഐ-യിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

ചെലവുവിവരം

ചെക്കു നമ്പർ / തീയതി തുക

014169 / 28-07-20 രൂ.774570

014186 / 14-08-20 രൂ.561357

014221 / 27-08-20 രൂ.437793

014241 / 09-09-20 രൂ.425325

238450 / 13-10-20 രൂ.375825

350361 / 23-10-20 രൂ.573456

350423 / 11-12-20 രൂ.454839

350493 / 21-01-21 രൂ.645321

(നിരാകരിച്ച തുക-364624/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-ശ്രീ. പി.മോഹനൻ,ജെ.എച്ച്.ഐ. ഗ്രേഡ്2)

## 3-3 കുടിവെള്ള വിതരണം -വാഹന വാടക ഇനത്തിൽ 22400 രൂപയുടെ അധിക ചെലവ്

(ഫയൽ നം :H6-4874/19)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ.) നം.494 / 2020 / ത.സ്വ.ഭ.വ തീ: 27-02-20 പ്രകാരം, കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട് / പ്ലാൻ ഫണ്ട് ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകിയിരുന്നു. ഉത്തരവു പ്രകാരം ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തേണ്ടതും ജി.പി.എസ് ലോഗും, വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പു വരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചെലവു തുക വിനിയോഗിക്കേണ്ടതുമാണ്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07-03-20 ൽ നഗരസഭ ക്വട്ടേഷൻ ക്ഷണിക്കുകയും, കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത ഗീത ആർ, രാധാസദനം, കിഴക്കുംമുറി എന്ന വ്യക്തിയുമായി നെഗോഷ്യേറ്റ് ചെയ്ത് പ്രതിദിനം 5600 രൂപ നിരക്കിൽ KL 27G 7760 എന്ന രജിസ്ട്രേഷൻ നമ്പരിലുള്ള വാഹനത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് 12-03-20 ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തു.

നഗരസഭ സെക്രട്ടറിയുടെ, 12-03-20 ലെ ഉത്തരവു പ്രകാരം കുടിവെള്ള വിതരണം, ലോഗ് ബുക്ക് പരിശോധന, കുടിവെള്ള വിതരണത്തിന്റെ രജിസ്റ്റർ എഴുതി സൂക്ഷിക്കുക, എല്ലാ ദിവസവും റിപ്പോർട്ട് ഹെൽത്ത് സൂപ്പർവൈസർക്കു സമർപ്പിക്കുക എന്നീ ചുമതലകൾ ശ്രീ.പി.മോഹനൻ, JHI II എന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ന്യൂനതകൾ / അധിക ചെലവുകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) 13-03-20 മുതൽ 14-04-20 വരെ എല്ലാ ദിവസങ്ങളിലും കുടിവെള്ള വിതരണം നടത്തിയതിനു പ്രതിദിനം 5600 രൂപ നിരക്കിൽ 33 ദിവസത്തിനു 184800 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബില്ലിനൊപ്പം ഹാജരാക്കിയിട്ടുള്ള GPS ചാർട്ട്, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ, കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും 22-03-20, 31-03-20, 10-04-20 എന്നീ ദിവസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയിട്ടില്ലാത്തതാണ്. 3 ദിവസത്തെ വാഹന വാടക അധികം നൽകി

2) 15-04-20 മുതൽ 15-06-20 വരെ എല്ലാ ദിവസങ്ങളിലും കുടിവെള്ള വിതരണം നടത്തിയതിനു പ്രതിദിനം 5600 രൂപ നിരക്കിൽ 62 ദിവസത്തിനു 341880 രൂപ (ആദായ നികുതി 5320 രൂപ കിഴിച്ച് ) ചെലവഴിച്ചിട്ടുണ്ട്. ബില്ലിനൊപ്പം GPS ചാർട്ട് ഹാജരാക്കിയിട്ടില്ല. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ, കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പ്രകാരം 31-05-20 ൽ കുടിവെള്ള വിതരണം നടത്തിയിട്ടില്ല എന്നു കാണുന്നു. ഒരു ദിവസത്തെ വാഹന വാടക അധികം നൽകി.

3) 12-03-20 ൽ നഗരസഭ സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചല്ല കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ലോഗ് ബുക്കുകൾ പരിശോധിച്ച് പ്രതിദിന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പി.മോഹനൻ, JHI II എന്ന ഉദ്യോഗസ്ഥനാണു കുടിവെള്ള വിതരണത്തിന്റെ ചുമതല ഉണ്ടായിരുന്നത്. എന്നാൽ ഈ ഉത്തരവ് നിലനിൽക്കെ 17-08-20 മുതൽ 06-10-20 വരെ കുടിവെള്ള വിതരണത്തിന്റെ ചുമതല മനോജ് .ഇ.കെ JHI II നിർവ്വഹിച്ചിട്ടുള്ളതായും കാണുന്നു.

മേൽ പരാമർശങ്ങൾക്കു വിശദീകരണം നൽകുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.11/ 05-01-22) മറുപടി ഹാജരാക്കിയിട്ടുണ്ട്. വാഹനം ഓടിയ ദിവസങ്ങളുടെ എണ്ണം നോക്കിയാണ് തുക അനുവദിച്ചിട്ടുള്ളതെന്നും, വാഹനം ഓടാത്ത ദിവസങ്ങളിലെ തുക അനുവദിച്ചിട്ടില്ലായെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്കു ഹാജരാക്കിയ രേഖകൾ അനുസരിച്ച് കുടിവെള്ള വിതരണം നടത്താതിരുന്ന മേൽ പരാമർശിച്ച നാലു ദിവസങ്ങളിലും കരാറുകാരനു തുക അനുവദിച്ചിട്ടുണ്ട്. 17-08-20 മുതൽ 06-10-20 വരെയുള്ള കാലയളവിൽ 17, 18 വാർഡുകളിൽ വെള്ളപ്പൊക്കം ഉണ്ടായതിനാൽ പ്രസ്തുത വാർഡുകളിലെ കോവിഡ് കെയർ സെന്ററുകളുടെ ചുമതല വഹിച്ചിരുന്ന മനോജ് .ഇ.കെ JHI II -യ്ക്കു കുടിവെള്ള വിതരണത്തിന്റെ ചുമതലയും നൽകി എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഓഫീസ് ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിലും, ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചകൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിലും അലംഭാവം ഉണ്ടായിട്ടുണ്ട്. വാഹന വാടക ഇനത്തിൽ അധികം ചെലവഴിച്ച 22400 രൂപ കുടിവെള്ള വിതരണത്തിന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവു വിവരം

ചെക്ക് നം / തീയതി തുക

636783 / 02-06-20- രൂ.184800

014134 / 15-07-20 -രൂ.341880

350469 / 08-01-21 -രൂ.66528
(നിരാകരിച്ച തുക-22400/- രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-ശ്രീ.പി.മോഹനൻ JHI ഗ്രേഡ്-II)

## 3-4 നഗരസഭാ ഫ്രണ്ട് ഓഫീസ് നവീകരണം (പ്രൊജക്ട് നം. SO.191/20-21)- അപാകതകൾ

| | |
|---|---|
| ഫയൽ നം. | E4/13989/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.10,00,000(വികസന ഫണ്ട്) |
| ചെലവ് തുക | രൂ.7,07,000 (പാർട്ട് ബില്ല് ) |
| ബിൽ നം., തീയതി | E4/13989/20/191/PF/20-21/ Dt.30.03.21 |

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO, Alappuzha) മുഖേന നിർവ്വഹിക്കുന്നതിന് ആവിഷ്ക്കരിച്ച പ്രൊജക്ട് പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ നിന്ന് 9,42,666രൂപയുടെ എസ്റ്റിമേറ്റ് 05.10.20-ൽ ലഭ്യമാക്കിയിരുന്നു. ആയതുപ്രകാരം പ്രവൃത്തി ചെയ്തതായി ARTCO-യുടെ അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തിയതിന്റെയും സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നം.446/4.2.21-ന്റെയും അടിസ്ഥാനത്തിൽ 9,42,666രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചതായാണ് കാണിച്ചിട്ടുള്ളത്. സീലിംഗ്, പാനലിംഗ് എന്നിവയിൽ കുറച്ച് അറ്റകുറ്റപ്പണികൾ കൂടി ചെയ്തു തീർക്കാനുണ്ടെന്നും അതിനാൽ 75% തുക നൽകാവുന്നതാണെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 7,07,000രൂപ സ്ഥാപനത്തിന് നൽകി.

ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. താഴെ പറയുന്ന ഇനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന നിരക്കും, ജി.ഓ(ആർ.ടി) 17/2018/SPD/തീ.27.04.18 നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന ARTCO മുഖേന നിർവ്വഹിക്കാവുന്ന ഇനങ്ങൾക്ക് നൽകാവുന്ന നിരക്കും തമ്മിൽ സാരമായ വ്യതിയാനം ഉള്ളതായി കാണുന്നു.

| ഇനം | അനുവദിച്ച അളവ്, നിരക്ക്, തുക | അനുവദിക്കാവുന്ന അളവ്, നിരക്ക്, തുക | അധികം അനുവദിച്ചത് |
|---|---|---|---|
| Item-4- Ceiling With Gypsum Board | 950sq.ft @120/sq.ft= 1,14,000+18%GST= 1,34,520 | 950sq.ft @1060/sq.m (Ie,98/sq.ft)=93100+18%GST= 1,09,858 | 24,662 |
| Item-5- Wall Panelling Teak Wood Plank | 524sq.ft @696/sq.ft= 3,64,704+18%GST= 4,30,351 | 524sq.ft@4433/sq.m (Ie,412/sq.ft)= 2,15,888+18%GST= 2,54,748 | 1,75,603 |
| Total | | | 2,00,265രൂപ |

മേൽപറയും പ്രകാരമുള്ള തുക ഫൈനൽ ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതാണ്.

2. എം.ബുക്കിൽ ARTCO-യുടെ അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ അളവുകൾ പരിശോധിച്ച് കൃത്യമാണോയെന്ന് മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ബില്ലിൽ നിന്നും ഈടാക്കേണ്ടതായ നികുതികൾ, തൊഴിലാളി ക്ഷേമനിധി വിഹിതം മുതലായവ കുറവു വരുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.36/22.04.22) നൽകിയതിന് മറുപടിയായി, സ്ഥാപനത്തിന് അധികമായി നൽകിയ തുക ഫൈനൽ ബില്ല് അനുവദിക്കുമ്പോൾ കുറവു വരുത്തുന്നതാണ് എന്നും, പ്രവൃത്തിയുടെ അളവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതാണെന്നും, റിക്കവറി നടത്താനുള്ള തുകകൾ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു.

പ്രസ്തുത സാഹചര്യത്തിൽ 2,00,265രൂപ നിരാകരിക്കുകയും, ബാക്കിയുള്ള ചെലവു തുക 5,06,735രൂപ

തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.
(നിരാകരിച്ച തുക - 2,00,265രൂപ
തടസ്സപ്പെടുത്തിയ തുക- 5,06,735രൂപ
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.ക്ലമന്റ്.പി, അസി.എഞ്ചിനീയർ)

## 3-5 കറ്റോട് സിമന്റ് ഗോഡൗൺ മുതൽ കറ്റോട് കാരിമല വരെ റോഡ് റീടാറിംഗ്(വാർഡ്-11)- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.461/20-21(SO.581/19-20) |
| ഫയൽ നമ്പർ | E2/19698/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക/പി.എ.സി | രൂ.14,90,000/രൂ.12,79,994 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് വിവരം | രൂ.14,29,348-ബിൽ നം.E2/461/CFC/20-21/തീ.9.11.2020 |
| കരാറുകാരൻ | ശ്രീ.പി.എ.മാത്യു, പാലൂത്തറ, തിരുമൂലപുരം |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സെലക്ഷൻ നോട്ടീസ് പ്രകാരം 31.12.19-നുള്ളിൽ എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 06.01.20-ലാണ് എഗ്രിമെന്റ് വെച്ചത്.(നം.104/19-20). കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല. എഗ്രിമെന്റ് തുകയുടെ 1% ആയ 12800രൂപ പിഴയായി കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. എഗ്രിമെന്റ്, വർക്ക് ഓർഡർ എന്നിവ പ്രകാരം 31.3.20-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 14.5.20-ൽ മാത്രമാണ് പൂർത്തീകരിച്ചത്. കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല. കാലതാമസത്തിന് കാരണം ബോധിപ്പിച്ച് കൊണ്ട് കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തില്ല. പ്രവൃത്തി പൂർത്തീകരിച്ച് വരവേ കോവിഡ് മൂലം ലോക്ക്ഡൗൺ ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും, ഇളവ് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രവൃത്തി പൂർത്തിയാക്കിയെന്നും 27.05.20-ൽ അസി.എഞ്ചിനീയർ ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. കരാറുകാരൻ അപേക്ഷ സമർപ്പിക്കാതെ അസി.എഞ്ചിനീയർ ഈ നിഗമനത്തിൽ എത്തിയതിന്റെ കാരണം വ്യക്തമല്ല. കാരണം, 23.03.20-ൽ മാത്രമാണ് ലോക്ക്ഡൗൺ നിലവിൽ വന്നത്. എഗ്രിമെന്റ്/വർക്ക് ഓർഡർ തീയതിയായ 6.01.20 മുതൽ 23.03.20 വരെ രണ്ടര മാസത്തോളം സമയം ഉണ്ടായിരുന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കാതെ മാർച്ച് അവസാനം വരെ നീട്ടിക്കൊണ്ടു പോയതിനെ ന്യായീകരിക്കാനാവില്ല. പ്രസ്തുത സാഹചര്യത്തിൽ ഫൈൻ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകാമായിരുന്നതും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കേണ്ടതുമായിരുന്നു. ആയതിനാൽ 1% പിഴയായ 12800രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

3. ടി പ്രൊജക്ടിനാവശ്യമായ ബിറ്റുമിൻ കരാറുകാരന് സപ്ലൈ ചെയ്യുന്നതിനുള്ള കത്ത് (ഇന്റന്റ്) 29.01.20-ലാണ് BPCL, Kochi-യ്ക്ക് നൽകിയത്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ BPCL-ൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ കാഷ് ഇൻവോയ്സ് ഹാജരാക്കാതെ കരാറുകാരന് ടാറിന്റെ അധികവിലയായി 18498രൂപ ചുവടെ പറയും പ്രകാരം അനുവദിച്ചു.

| ഇനം | ഇൻവോയ്സ് പ്രകാരം നിരക്ക് (രൂപ) | എഗ്രിമെന്റ്/എസ്റ്റിമേറ്റ് പ്രകാരം നിരക്ക് | വ്യത്യാസം | പ്രവൃത്തിയിൽ ഉപയോഗിച്ച അളവ് | അധിക വില അനുവദിച്ചത് |
|---|---|---|---|---|---|
| SS1 | 58.02 | 55.19 | 2.83 | 1160.25kg | 3283.51 |
| RS1 | 36.27 | 35.10 | 1.17 | 375.38kg | 439.19 |
| VG30 | 39.25 | 34.12 | 5.13 | 2880.15kg | 14775.17 |

| | | | | | |
|---|---|---|---|---|---|
| (Packed) | | | | | |
| ആകെ | | | | | 18497.87രൂപ |

10.03.20-ൽ സിഡ്കോയിൽ നിന്നും വാങ്ങിയ ബിറ്റുമിന്റെ ബില്ലും(VG30-14 Barrel, SS1- 11 Barrel, RS1- 5 Barrel) 8.12.2018-ൽ BPCL-ൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ ഒരു ബില്ലുമാണ് ഹാജരാക്കിയിരിക്കുന്നത്. 8.12.2018-ലെ ബില്ലിന്റെ അടിസ്ഥാനത്തിൽ VG30-യുടെ അധികവിലയും സിഡ്കോയുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ SS1, RS1- എന്നിവയുടെ അധികവിലയും അനുവദിച്ചിരിക്കുന്നു. ആയത് തെറ്റായ നടപടിയാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.24/07.04.22) നൽകിയതിന് മറുപടിയായി, എഗ്രിമെന്റ് വെയ്ക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള ഫൈൻ 12800രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കത്ത് നൽകി എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാഞ്ഞതിനുള്ള ഫൈൻ, ബിറ്റുമിന്റെ ബില്ല് എന്നീ വിഷയങ്ങൾക്ക് മറുപടി നൽകിയില്ല. യഥാസമയം കരാർ വയ്ക്കാത്തതിനാലും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട ഫൈൻ 25600 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ആധികാരികമായ രേഖകൾ ഹാജരാക്കാതെ നടത്തിയ 18498 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

(നിരാകരിച്ച തുക-18498 രൂപ,
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.രാജൻ.ജി, അസി.എഞ്ചിനീയർ)

## 3-6 പനയപ്പള്ളി റോഡ് ടാറിംഗ്-അധീക നിരക്ക് നൽകിയതുമൂലം നഷ്ടം

| | |
|---|---|
| പ്രൊജക്റ്റ് നം. | SO. 196/20-21 |
| ഫയൽ നം. | E3/2072/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.1,20,000 (മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവ് തുക | രൂ.1,20,000 |
| ബിൽ നം., തീയതി | E3/196/MGR/20-21/ Dt.05.03.21- രൂ.1,20,000 |
| കരാറുകാരൻ | റെജി വർഗീസ്, വാഴക്കുന്നേൽ, തെങ്ങേലി |

ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 16.10.20-ലെ സെലക്ഷൻ നോട്ടീസ് പ്രകാരം 31.10.20-നകം എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. എന്നാൽ 05.11.20-നാണ് എഗ്രിമെന്റ് വെച്ചത്. കാലതാമസം വരുത്തിയതിനാൽ 1% പിഴ ഈടാക്കി എഗ്രിമെന്റ് വെയ്ക്കാമെന്ന് ഫയൽ നോട്ട് എഴുതിയിട്ടുണ്ട്. എന്നാൽ പിഴ (1200രൂപ) ഈടാക്കിയില്ല.

2. ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ ടാറിന്റെ അധിക നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടതും പ്രസ്തുത പ്രവൃത്തിയ്ക്കായി ഉപയോഗിച്ചതുമായ RS1 -ന്റെ അളവ് 76.05കി.ഗ്രാം ആണ്. എന്നാൽ 338കി.ഗ്രാം RS1 -ന്റെ അധിക നിരക്ക് നൽകി.(ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക്- 38.33രൂപ, ടാർ ബില്ല് പ്രകാരമുള്ള നിരക്ക്- 43.04രൂപ)

| അനുവദിക്കാവുന്ന തുക | അനുവദിച്ചത് | അധിക തുക |
|---|---|---|
| 43.04-38.33= 4.71രൂപX76.05= 358.20 | 43.04-38.33= 4.71രൂപX338= 1591.98 | 1233.78രൂപ |

തുകകൾ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.35/20.04.22) നൽകിയതിന് മറുപടിയായി, ഫൈനും ടാറിന്റെ അധിക നിരക്കും ഈടാക്കുന്നതിനായി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. നഷ്ടത്തുക ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. അധികനിരക്ക് നൽകിയ തുക1234/- നിരാകരിക്കുന്നു.

(നിരാകരിച്ച തുക- 1234രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ- ശ്രീ.ക്ലമന്റ്.പി, അസി.എഞ്ചിനീയർ)

## 3-7 അനുവദനീയമായ അളവിനെക്കാൾ കൂടുതൽ നെൽവിത്ത് നൽകി-4065.6രൂപ നിരാകരിക്കുന്നു

| പ്രോജക്ട് നം. പേര് | ഫണ്ട് ഇനം , അടങ്കൽ തുക | ട്രഷറി ബിൽ വിശദാംശങ്ങൾ | ആകെ ചെലവ് തുക |
|---|---|---|---|
| 260/20-21 നെൽകൃഷി വികസനം (സ്പിൽ ഓവർ) | വികസന ഫണ്ട് , പൊതുവിഭാഗം 1250540 | 1) 1/20-21 24.04.20 480000 | 1250540 രൂപ |
| | | 2)2/2020-21 24.04.2020 140540 | |
| | | 3)4/2020-21 21.05.2020 630000 | |

അഗ്രികൾക്കൾച്ചർ ഫീൽഡ് ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ നെൽകൃഷി വികസനത്തിനായുള്ള ആനുകൂല്യത്തിനുള്ള അപേക്ഷകളിൽ കൃഷിഭൂമിയുടെ അളവനുസരിച്ച് നൽകാവുന്ന വിത്തിന്റെ അളവ് സംബന്ധിച്ച് കൃഷി ഫീൽഡ് അസിസ്റ്റന്റിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൃഷി ഫീൽഡ് ഓഫീസർ തുകയും നെൽവിത്തിന്റെ അളവും പാസ് ആക്കിയിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന കർഷകർക്ക് അനുവദനീയമായതിനെക്കാൾ കൂടുതൽ നെൽവിത്ത് നൽകിയിട്ടുണ്ട്.

| അപേക്ഷകന്റെ പേര് | പാസ്സ് ആക്കിയഅളവ് (കി.ഗ്രാം) | നൽകിയ നെൽവിത്ത് (കി.ഗ്രാം) | അധികരിച്ച നൽകിയത് (കി.ഗ്രാം) | അധികരിച്ച നൽകിയ നെൽവിത്തിന്റെ വില (42/kg) |
|---|---|---|---|---|
| ശാന്തമ്മ ആനന്ദൻ ഐക്കരപറമ്പിൽ , തിരുമൂലപുരം | 192 | 200 | 8 | 336 |
| പൊന്നമ്മ നാരായണൻ പുളിക്കത്തറഹൗസ്, ഇരുവെള്ളിപ്ര | 177.2 | 200 | 22.8 | 957.6 |
| രമണി സദാനന്ദൻ , പൂവത്തുംപറമ്പിൽ , തിരുമൂലപുരം | 68 | 100 | 32 | 1344 |
| എ.എസ്.വേണുഗോപാലൻ പിള്ള ഐക്കരപറമ്പിൽ , ഇരുവെള്ളിപ്ര | 190 | 200 | 10 | 420 |
| ജനാർദ്ദനൻ പിള്ള പൂർണിമ , തിരുമൂലപുരം | 54 | 78 | 24 | 1008 |
| | | | | 4065.6 |

മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-38/20-21/23.4.22) ടിയാളുകൾക്ക് കൃഷി ചെയ്യുന്ന എന്ന് ബോധ്യപ്പെട്ട അളവ് കൃഷി ഭൂമിയ്ക്ക് ആനുപാതികമായാണ് വിത്ത് നൽകിയതെന്നും , പാസ്സാക്കിയ തുക്കം കുറഞ്ഞത് രേഖപ്പെടുത്തലുകൾ വരുത്തിയതിൽ സംഭവിച്ച അപാകതയാണെന്നും വിശദീകരിച്ചു. എന്നാൽ ടിയാളുകൾ കൂടുതൽ കൃഷിഭൂമിയ്ൽ കൃഷിചെയ്തു എന്ന രേഖകൾ പൂർണ്ണമായി ഹാജരാക്കാത്ത സാഹചര്യത്തിൽ ഹാജരാക്കിയ കൃഷി ഭൂമിയ്ക്കാനുപാതികമായല്ലാതെ നൽകിയ നെൽവിത്തിന്റെ തുക 4065.6രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ-

പരിശോധനാ ഉദ്യോഗസ്ഥന്റെ ശിപാർശയും പാസ്സ് ഓർഡറും രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നെൽവിത്ത് കൈപ്പറ്റിയിരിക്കുന്നത് പാടശേഖരസമിതി ഭാരവാഹികൾ ആണ്. ആനുകൂല്യം കർഷകർക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്താനുള്ള രേഖകൾ (കൈപ്പറ്റ് രസീത്) ലഭ്യമാക്കിയിട്ടില്ല.

3) അപേക്ഷകർക്ക് നൽകിയ കൂലിച്ചെലവ് സബ്സിഡി, നെൽവിത്ത്, കൃഷി ഭൂമിയുടെ അളവ് എന്നിവയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ

ഓരോ കർഷകരും എത്രത്തോളം ഭൂമിയിൽ കൃഷിചെയ്തിട്ടുണ്ട് എന്നുള്ളത് സംബന്ധിച്ച് കൃഷി ഓഫീസറുടെ സാക്ഷ്യപത്രമോ , സ്റ്റേറ്റ്മെന്റോ ഹാജരാക്കിയിട്ടില്ല. ചിലർക്ക് കരം ഒടുക്കിയ രേഖകളിലെ വിസ്തീർണം മുഴുവൻ കൃഷിഭൂമിയായി കണക്കാക്കിആനുകൂല്യം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കൂലിച്ചെലവ് ഒരു ഏക്കറിന് 2000 വും നെൽവിത്ത് ഒരു ഏക്കറിന് 40 കിലോ നിരക്കിലുമാണ് അനുവദനീയം. എന്നാൽ മേൽ പരിധിയിൽ അധികരിച്ച് കൂലിചെലവ്, വിത്ത് ഇവ വിതരണം ചെയ്തതു വഴി അധികചെലവുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | കൃഷി ഭൂമിയുടെ അളവ് (കരം ഒടുക്ക് രസീത് പ്രകാരം)- ഏക്കർ | അനുവദനീയമായ വിഹിതം | | നൽകിയ | | അധികം നൽകിയ | | അധികം നൽകിയ സബ്സിഡി |
|---|---|---|---|---|---|---|---|---|
| | | കൂലി | നെൽവിത്ത് | കൂലി | നെൽവിത്ത് | കൂലി | നെൽവിത്ത് (Kg) , (ആയതിന്റെ മൂല്യം ) | |
| പി.കെ.ലാലൻ പൂത്തിരിക്കാട്ട് മലയിൽ ഹൗസ് മഞ്ഞാടി | 1.08 | 2160 | 43.2 | 5080 | 200 | 2920 | 156.8 (6585.6) | 9506 |
| സദാനന്ദൻ.പി.എൻ പൂവത്തുംപറമ്പിൽ ,തിരുമൂലപുരം | 1.75 | 3500 | 70 | 3400 | 100 | - (100 കുറവ്) | 30 (1260) | 1260 |
| മെർലിൻ എബ്രഹാം തഴാംപള്ളത്ത് ഹൗസ്, മഞ്ഞാടി | 2.5 | 5000 | 100 | 6600 | 132 | 1600 | 32 (1344) | 2944 |
| റിജോ മാത്യു തഴാംപള്ളത്ത് ഹൗസ്, മഞ്ഞാടി | 3 | 6000 | 120 | 6000 | 200 | - | 80 (3360) | 3360 |
| ശിവാനന്ദൻ ചാങ്ങവിള | കരം ഒടുക്കിയ | - | - | 7500 | 160 | 7500 | 160 (6720) | 14220 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തെക്കേതിൽ കുട്ടംപേരൂർ | ' രസീതില്ല. | | | | | | | | |
| ആകെ | | | | | | | | | 31290 |

മേൽ വിഷയംചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-38/20-21/23.4.22) ടിയാളുകൾ ഹാജരാക്കിയ കരം ഒടുക്ക് രസീതിലുള്ളതിനെക്കാൾ കൂടുതൽ ഭൂമിയിൽ കൃഷി ചെയ്തതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. എന്നാൽ കൃഷിഭൂമിയുടെ വിവരങ്ങൾ/രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ 31290 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

(നിരാകരിച്ച തുക-4065/-രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥ-ശ്രീമതി.സുഗതകുമാരി, അഗ്രികൾച്ചർഫീൽഡ് ഓഫീസർ)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 13.08.2021 മുതൽ 25.08.2021 വരെ | കെ.എസ്.എ-റ്റി.എൽ.എം. റ്റി/2/177/2022 തീയതി 30.06.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| *നിർവ്വഹണ ഏജൻസി* | *പ്രവൃത്തിയുടെ പേര്* | *ബിൽ നം./തീയതി* | *മുൻകൂർ നൽകിയ തുക* | *ചെലവഴിച്ച തുക* | *ചെലവഴിക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 87/21 കുറ്റപ്പുഴ തോട്ടിൽ പെട്ടിയും പറയും സ്ഥിതി ചെയ്യുന്നിടത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക വാർഡ് 8 | E3/87/PF/20-21 /01.12.20 | 412300 | 0 | 412300 |
| കെ.എസ്.ഇ.ബി | 194/21വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | E2/194 /CFC/20-21/ 16.06.20 | 30795 | 0 | 30795 |
| | | E2/194 /CFC/20-21/ Dt.15.03.21 | 458444 | 0 | 458444 |

| | | | | | |
|---|---|---|---|---|---|
| | | E2/194 /CFC/20-21/ 18.03.21 | 9061 | 0 | 9061 |
| കെ.എസ്.ഇ.ബി,തിരുവല്ല | 1 വാർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത്ഫണ്ട് ചെക്ക് നം.587063/9.3.21 | 12880 | 0 | 12880 |
| കെ.എസ്.ഇ.ബി,മണിപ്പുഴ | 34ാം വാർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത്ഫണ്ട് ചെക്ക് നം.587064/9.3.21 | 6698 | 0 | 6698 |
| കേരള വാട്ടർ അതോറിറ്റി | 195/21 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | E2/195 /CFC/20-21/ 24.03.21 | 4,03,000 | 0 | 4,03,000 |
| | | E2/195 /CFC/20-21/ 30.03.21 | 3,60,000 | 0 | 3,60,000 |
| പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ | 371/21 തിരുവല്ല താലൂക്ക് ആശുപത്രിയിൽ വൈദ്യുതീകരണം (ബ്ലഡ് ബാങ്ക് മറ്റ് ഇലക്ട്രിക്കൽ വർക്കുകൾ) | E2/371 /CFC/20-21/ 19.05.20 | 744854 | 0 | 744854 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട ഏജൻസികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 1,24,00,000 രൂപ വരവുണ്ട്.(LIFE- KURDFC). ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 06217-03-192-74 IDSMT (Central Share) | ലഭ്യമല്ല | 60,00,000 | 48,00,000 | ഇല്ല | 48,00,000 |
| IDSMT(State Share) | ,, | 20,08,000 | 18,07,200 | ,, | 18,07,200 |
| IDSMT | ,, | 19,92,000 | 15,93,600 | ,, | 15,93,600 |
| 6217-03-192-47 | ,, | 3,65,000 | 3,65,000 | ,, | 3,65,000 |

| | | | | | |
|---|---|---|---|---|---|
| IDSMT | | | | | |
| IDSMT | ,, | 87,500 | 36,666 | ,, | 36,666 |
| ELUS | ,, | 17,500 | 9,447 | ,, | 9,447 |
| ELUS | ,, | 29,00,000 | 29,00,000 | ,, | 29,00,000 |
| 6217-60-192-95 Slum Clearance | ,, | 2,50,000 | 25,000 | ,, | 25,000 |
| IDSMT | ,, | 3,00,000 | 30,000 | ,, | 30,000 |
| KURDFC(Hudco) ലൈഫ് പദ്ധതി | ,, | | 2,46,00,000 | 32,80,000 | 2,13,20,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 147098331 |
| തൻവർഷം നിക്ഷേപിച്ച തുക | 58224543 |
| ആകെ | 199322874 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 43083869 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 156239005 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | സിൻഡിക്കേറ്റ് ബാങ്ക്, തിരുവല്ല | 39629409 |
| 2 | ഐ.സി.ഐ.സി.ഐ. ബാങ്ക്, തിരുവല്ല | 32405487 |
| 3 | സിൻഡിക്കേറ്റ് ബാങ്ക്, തിരുവല്ല | 11136800 |
| 4 | എസ്.ബി.ഐ. എം.ജി.എം. ബ്രാഞ്ച് | 11353996 |
| 5 | എസ്.ബി.ഐ. എം.ജി.എം. ബ്രാഞ്ച് | 11574944 |
| 6 | ഫെഡറൽ ബാങ്ക്, തിരുവല്ല | 10000000 |
| 7 | സൗത്ത് ഇന്ത്യൻ ബാങ്ക്, തിരുവല്ല | 15000000 |

| | | |
|---|---|---|
| 8 | എസ്.ബി.ഐ. എം.ജി.എം. ബ്രാഞ്ച് | 18083869 |
| 9 | എസ്.ബി.ഐ. എം.ജി.എം. ബ്രാഞ്ച് | 5000000 |
| 10 | കേരളാ അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ(ഷെയർ) | 54000 |
| 11 | കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ,കൊല്ലം(ഷെയർ ഇൻവെസ്റ്റ്മെന്റ്) | 500 |
| 12 | ക്ലീൻകേരളാ കമ്പനിലിമിറ്റഡ്, തിരുവനന്തപുരം | 2000000 |
| | ആകെ | 156239005 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3492 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| *റിപ്പോർട്ട് വർഷം* | *ഭാഗം/ ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രസീത് നമ്പർ/തീയതി* |
|---|---|---|---|---|
| 2018-19 | 1-46 | 3492 | വിജയകുമാർ പി, കരാറുകാരൻ | 120010104900/02.02.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1997-98 | 23 | 1999-00 | V-5(എ) | സ്വകാര്യ വ്യക്തിക്ക് നഷ്ട പരിഹാരം നൽകിയത് | തുക ഈടാക്കി |
| ,, | 15 | ,, | V-5(ബി) | രാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- അപാകതകൾ | തീർപ്പാക്കിയിട്ടില്ല |
| 2001-02 | 2-3 | 2005-06 | അദ്ധ്യായം-3 9(1) | വൈദ്യുതി ശ്മശാനം: 35 ലക്ഷം പാഴായി | തീർപ്പാക്കിയിട്ടില്ല |
| 2001-02 | 2-20 | 2005-06 | അദ്ധ്യായം-3 9(2) | കുളിക്കടവും അപ്രോച്ച് റോഡും നിർമ്മാണത്തിൽ നഷ്ടം | തീർപ്പാക്കിയിട്ടില്ല |
| 2007-08 | അനുബന്ധം-2 | 2011-12 | ഖണ്ഡിക 2-3 | നികുതി കുടിശ്ശിക സംബന്ധിച്ച പട്ടികയിലെ രണ്ടാം ഇനം | നികുതി കുടിശ്ശിക തുടർ വർഷങ്ങളിൽ ഈടാക്കിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട് |
| ,, | ,, | ,, | ഖണ്ഡിക 2-9 ക്രമ നം.3 | കണ്ടിജൻസി പെൻഷൻ ഫണ്ട് രൂപീകരണം സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | നാളിതുവരെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല |
| 2010-11 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2010-11 | ,, | ഖണ്ഡിക നം. 3-1-12 | പെട്ടിയും പറയും ഉപയോഗശൂന്യമായത് സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല |
| ,, | ,, | ,, | ഖണ്ഡിക നം. 3-2-12 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടലംഘനം | തീർപ്പാക്കിയിട്ടില്ല |
| ,, | ,, | ,, | ഖണ്ഡിക നം. 3-3-6 | അംഗൻവാടികൾ അടിസ്ഥാന സൗകര്യങ്ങൾ അവലോകനം | തീർപ്പാക്കിയിട്ടില്ല |
| ,, | ,, | ,, | അനുബന്ധം-3 | കൃഷിഭവനുകളുടെ ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സൗകര്യങ്ങൾ ഇല്ല |
| ,, | ,, | ,, | അനുബന്ധം-11 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | കൂടുതൽ അംഗന വാടികൾക്ക് സ്ഥലവും സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| 2012-13 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2012-13 | 2012-13 | 3.1.5 (1) | മാലിന്യങ്ങളുടെ അളവ് സംബന്ധിച്ച പട്ടികയിലെ ഒന്നാം ഇനം (പഠനം/വിവരശേഖരണം നഗരസഭ നടത്തിയിട്ടില്ല) | മാലിന്യം സംസ്ക- രിക്കുന്നതിനായി ഫലപ്രദമായ നട- പടികൾ സ്വീകരി ച്ചുവരുന്നു |
| ,, | ,, | ,, | 3.1.5 (1) | നഗരസഭയിലെ ഖരമാലിന്യ സംവിധാനങ്ങൾ സംബന്ധിച്ച പട്ടികയിലെ | ,, |

| | | | | | |
|---|---|---|---|---|---|
| | | | | ഒന്നാം ഇനം | |
| ,, | ,, | ,, | 3.1.5 (6) | മാലിന്യ ശേഖരണ കാര്യക്ഷമത സംബന്ധിച്ച പട്ടികയിലെ ആറാം ഇനം | ,, |
| ,, | ,, | ,, | 3.1.5 (8ബി) | ഉപഖണ്ഡിക 8(ബി) - അശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണം 3.1.5(8ബി) | ,, |
| ,, | ,, | ,, | 3.1.5 (11) | ഖണ്ഡിക 11 ഉപഖണ്ഡിക – മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് അനുവദിച്ച തുകകൾ നിഷ്ക്രിയം - സംബന്ധിച്ച പട്ടിക | ,, |
| ,, | ,, | ,, | 3.1.5 (11) | നഗരസഭ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണാർത്ഥം ലഭിച്ച തുകകൾ നിഷ്ക്രിയമായി കിടക്കുന്നത് സംബന്ധിച്ച പട്ടികയിലെ മൂന്നാം ഇനം | ,, |
| ,, | ,, | ,, | 3.3.6 (9) | ഖണ്ഡിക 9 – ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വിശദാംശങ്ങൾ സംബന്ധിച്ച പട്ടികയിലെ രണ്ടാം ഇനം | മാനേജ്മെന്റ് കമ്മിറ്റികളുടെ ഓഡിറ്റ് പൂർത്തീകരിച്ചു |
| 2013-14 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2013-14 | 2013-14 | 5.1.5 (6) | ജലസ്രോതസ്സുകളുടെ കൈയ്യേറ്റം തടയാൻ കാര്യക്ഷമമായ നടപടികളില്ല - സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല |
| ,, | ,, | | 5.1.5(17) | തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് വാട്ടർ അതോറിറ്റി ക്രമരഹിതമായി തുക ഈടാക്കുന്നത് സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല |
| ,, | ,, | | 5.2.6 | ഖണ്ഡിക 6 – സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം അനുബന്ധ സൗകര്യം അപര്യാപ്തത സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല |
| 2013-14 | വിഷയാധിഷ്ഠിത അവലോക നം-നിഷ്ക്രിയ ആസ്തി (1) | 2014-15 | 4.1.4 | ബയോ ഗ്യാസ് പ്ലാന്റ് ഉപകരണങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ | ബയോഗ്യാസ് പ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. |
| ,, | ,, | ,, | 4.1.15 | കുട്ടികളുടെ പാർക്ക് കാട്ടു പിടിച്ച നിലയിൽ | നിലവിൽ കുട്ടികളുടെ പാർക്ക് നവീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| ,, | ,, | ,, | 4.1.15 | ഡംപർ പ്ലേസർ ഉപയോഗിക്കാതെ പ്രവർത്തന രഹിതം- 9.85 ലക്ഷത്തിന്റെ നിഷ്ക്രിയ ആസ്തി | ഡംപർ പ്ലേസർ വാഹനം ഇപ്പോഴും ഉപയോഗശൂന്യമായി കിടക്കുന്നു |
| 2014-15 | പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക-2 | 2014-15 | 5.7.5 | നഗരതദ്ദേശഭരണ സ്ഥാപനങ്ങൾ മൃഗ സംരക്ഷ മേഖലയെ അവഗണിക്കുന്നു | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ,, | ,, ഖണ്ഡിക-4 | ,, | 5.7.6 | മുട്ടക്കോഴി വിതരണം ഫലപ്രാപ്തിയിലെത്തിയില്ല | നടപടികൾ സ്വീകരിച്ചു വരുന്നു. |
| ,, | ,, ഖണ്ഡിക-2 | ,, | 5.7.7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരിമിതം (ട്രീവീസിന്റെ അഭാവം) | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ,, | ,, ഖണ്ഡിക-2 | ,, | 5.7.7 | താലൂക്ക് വെറ്റിനറി റഫറൽ ആശുപത്രിയിൽ ഓപ്പറേഷൻ തീയറ്ററില്ല, ഉപകരണങ്ങൾ ഉപയോഗ ശൂന്യം | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ,, | ,, | ,, | അനുബന്ധം 5-2 | വെറ്റിനറി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2016-17 | 2-1 | 2017-18 | 1-3 (1) | തിരുവല്ല കെ.എസ്.ആർ. ടി.സി. ബസ് ടർമിനൽ വസ്തു നികുതി പിഴ ഉൾപ്പെടെ ലഭിക്കാനുള്ളത് 2.62 കോടി രൂപ | തുക ഈടാക്കിയിട്ടുണ്ട് |
| ,, | 2-4 | ,, | 1-3(2) | മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല. ലക്ഷങ്ങളുടെ നികുതി നഷ്ടം | കുടിശ്ശിക പിരിച്ചെടുത്തുവരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. |
| ,, | 3-15 | ,, | 1-3(3) | സെൻട്രൽ പെൻഷൻ ഫണ്ട്- നഗരസഭയ്ക്ക് ലഭിക്കാനുള്ളത് 7.57 കോടി രൂപ | ലഭിക്കാനുള്ള തുകയിൽ 1.25 കോടി രൂപ 08.03.2018-ൽ ലഭിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 548350043 |

| | |
|---|---|
| (മുന്നിരിപ്പ് ഉൾപ്പെടെ) | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44,31,56,420/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 8,40,618/-(702763+ 137855) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,09,09,390/- |

ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-22&3-1 | | 91677 | ശ്രീ. സജികുമാർ.വി, സെക്രട്ടറി |
| 1-24&3-2 | | 364624 | ശ്രീ.പി.മോഹനൻ, ജെ.എച്ച്.ഐ ഗ്രേഡ്2 |
| 1-25&3-3 | | 22400 | ശ്രീ.പി.മോഹനൻ, ജെ.എച്ച്.ഐ ഗ്രേഡ്2 |
| 1-30&3-4 | | 200265 | ശ്രീ.ക്ലമന്റ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-35&3-5 | | 18498 | ശ്രീ.രാജൻ ജി, അസി.എഞ്ചിനീയർ |
| 1-47&3-6 | | 1234 | ശ്രീ.ക്ലമന്റ്,അസി.എഞ്ചിനീയർ |
| 1-54&3-7 | | 4065 | ശ്രീമതി.സുഗതകുമാരി , അഗ്രിക്കൾച്ചർ ഫീൽഡ്ഓഫീസർ |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-23 | 82500 | ശ്രീ.സജികുമാർ.വി,സെക്രട്ടറി |
| 1-28 | 100000 | ശ്രീ.സജികുമാർ.വി,സെക്രട്ടറി |
| 1-30 | 506735 | ശ്രീ.ക്ലമന്റ്,അസി.എഞ്ചിനീയർ |
| 1-31 | 970000 | ശ്രീമതി. ബിന്ദുവേലായുധൻ, അസി.എക്സി.എഞ്ചിനീയർ |
| 1-32 | 1900000 | ശ്രീമതി. ബിന്ദുവേലായുധൻ, അസി.എക്സി.എഞ്ചിനീയർ |
| 1-36 | 830000 | ശ്രീ.രാജൻ ജി, അസി.എഞ്ചിനീയർ |
| 1-41 | 763000 | ശ്രീ.ക്ലമന്റ്,അസി.എഞ്ചിനീയർ |
| 1-42 | 471008 | ശ്രീ.ക്ലമന്റ്,അസി.എഞ്ചിനീയർ |
| 1-43 | 1157154 | ശ്രീ.ക്ലമന്റ്, അസി.എഞ്ചിനീയർ |
| 1-48 | 1520961 | ശ്രീമതി. ബിന്ദുവേലായുധൻ, അസി.എക്സി.എഞ്ചിനീയർ |
| 1-54(1)<br>1-54(3) | 1056000<br>31190 | ശ്രീമതി.സുഗതകുമാരി , അഗ്രിക്കൾച്ചർ ഫീൽഡ്ഓഫീസർ |
| 1-54-1 | 593740 | ശ്രീമതി.സുഗതകുമാരി , അഗ്രിക്കൾച്ചർ ഫീൽഡ്ഓഫീസർ |

| | | |
|---|---|---|
| 1-55 | 927102 | ശ്രീ.ജയകൃഷ്ണൻ.ആർ,<br>പട്ടികജാതിവികസന ഓഫീസർ |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-31 | 30000 | ശ്രീമതി. ബിന്ദുവേലായുധൻ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-32 | 100000 | ശ്രീമതി. ബിന്ദുവേലായുധൻ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-33 | 1158 | ശ്രീ.രാജൻ ജി, അസി.എഞ്ചിനീയർ |
| 1-38 | 6697 | ശ്രീ.ക്ലമന്റ്, അസി.എഞ്ചിനീയർ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സജികുമാർ.വി,<br>സെക്രട്ടറി | അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ | തബി.എസ്.ഭവൻ,വെളികോട്, ഊരൂട്ടമ്പലം(പി.ഒ) മലയിൻകീഴ്, തിരുവനന്തപുരം |
| ശ്രീ.പി.മോഹനൻ,<br>ജെ.എച്ച്.ഐ ഗ്രേഡ്2 | ജെ.എച്ച്.ഐ തിരുവല്ല നഗരസഭ | അശ്വിൻ നിവാസ്, വിളയോടി(പി.ഒ),ചിറ്റൂർ, പാലക്കാട് |
| ശ്രീ.ക്ലമന്റ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, തിരുവല്ല നഗരസഭ | കുഴിവിളപുത്തൻവീട്, മരിയാപുരം(പി.ഒ), തിരുവനന്തപുരം |
| ശ്രീമതി. ബിന്ദുവേലായുധൻ,<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, തിരുവല്ല നഗരസഭ | പ്രസാദം,കവിയൂർ(പി.ഒ), തിരുവല്ല |
| ശ്രീ.രാജൻ ജി,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊല്ലം കോർപ്പറേഷൻ | തൊടിയിൽവീട്,പേരൂർ, കരിക്കോട്(പി.ഒ), കൊല്ലം |
| ശ്രീമതി.സുഗതകുമാരി,<br>അഗ്രിക്കൾച്ചർ ഫീൽഡ്ഓഫീസർ | വിരമിച്ചു | മയൂരി, നെടുമൺകാവ്.പി.ഒ, പത്തനംതിട്ട-689693 |
| ശ്രീ.ജയകൃഷ്ണൻ.ആർ,<br>പട്ടികജാതിവികസന ഓഫീസർ | പട്ടികജാതിവികസന ഓഫീസർ, തിരുവല്ല | മയൂരം, വാക്കനാട് (പി.ഒ),കൊല്ലം-691509 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *റിപ്പോർട്ട് നമ്പർ* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ* |
|---|---|---|

| | | |
|---|---|---|
| 1997-98 (ജനകീയാ സൂത്രണം) | എൽ.എഫ്.പിറ്റിഎ/പി4/661/98/07.04.1999 | 25 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/83/05/14.6.05 /30.11.2005 | 27 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/585/05/30.10.05 /8.2.2006 | 34 |
| 2001-02 | എൽ.എഫ്.പിറ്റിഎ/പി2/222/07/ 02.02.2008 | 16 |
| 2000-01 | എൽ.എഫ്.പിറ്റിഎ/പി2/221/07/2.2.08 /31.03.2008 | 18 |
| 2002-03 | എൽ.എഫ്.പിറ്റിഎ/പി2/880/06/24.12.2007 /29.02.2008 | 55 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി2/709/08/31.12.2009 | 36 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി2/53/09/5.10.2009 | 51 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി2/54/09/5.10.2009 | 25 |
| 2006-07 | എൽ.എഫ്.തിരുവല്ല.എം1/44/11/7.5.2011 | 48 |
| 2007-08 | എൽ.എഫ്.തിരുവല്ല.എം1/222/11/19.12.2011 | 43 |
| 2008-09 | എൽ.എഫ്.തിരുവല്ല.എം1/155/12/28.5.2012 /24.8.2012 | 50 |
| 2009-10 | എൽ.എഫ്.തിരുവല്ല.എം1/182/12/19.11.2012 /29.12.2012 | 50 |
| 2010-11 | എൽ.എഫ്.തിരുവല്ല.എം1/335/12/11.4.2013 /24.8.2012 | 43 |
| 2011-12 | എൽ.എഫ്.തിരുവല്ല.എം1/191/13/3.12.2013 /22.2.2014 | 46 |
| 2012-13 | എൽ.എഫ്.തിരുവല്ല.എം1/72/14/29.5.2014 /8.8.2014 | 60 |
| 2013-14 | കെ.എസ്.എ.റ്റി.എൽ.എം.റ്റി1/53/15/30.7.2015 /16.9.2015 | 47 |
| 2014-15 | കെ.എസ്.എ.റ്റി.എൽ.എം.റ്റി1/272/ 16/ 30.07.2016 | 33 |
| 2015-16 | കെ.എസ്.എ.റ്റി.എൽ.എം.റ്റി1/15 /17/ 31.01.2017 | 32 |
| 2016-17 | കെ.എസ്.എ.റ്റി.എൽ.എം.റ്റി2/269/17/ 15.11.2017 | 22 |
| 2017-18 | കെ.എസ്.എ.റ്റി.എൽ.എം.റ്റി2/338/18/ 30.05.2020 | 26 |
| 2018-19 | കെ.എസ്.എ.റ്റി.എൽ.എം.റ്റി2/55/2020/ 07.07.2020 | 66 |
| 2019-20 | കെ.എസ്.എ.റ്റി.എൽ.എം.റ്റി2/245/2021/ 15.12.2021 | 68 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തിരുവല്ല
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തിരുവല്ല
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്